"ഈശ്വരൻ എപ്പോഴും നമ്മുടെ ആശയുടെ ഏകവിഷയമായിരുന്നെങ്കിൽ, നമ്മുടെ അഭിപ്രായങ്ങൾക്ക എതിരുണ്ടാകുന്നതുകൊണ്ടു് നാം അത്ര എളുപ്പത്തിൽ വിഷമിപ്പിക്കപ്പെടുമായിരുന്നില്ല. എന്നാൽ നമ്മെ അഭ്യാകർഷിക്കുന്ന ഏതോ ഒന്നു പലപ്പോഴും നമ്മുടെ ഉള്ളിൽ ഒളിഞ്ഞുകിടക്കുകയോ പുറമെനിന്നുണ്ടാവുകയോ ചെയ്യുന്നു. അധികംപേരും തങ്ങളുടെ പ്രവൃത്തികളിൽ ഗൂഢമായി സ്വാർത്ഥത തേടുന്നു; പക്ഷെ അവർ അതേപ്പററി അറിയുന്നില്ല."

—ക്രിസ്തുാനുകരണം

# സത്യദീപം

"വിരുന്നിനു സമയമായപ്പോൾ, എല്ലാം സജ്ജമായതിനാൽ ക്ഷണിക്കപ്പെട്ടിരുന്ന ആതിഥികളോടു വരുവാൻ പറയാനായി അവൻ തന്റെ ഭൃത്യന്മാരിൽ ഒരുവനെ അയച്ചു. എന്നാൽ അവർ എല്ലാവരും ഒരുപോലെ ഒഴികഴിവു പറയാൻതുടങ്ങി...... ആ ഭൃത്യൻ തിരിച്ചുവന്നു ഈ വിവരം യജമാനനോടു പറഞ്ഞു. ആതിഥേയൻ കോപിഷ്ഠനായി തന്റെ ഭൃത്യനോടാജ്ഞാപിച്ചു: നീ വേഗം തെരുവുകളിൽപോയി ദരിദ്രരേയും, അംഗവിഹീനരേയും, കുരുടരേയും, മുടന്തരേയും വിളിച്ചുകൊണ്ടുവരുക."

—ലൂക്കാ X: IV: 17—21

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ജൂൺ 19—ബുധനാഴ്ച | Vol. 30, No. 43


# നമ്മുടെ സ്കൂളുകൾക്കെതിരായ ഭീഷണി

## ന്യൂലീഡർ പത്രത്തിന്റെ മുഖപ്രസംഗം

കേരളത്തിലെ കത്തോലിക്കാ മെത്രാപ്പോലീത്താമാർ നാലുപേരും മെത്രാന്മാർ പതിമൂന്നുപേരും ജൂൺ ഒന്നാംതീയതി എറണാകുളത്തു കോൺഫറൻസുകൂടി ഇപ്പോഴത്തെ കമ്മ്യൂണിസ്റ്റ്ഗവമ്മേണ്ടു് നിർദ്ദേശിച്ചിരിക്കുന്ന ചില വിദ്യാഭ്യാസ നയവ്യതിയാനങ്ങളെപ്പററിയുള്ള അവരുടെ കഠിനമായ പ്രതിഷേധം രേഖപ്പെടുത്തിയിരിക്കുന്നു. വിദ്യാഭ്യാസരീതിയിൽ വരുത്തുന്നതായ വ്യത്യാസങ്ങൾ "മൗലികങ്ങളും, ജീവൽപ്രധാനങ്ങളും, ദീർഘകാലഫലദായകങ്ങളു"മാണെന്നാണു് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു്. ഈ കോൺഫറൻസ് വിളിച്ചുകൂട്ടപ്പെട്ടതു് ഒരു വിദ്യാഭ്യാസപരിഷ്ക്കാരത്തെപ്പററി പരിചിന്തിക്കുവാനായിരുന്നില്ല, പ്രത്യുത സ്റ്റേററിൽകത്തോലിക്കാ വിദ്യാലയങ്ങളുടെ ആസ്തിക്യത്തെത്തന്നെയും ബാധിക്കുന്ന ഒരു ഭീഷണിയെപ്പററി ആലോചിക്കുവാനായിരുന്നു. വിദ്യാഭ്യാസഘടനയിൽ സംഗതമായ എല്ലാ പരിഷ്ക്കാരങ്ങളേയും സ്വാഗതം ചെയ്യുന്നതാണെന്നു 17 വൈദികാദ്ധ്യക്ഷന്മാരും പ്രഖ്യാപിച്ചിട്ടുള്ളതാണു്. (തോട്ടങ്ങളുടെ ദേശീകരണത്തോടൊപ്പം) ഉടനെതന്നെ പ്രൈമറിവിദ്യാലയങ്ങൾ ദേശവത്ക്കരിക്കുന്നതാണു് എന്നു് പുതിയ കേരളമന്ത്രിസഭ പ്രസ്താവിച്ചിട്ടുണ്ടു്. ഈ രണ്ടു നടപടികളും വളരെ ചുരുങ്ങിയ ചെലവിലായിരിക്കും നിർവ്വഹിക്കപ്പെടുക; കാരണം, ന്യായവും നീതിയുമായ പ്രതിഫലം ഉടമകൾക്കു കൊടുക്കുക എന്നുള്ളതു് കമ്മ്യൂണിസ്റ്റ്തത്വമീമാംസയിൽ പെടുന്നതല്ല. പ്രാഥമിക വിദ്യാലയങ്ങൾ ഗവമ്മേണ്ടു ഏറെറടുക്കണമെന്നുള്ള അഭിപ്രായഗതി പലപ്പോഴും പൊന്തിവരാറുണ്ടു്. (ആന്ധ്ര പ്രദേശിലേയും സിലോണിലേയും ഗവമ്മേണ്ടുകൾ ഈയിടെ ഈ അഭിപ്രായം പ്രകടമാക്കുകയുണ്ടായി) എന്നാൽ പരിഷ്ക്കാരമെന്നു വിളിക്കപ്പെടുന്ന ഈ നടപടി ഇന്ത്യയിൽ ആദ്യമായി നടപ്പാക്കിയെന്ന ഖ്യാതി കേരളാഗവമ്മേണ്ടിനു ലഭിക്കണമെന്നാണു് ഉദ്ദേശ്യമെന്നു തോന്നുന്നു.

### സ്വേച്ഛാധിപത്യരീതി

ജനങ്ങളുടെ ശരീരങ്ങളെ അടിമത്തസ്ഥിതിയിലേക്കു കൊണ്ടുവരുന്നതിനുമുമ്പായി മനസ്സിനെ അതിനു വിധേയപ്പെടുത്തുവാൻ എല്ലാ സ്വേച്ഛാധിപത്യഭരണകൂടങ്ങളും ഈ നടപടിയാണു് ആദ്യമായി സ്വീകരിച്ചിട്ടുള്ളതു്. കത്തോലിക്കാ കുട്ടികളുടെ വിദ്യാഭ്യാസത്തിനു് കത്തോലിക്കാ സ്കൂളുകൾ നടത്തുന്നതിനുള്ള കത്തോലിക്കാസഭയുടെ അവകാശത്തെ അംഗീകരിച്ചിരുന്ന വത്തിക്കാനുമായുള്ള കോൺകൊർദാത്തുടമ്പടികൾ ലംഘിച്ചുകൊണ്ടാണു് ഹിററ്ലറും മുസ്സോലിനിയും ഈ നടപടിക്കു തയാറായതു്. തന്മൂലം ജമ്മനിയിലും ഇററലിയിലും സ്കൂളുകൾക്കുവേണ്ടി സഭ സുദീർഘവും ക്ലേശഭൂയിഷ്ഠവുമായ ഒരു സമരം നടത്തേണ്ടിവന്നു. ഈ രണ്ടു രാജ്യങ്ങളിലും ഭരണകൂടങ്ങളുടെ തിരോഭാവത്തോടുകൂടി മാത്രമേ സഭയുടെ അന്തിമമായ വിജയം കരഗതമായുള്ളൂ.




വിദ്യാർത്ഥിലോകത്തിന്റെ ഈ ദാരുണാനുഭവം നാം ക്ഷണിച്ചുവരുത്തണമോ?

ഏതു രാജ്യത്തും കത്തോലിക്കാ വിദ്യാലയങ്ങളെക്കുറിച്ചുള്ള പ്രശ്നം അതിപ്രധാനമായ ഒരു വിഷയമായിരുന്നിട്ടുണ്ടു്. മാതാപിതാക്കന്മാർക്കു അവരുടെ മക്കൾക്കു് അവരാവശ്യപ്പെടുന്ന രീതിയിലുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള അവകാശത്തെ സംരക്ഷിക്കുന്നതിൽ തിരുസഭ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കാത്ത നിലപാടാണു് എന്നും സ്വീകരിച്ചിട്ടുള്ളതു്. വിദ്യാഭ്യാസാവകാശങ്ങൾക്കുവേണ്ടിയുള്ള ഈ സമരത്തിൽ വ്യക്തിസ്വാതന്ത്ര്യത്തെ മാനിക്കുന്ന ഏതൊരു പൗരനും കത്തോലിക്കാസഭ വിജയാപജയങ്ങളുടെ മദ്ധ്യേ അചഞ്ചലമായി പടപൊരുതുന്ന ഈ തത്വത്തിന്റെ സംരക്ഷണത്തിനുവേണ്ടി നിലകൊള്ളുമെന്നുള്ളതിൽ ഞങ്ങൾക്കു സംശയമില്ല.

അവസരസമത്വം എല്ലാവർക്കും പ്രദാനം ചെയ്യുന്നതിനു സ്റ്റേററു ഉദ്ദേശിക്കുന്ന വിദ്യാഭ്യാസം പ്രധാനമായും സെക്കുലർ വിദ്യാഭ്യാസമാണു്; ലോകത്തിൽ പുരോഗമിക്കുന്നതിനും, പൗരപരമായ കത്തവ്യങ്ങൾ നിറവേററുന്നതിനും, കഴിവുകളേയും വാസനകളേയും ഉപയോഗപ്പെടുത്തുന്നതിനും ഒരു കുട്ടിക്കു സഹായകരമാകത്തക്കവിണ്ണം ശരീരത്തിന്റേയും മനസ്സിന്റേയും സംസ്കാരമാണു് അതു ലക്ഷ്യമാക്കുന്നതു്. കേരളത്തിലെ മെത്രാന്മാർ "ജീവിതത്തിലെ മൂലതത്വങ്ങളും അഭേദ്യമൂല്യങ്ങളു"മെന്നു വ്യവഹരിക്കുന്ന വിദ്യാഭ്യാസത്തിന്റെ ധാർമ്മികമായ അടിസ്ഥാനത്തെ സ്റ്റേററിനു അവഗണിക്കുവാൻ സാധിക്കുകയില്ല. വിദ്യാഭ്യാസത്തിന്റെ സാക്ഷാത്തായ ലക്ഷ്യം പ്രഥമമായും പ്രധാനമായും ധാർമ്മികവും മതപരവുമാണു്; മതേതരമായവ രണ്ടാമതു മാത്രമേ വരുന്നുള്ളൂ. എന്തുകൊണ്ടെന്നാൽ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ പോഷിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഇച്ഛാശക്തിയെ വികസിപ്പിക്കുകയും നന്മചെയ്യുന്നതിനു പരിശീലിപ്പിക്കുകയും ചെയ്യാത്ത വിദ്യാഭ്യാസം പണ്ഡിതന്മാരെ സൃഷ്ടിച്ചേക്കാം, എന്നാൽ നല്ലവരും ഉപകാരമുള്ളവരുമായ മനുഷ്യരെ രൂപവത്ക്കരിക്കാൻ അതിനു സാധിക്കുകയില്ല.

### കുടുംബം

വ്യക്തികളും കുടുംബങ്ങളും ചേന്നതാണു സമുദായം. സ്റ്റേററിന്റെ അധികാരം എത്രമേൽ അവയുടെമേൽ ആരോപിക്കപ്പെട്ടാലും വേണ്ടതില്ല, അവ സംസ്കാരസമ്പന്നമായ ഒരു സമുദായത്തിന്റെ അടിസ്ഥാനമായിത്തന്നെ നിലകൊള്ളുന്നതാണു്. ഒരു സമുദായം അതിന്റെ മാനുഷികമായ അനുഭവങ്ങളുടെ വൈവിദ്ധ്യത്തിന്റേയും നേട്ടങ്ങളുടേയും പരിപൂർണ്ണമായ വികസനത്തിൽ എത്തിച്ചേരണമെങ്കിൽ അവയുടെ സ്വാതന്ത്ര്യം അനുപേക്ഷണീയമാണു്. ഏകാധിപത്യഗവമ്മേണ്ടുകൾപോലും വളരെ ചുരുക്കമായിട്ടുമാത്രമേ, മാതാപിതാക്കന്മാർക്കു അവരുടെ കുഞ്ഞുങ്ങളെ അവരഭിലഷിക്കുന്ന വിധത്തിൽ വിദ്യ അഭ്യസിപ്പിക്കുന്നതിനുള്ള അവകാശം നിഷേധിച്ചിട്ടുള്ളൂ; പക്ഷെ അവരുടെ സന്താനങ്ങൾ ഈ ലോകത്തിലേക്കാനീതരായതിലുള്ള പരമലക്ഷ്യത്തെ പ്രാപിക്കുന്നതിനുത്തമമെന്നു അവർക്കു ബോദ്ധ്യമുള്ള—ധാർമ്മികവും, മതപരവും, ബുദ്ധിപരവുമായ— വിദ്യാഭ്യാസരീതിയെ തിരിഞ്ഞെടുക്കുന്നതിനുള്ള അവകാശം ആ ഗവമ്മേണ്ടുകളെല്ലാം ഒരേവിധത്തിൽ അനുവദിച്ചുകാണുന്നില്ല.

വിദ്യാഭ്യാസം, മാതാപിതാക്കന്മാരുടെ പ്രാതിനിധ്യം വഹിക്കുന്ന സഭയ്ക്കും രാഷ്ട്രത്തിനും പൊതുവായ താല്പയ്യവും വ്യഗ്രതയും ഉള്ള വിഷയമാണെന്നു എല്ലാവരും സമ്മതിക്കും. അതുകൊണ്ടു് ഈ രണ്ടു കക്ഷികളും തമ്മിൽ നീതിപൂർവ്വകവും തൃപ്തികരവുമായ ഒരൊത്തുതീർപ്പിൽ മാത്രമേ ഈ പ്രശ്നത്തിന്റെ സമാധാനം കണ്ടുപിടിക്കുവാൻ സാധിക്കൂ. സ്റ്റേററിന്റെ സ്വേച്ഛാപരമായ ആധിപത്യത്തിൽനിന്നു വ്യക്തികളുടേയും സമുദായത്തിന്റേയും സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനു കത്തോലിക്കാസഭ പ്രദശിപ്പിച്ചുപോരുന്ന ചിരന്തനമായ ശ്രദ്ധയ്ക്കു് പ്രകടമായ തെളിവാണു് കത്തോലിക്കാ വിദ്യാലയങ്ങൾക്കുവേണ്ടി ഇന്നോളവും ഇടവിടാതെ സഭ നടത്തിയിട്ടുള്ള പ്രക്ഷോഭണങ്ങളുടെ ചരിത്രം.

### വിനാശഫലങ്ങൾ

ഇന്നു പല രാജ്യങ്ങളിലും, നമ്മുടെ ഈ രാജ്യത്തിൽതന്നെയും നിലവിലിരിക്കുന്ന വെറും സെക്കുലർ വിദ്യാഭ്യാസത്തിന്റെ വിനാശഫലങ്ങൾ നമ്മുടെ കൺമുമ്പിൽ നാം കണ്ടുകൊണ്ടിരിക്കുകയാണു്. വിവിധ വിഭാഗങ്ങൾ തമ്മിൽ ക്രുദ്ധമൂലമായി നിലനിന്നുപോരുന്ന അസ്വാസ്ഥതകളും അവിശ്വാസമനസ്ഥിതിയും; നിലവിലുള്ള ക്രമത്തെ തുടച്ചുമാററുന്നതിനു ഭീഷണി മുഴക്കുന്ന ധാർമ്മികമായ കുഴപ്പങ്ങൾ; സാവ്വദേശീയമായ അസ്വാസ്ഥതയ്ക്കു നിദാനമായി നിലകൊള്ളുന്ന ദേശീയമായ അവിശ്വാസവും വൈരാഗ്യമനസ്ഥിതിയും; മാനവവംശം ഈ നൂററാണ്ടിന്റെ അവസാനം കാണുമോ എന്നുപോലും സംശയിക്കത്തക്കവിധത്തിൽ മഹച്ഛക്തികൾക്കിടയിൽ നടന്നുകൊണ്ടിരിക്കുന്ന അണുബോംബു പരീക്ഷണമത്സരങ്ങൾ മുതലായവ അവയിൽ ചിലതുമാത്രമാണു്. "ഇൻഡ്യയുടെ അഭിവൃദ്ധിമാർഗ്ഗത്തിൽ പ്രധാന വിലങ്ങുതടിയായി നില്ക്കുന്നതു് വേണ്ടത്ര സത്യസന്ധതയുടേയും കഠിനപ്രയത്നത്തിനുള്ള

(ശേഷം 3-ാംപേജിൽ)

ആത്മകഥാകഥനം

# കത്തോലിക്കാസഭയിൽ ഒരു കൊല്ലം

(വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ, കിഴക്കമ്പലം)

1956 ജൂൺമാസത്തിലാണ് ഈ ബലഹീനനായ മനുഷ്യന്, ദൈവം ഭൂലോകത്തിൽ ഒരു സങ്കേതനഗരം കാണിച്ചുതന്നതു്. അതു ദൈവം പണിതു് പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന ഏകമായ സത്യസഭയാണ്. അതിന്റെ മാഹാത്മ്യം ഞാൻ പുറത്തുനിന്നു കണ്ടതിനേക്കാൾ അധികമായി ഗ്രഹിച്ചതു് അകത്തുവന്ന ശേഷമാണ്. ഇത്ര വലിയ ആദ്ധ്യാത്മികഭണ്ഡാഗാരം ദൈവം ലോകത്തിൽ സ്ഥാപിച്ചിട്ടും അനേകരും തങ്ങളുടെ സ്വന്തമാർഗ്ഗത്തിൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഠിനയത്നം ചെയ്യുവരുന്നല്ലോ എന്ന സഹതാപം എനിക്കുണ്ട്. പ്രോട്ടസ്റ്റൻറു സഭയിലേക്കുണ്ടായിരുന്ന എന്റെ ചായ്‌വ് ദൈവം എന്നിൽനിന്നു മാററിയതു് ഒരത്ഭുതസംഭവമെന്നേ പറയേണ്ടു. എന്റെ വായനകൾ എന്നെ പ്രോട്ടസ്റ്റൻറിസത്തിലേക്ക് നയിച്ചുകൊണ്ടിരുന്നെങ്കിലും ദൈവത്തിന്റെ അനന്തമായ കൃപ എന്നെ കത്തോലിസിസത്തിന്റെ സുരക്ഷിതദുർഗ്ഗത്തിലേക്ക് വലിച്ചിട്ടു. യാക്കോബായസഭയിലെ എന്റെ പൂർവ്വ സ്നേഹിതന്മാർ ക്ഷുഭിതരായി. പലരും പുസ്തകങ്ങൾവഴിയായും ലേഖനങ്ങൾവഴിയായും എന്നെ താറുതേച്ചു. കത്തോലിക്കാസഭപോലും നികൃഷ്ടമായ ഒന്നാണെന്നു് കാണിപ്പാൻ അവർ വെമ്പൽകൊണ്ടു. "ഉപ്പുംവിററു നടക്കുന്നവന് കർപ്പൂരത്തിനു് വിലയറിയാമോ?" എന്ന ആപ്തവാക്യം ആണ് മന്ദസ്മിതം ചെയ്തിരുന്ന എന്റെ ആത്മാവു് ആ കോപാവേശിതരെപ്പററി മന്ത്രിച്ചുകൊണ്ടിരുന്നതു്. എന്നോടുള്ള കോപത്തേക്കാൾ അവരുടെ സമുദായത്തിൽനിന്നും ആളുകൾ പിരിയാതെയിരിപ്പാനുള്ള പ്രയത്നങ്ങളായിരിക്കാം അവർ നടത്തുന്നതു്. അവർ ദൈവം പണിയുന്ന സഭയെ മറിച്ചിടുവാൻ ചെയ്യുന്ന ശ്രമംകണ്ടു് "സ്വർഗ്ഗത്തിലിരിക്കുന്നവർ ചിരിക്കുന്നതേയുള്ളൂ."

പത്രോസിന്റെ പരമാധികാരത്തെപ്പററി റവ. ഫാദർ പ്ലാസിഡ് എഴുതിയ "തിരുസഭയും മാർപ്പാപ്പായും" എന്ന പുസ്തകം അവർ വായിച്ചുനോക്കട്ടെ. റവ. ഫാദർ പ്ലാസിഡും വെരി റവ. മോൺ. തോമസ് വടക്കേരിയും എഴുതിയിട്ടുള്ള മലയാളപുസ്തകങ്ങളിൽതന്നെ യാക്കോബായക്കാരുടെ പ്രധാനവാദങ്ങളെല്ലാം ഖണ്ഡിച്ചിട്ടുണ്ടു്.

എന്നാൽ പലരും സത്യം അറിയാത്തതുകൊണ്ടല്ല, സാമൂഹ്യബന്ധങ്ങൾകൊണ്ടും സ്ഥാപിതതാല്പര്യങ്ങൾകൊണ്ടുമാണ് കത്തോലിക്കാസഭയിലേക്ക് വരാത്തതെന്നു് അവരോടു് സംസാരിച്ചപ്പോൾ എനിക്കു മനസ്സിലായി. എന്റെ നാട്ടിലെ ഒരു യാക്കോബായക്കാരൻ മോൺ: വടക്കേരി അവർകളുടെ പുസ്തകം വായിച്ചിട്ടു് മറുപടി കൊടുക്കുവാൻ പ്രയാസം കണ്ടപ്പോൾ "ആ അച്ചൻ മരിച്ചെങ്കിൽ!" എന്നാണ് പറഞ്ഞതു്. റവ. ഫാദർ എം. വി. ജോർജ്ജ് എം. എ., ബി. ഡി., എസ്. ററി. എം. എന്ന ഓർത്തഡോക്സ് പട്ടക്കാരൻ എനിക്കെതിരായി എഴുതിയ പുസ്തകത്തിനു് സത്യസഭാകാഹളം മറുപടി കൊടുത്തതായി കണ്ടു. ബ. മോശസലാമറമ്പാൻ എഴുതിയ പുസ്തകത്തിനു് ഒരു പുസ്തകംതന്നെ മറുപടിയായി മറെറാരാൾ എഴുതിവരുന്നുണ്ടു്.

സത്യസഭ ഒന്നേയുള്ളു. വിശുദ്ധന്മാരേയും ശുദ്ധിമതികളേയും ധാരാളം പുഷ്പിച്ചുകൊണ്ടിരിക്കുന്ന സത്യസഭയെ ആ വിശുദ്ധഗണത്തിന്റെ പൂപ്രകാശംകൊണ്ടാണ് ഞാൻ വേഗത്തിൽ തിരിച്ചറിഞ്ഞതു്. അവർ കർത്താവിനെ കണ്ടെത്തിയ മാർഗ്ഗം എനിക്കും പാറുന്നതല്ലാതെ വരുമോ?

ഞാൻ കത്തോലിക്കനായതു് പണത്തിനാണെന്നു് ഒരു പാച്ചിൽ ചിലരുടെ ഇടയിലുണ്ടു്. അതിനൊന്നും മറുപടി പറയുവാൻ തക്ക നിലയിലേക്ക് താഴണമെന്ന ചിന്തയേ എനിക്കില്ല. കള്ളൻ മോഷ്ടിക്കാത്തതും പുഴുവും തുരുമ്പും കെടുത്തുകളയാത്തതുമായ ഒരു മഹാസമ്പത്തിന്റെ അവകാശിയായി ഞാൻ തീർന്നു എന്നുള്ളതു പരമാർത്ഥമാണ്.

ഞാൻ യാക്കോബായസഭയിലായിരുന്നപ്പോൾ സഭയെ അതിന്റെ മക്കൾ ചുമന്നുകൊണ്ടു നടക്കണമല്ലോ എന്നു് തോന്നിയിരുന്നു. ഇപ്പോൾ സത്യേകസഭയിലെ ജീവിതം മറെറാരനുഭവം വരുത്തിയിട്ടുണ്ടു്. സഭയാകുന്ന മാതാവു് തന്റെ മക്കളെ ചുമന്നുകൊണ്ടു നടക്കുന്നു എന്നു്.

ശീശ്മസഭകൾ എത്ര യത്നിച്ചാലും ഏകവിശ്വാസവും ഏകസന്മാർഗ്ഗവും സത്യത്തിന്റെ ഏകാധിപത്യത്തിൻകീഴിൽ ആഗോളവ്യാപകമാക്കിത്തീർക്കുവാൻ സാധിക്കുകയില്ലെന്നു് ഇരുപതു നൂററാണ്ടുകളുടെ സഭാചരിത്രം നമ്മെ ചൂണ്ടിക്കാണിക്കുന്നു. സർവ്വശക്തന്റെ കൈ കത്തോലിക്കാസഭയെ വളർത്തുന്നതിൽ പ്രവർത്തിച്ചിരുന്നുവെന്നു് സഭയുടെ ചരിത്രം നോക്കിയാൽ അറിയാം. ഇന്നും കർത്താവിന്റെ കൈ അതിനെ നയിക്കുന്നു.

അബ്രാഹം ദൈവവിളി അനുസരിച്ചിട്ടു് ദുഃഖിക്കേണ്ടിവന്നുവെങ്കിലേ എനിക്കു് ദുഃഖം ഉണ്ടാകേണ്ടതുള്ളു. ശൗൽ ദൈവവിളി കേട്ടതിനാൽ സ്വജാതിക്കാരുടെ വെറുപ്പിനു് പാത്രമായിയെങ്കിലും അദ്ദേഹം അതിൽ ദുഃഖിച്ചില്ല. അദ്ദേഹം ദുഃഖിച്ചുവെങ്കിൽ മാത്രമേ എനിക്കും ദുഃഖം ഉണ്ടാകേണ്ട ആവശ്യമുള്ളു.

കത്തോലിക്കാസഭയ്ക്കു ഓരോ കാലത്തും ഉണ്ടായ അപകടഘട്ടത്തിൽനിന്നും അതിനെ കുറേക്കൂടെ വലുതായ മഹത്വത്തിലേക്കു കൊണ്ടുവരുന്നതിനു ദൈവം ആ സഭയിൽനിന്നുതന്നെ ആളുകളെ എഴുന്നേല്പിച്ചിരുന്നുവെന്നുള്ളതു് വലിയഒരത്ഭുതംതന്നെയാണ്. അസ്സീസ്സിയിലെ വി. ഫ്രാൻസിസും, വി. ക്ലാരയും, സെൻറു് തോമസ് അക്വിനാസും, സെൻറു് ഇഗ്നേഷ്യസ് ലയോളയും, സെൻറു് വിൻസെൻറു് ഡി പോളും, ദൈവം കത്തോലിക്കാസഭയുടെ ഓരോ വിഷമഘട്ടത്തിൽ എഴുന്നേല്പിച്ച നിസ്തുലദീപങ്ങൾതന്നെയായിരുന്നു. കുരിശിന്റെ വി. യോഹന്നാൻ, ആവിലായിലെ വി. ത്രേസ്യാ ലിസ്യൂവിലെ വി. കൊച്ചുത്രേസ്യാ എന്നിവർ എത്ര ഇമ്പമുള്ള സുഗന്ധമാണ് കത്തോലിക്കാസഭയിൽ വീശുന്നതു്. ഇങ്ങനെയുള്ളവരെ, ഇതരസഭാവിഭാഗങ്ങൾ കത്തോലിക്കാസഭയിൽനിന്നും പിരിഞ്ഞശേഷം ഉളവാക്കിയിട്ടില്ലെന്നുള്ളതു് ലോകത്തിനു് വ്യക്തമായിക്കാണാവുന്ന ഒരു സംഗതിയത്രെ. ഇന്നും ലൂർദ്ദിൽ നടക്കുന്ന അത്ഭുതങ്ങൾ ഒരു സഹൃദയന്റെ കരൾ അലിയിക്കുന്നതാണ്. ഇന്നത്തെ മാർപ്പാപ്പായുടെ ശ്രേഷ്ഠത അകത്തോലിക്കർപോലും സമ്മതിക്കുന്നു.

ഈശോമിശിഹായുടെ തൃക്കരത്തിന്റെ താങ്ങലാൽ കത്തോലിക്കാസഭയ്ക്കു് ഭയംകൂടാതെ ഇനിയും ലോകാവസാനംവരെ മാർച്ചു ചെയ്യുവാനൊക്കുമെന്നു് 1900 കൊല്ലത്തെ അനുഭവമാണ് ധൈര്യം തരുന്നതു്. ശത്രുക്കൾ എത്ര കരുത്തുള്ളവർതന്നെ ആയിക്കൊള്ളട്ടെ, പാതാളവാതിലുകൾ അതിനെ ജയിക്കുകയില്ല. കാരണം, പുനരുത്ഥാനംചെയ്ത സർവ്വശക്തനാണ് അതിനെ പണിയുന്നതു്.

കത്തോലിക്കാ സഭയിലേക്കുള്ള പുനരൈക്യശേഷം എനിക്കു കഠിനനായ ഒരു പൗരന്റെ പന്നിയെ മേയ്ക്കുന്ന അവസ്ഥയിൽനിന്നും സ്വന്തവീട്ടിലേക്കു് വന്നുചേർന്ന ഒരു പ്രതീതിയാണുള്ളതു്. ഇനിയും എന്റെ ദൈവമേ, പന്നികളുടെ തവിടിനു് കൊതിക്കുവാൻതക്ക നിർഭാഗ്യത്തിലേക്കു ഞാൻ വീഴരുതേ. സ്വർഗ്ഗദൂതന്മാരുടെ ആത്മീയഭോജനം ദിനംതോറും ഭക്ഷിക്കുവാൻതക്ക ഒരു സമ്പൽസമൃദ്ധിയുള്ള ഭവനത്തിലേക്കാണ് ഞാൻ വന്നുചേർന്നതു്. അവിടെ എന്റെ മാതാവിന്റെ ആലിംഗനത്തിൽനിന്നും എന്നെ വേർപെടുത്തുവാൻ ഒരു ശക്തിക്കും കഴികയില്ലെന്നു് ഒരു കൊല്ലംകൊണ്ടു് എനിക്കു് ദൃഢമായിരിക്കുന്നു. സംതൃപ്തിക്കു് തള്ളിനീക്കുവാൻ കഴിയാത്ത ഒരു ആശ്ലേഷമാണ് സഭാമാതാവിന്റേതെന്നു് അനുഭവപ്പെടാൻ എനിക്കു് കൃപാവരം കിട്ടി. ഒരു യന്ത്രത്തിന്റെ ചക്രമായിരുന്ന എനിക്കു് ഹൃദയമുള്ള ഒരു ജീവിയുടെ അവയവമായി തീരുവാൻ കഴിഞ്ഞു. പണത്തേക്കാൾ സ്നേഹമുള്ള ഹൃദയമാണ് മനുഷ്യനാവശ്യം. യാക്കോബായസഭയിലെ വായുവിനു് പ്രസരിപ്പിക്കുവാൻ കഴിയാത്ത ഒരു സൗരഭ്യം കത്തോലിക്കാസഭയിൽ ഞാൻ ഘ്രാണിക്കുന്നു. യാക്കോബായസഭയിൽ മതം എനിക്കു് ഒരു ചുമടായിരുന്നുവെങ്കിൽ കത്തോലിക്കാസഭയിൽ മതം എനിക്കു് ഒരു സംഗീതമായി പകർന്നിരിക്കുകയാണ്. കത്തോലിക്കാസഭയിലെ ആദ്ധ്യാത്മികപ്രകാശം എന്റെ ആന്തരികസത്തയെ ജാജ്വലമാക്കിക്കൊണ്ടിരിക്കുന്നു. അതു് ദൈവികപരിപൂർണ്ണതയുടെ സൃഷ്ടിക്കപ്പെടാത്ത വെളിച്ചമായിട്ടാണ് എനിക്കു് തോന്നുന്നതു്. ദൈവത്തേയും ദൈവികകാര്യങ്ങളേയും ആനന്ദത്തോടെ വീക്ഷിക്കുവാൻ കർത്താവിന്റെ ഈ മൗതികശരീരം ഹാ! ഭാഗ്യമേറിയ ഒരു മുഖാന്തരമായിത്തീർന്നിരിക്കുന്നു. കത്തോലിക്കാസഭയിൽ "വിയാസാക്ര" എന്ന ആദ്ധ്യാത്മികപാഠം എന്നെപ്പോലെയുള്ള പാപികൾക്കു് പാപത്തെക്കുറിച്ചുള്ള പശ്ചാത്താപത്തിന്റെ കൊടുമുടിയിലേക്കു എത്തുവാനുള്ള കല്പടകളാണ്. അതിന്റെ അൾത്താരകളിലെ സക്രാരികൾ ഹൃദയമാകുന്ന അൾത്താരയിൽ ഒരു സക്രാരിയെ പണിയുന്നു. കത്തോലിക്കാസഭയിലെ പരിശുദ്ധന്മാരുടെ കുരിശിന്റെ പാഠ സംഗീതമാധുര്യംനി...




# മാതൃകാ കത്തോലിക്കൻ ആയിരിക്കേണ്ടതു് എന്തുകൊണ്ടു്?

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. ഏ.)

മൂന്നു മാസംമുമ്പു് "സത്യദീപ"ത്തിൽ ചേർക്കുന്നതിനു മാതൃകാ കത്തോലിക്കന്റെ ലക്ഷണങ്ങളെ കുറിച്ചു പരാമർശിക്കുന്ന ഒരു ലേഖനം ഞാൻ കൊടുത്തു. അതു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതു പൂർണ്ണമാകണമെങ്കിൽ കുറേ ആശയങ്ങൾകൂടി വായനക്കാരുടെ ദൃഷ്ടിയിൽ കൊണ്ടുവന്നാലേ സാധിക്കയുള്ളൂ എന്നു കരുതിയാണു ഇതിനു ഞാൻ ഉദ്യമിക്കുന്നതു്.

നമ്മിൽ പലരും കത്തോലിക്കരായിരിക്കുന്നതു നമ്മുടെ മാതാപിതാക്കന്മാർ കത്തോലിക്കരായിരിക്കയും അതേസമയം അവർക്കു സജീവവും അചഞ്ചലവുമായ വിശ്വാസമുണ്ടായിരിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. ഇതുമൂലമായിരിക്കാം നമ്മിൽ പലരും മതത്തെ നമ്മുടെ ആത്മീയോൽക്കർഷത്തിനും സഹോദരന്റെ ആത്മരക്ഷയ്ക്കും വേണ്ടി വിനിയോഗിക്കാത്തതു്. കത്തോലിക്കരിൽ ചിലർ തങ്ങളെത്തന്നെ പരിശോധിക്കാൻ സമയം ചെലവഴിച്ചിട്ടില്ല. തങ്ങളിൽ എത്രമാത്രം സജീവവിശ്വാസം സ്ഥിതിചെയ്യുന്നുണ്ടെന്നു അന്വേഷിക്കുന്നുമില്ല. വിദ്യാഭ്യാസകാലത്തു ഏഴോ എട്ടോ കൊല്ലം മതപഠനത്തിനു ചെലവഴിച്ചെങ്കിലും ആ സമയം പലർക്കും ഫലപ്രദമായിത്തീർന്നിട്ടില്ല. പ്രായമായതോടുകൂടി അവർ ലോകകാര്യങ്ങളിൽ ഏർപ്പെട്ടു മതത്തിനു യോജിച്ചവിധം ജീവിച്ചില്ല. അങ്ങനെ അനാശാസ്യമായ ഗണത്തിൽപെട്ട ഒരുതരം കത്തോലിക്കർ സംജാതരാകുന്നു. അവരുടെ സന്താനങ്ങളിൽ ഒരു ഭാഗം അജ്ഞരായ (Ignorant Catholics) കത്തോലിക്കരായിത്തീരുന്നു. അവർ രാഷ്ട്രീയത്തിലും ബിസ്സിനസ്സിലും സമർത്ഥരായിരിക്കാം. എന്നാൽ വിശ്വാസത്തിന്റെയും മതപഠനത്തിന്റെയും തുക്കം അവരിൽ എത്രമാത്രമുണ്ടെന്നു പരിശോധിക്കുമ്പോഴാണ് അവരുടെ കഴമ്പു് മനസ്സിലാകുന്നതു്. അതിന്റെ ഫലമോ, ഒരു പ്രോട്ടസ്റ്റൻറുകാരൻ സഭയെ സംബന്ധിച്ചു അയാളുമായി തർക്കിക്കുമ്പോൾ അയാൾ പരാജയപ്പെടുന്നു. ഇപ്രകാരം അജ്ഞനായ കത്തോലിക്കന്റെ ആത്മരക്ഷപോലും സുനിശ്ചിതമല്ല.

ഇനിയും വേറൊരു കൂട്ടർ യാന്ത്രികകത്തോലിക്കർ (mechanical Catholics) എന്ന ഗണത്തിൽ പെടുന്നു. അവർ വെള്ളിയാഴ്ച മാംസം വർജ്ജിക്കുന്നു, ഞായറാഴ്ചകളിൽ ദിവ്യബലിയിൽ സംബന്ധിക്കുന്നു, ആണ്ടുകുമ്പസാരം നടത്തുന്നു. ഈ പ്രവൃത്തികൾക്കു മുടക്കം വരുത്താത്തതിന്റെ കാരണം മററു കത്തോലിക്കർ അവ ചെയ്യുന്നതുകൊണ്ടാണ്. അവരുടെ പ്രവൃത്തികളിൽ നിന്നും ആത്മീയാഭിവൃദ്ധി മുളയെടുക്കുന്നില്ല. മററുള്ളവർക്കു അവ പ്രചോദനം നൽകുന്നുമില്ല. അവർ വളരെ വിരളമായി പ്രാർത്ഥിക്കുന്നു, ഇടവകധ്യാനത്തിൽ സംബന്ധിക്കുന്നില്ല. ദൈവാലയത്തിലെ സായാഹ്നകർമ്മങ്ങളിൽ പങ്കുകൊള്ളുന്നില്ല. ഇതു മററുള്ളവർക്കു ഉതപ്പിനു ഇടംവരുത്തുന്നു.

ഇനിയും വേറൊരു കൂട്ടർ (timid Catholics) ഭീരുക്കളായ കത്തോലിക്കരുടെ വർഗ്ഗത്തിൽ പെടുന്നു. തങ്ങളെയും കത്തോലിക്കരെ പൊതുവേയും കുറിച്ചു ലോകം എന്തു പറയുമെന്നു വിചാരിച്ചു കഴിയുന്നു ഈ കൂട്ടർ. ചിലപ്പോൾ അകത്തോലിക്കരെപോലും ഞെട്ടിപ്പിക്കുവാൻ തക്ക സംസാരത്തിനു അവർ മുതിരുന്നു. ഉദാഹരണമായി "സഭ ശരിയായി പഠിപ്പിക്കുന്നു, എന്നാൽ ഭൂരിപക്ഷം കത്തോലിക്കരും അവളുടെ അഭിപ്രായത്തോടു ചേരുന്നില്ല." ഇപ്രകാരമുള്ള കത്തോലിക്കർ തങ്ങൾക്കുതന്നെ ...

(ശേഷം 11-ാംപേജിൽ)

...ല്ലാത്ത ആനന്ദമാണ്. ത്യാഗങ്ങൾക്കും കഷ്ടതകൾക്കും ഈ മാതാവു് നൽകുന്ന മാധുര്യം എന്റെ തീർത്ഥയാത്രയിൽ എനിക്കനുഭവപ്പെടുന്ന ആശ്വാസമത്രെ. ദൈവമാകുന്ന സമുദ്രത്തിലേക്കു് എന്റെ വ്യർത്ഥതയാകുന്ന സമുദ്രം കത്തോലിക്കാസഭയാകുന്ന കടലിടുക്കുവഴിയായി യാത്രചെയ്യുന്നു. എന്റെ ഈ സന്തോഷം അടക്കുവാൻ വഹിയാഞ്ഞിട്ടു് ഞാൻ ഈ ലേഖനം എഴുതിപ്പോയതാണ്.

പഴയ എന്റെ ആത്മീയക്കൂട്ടുകാരും ഞാനും ഇപ്പോൾ വേറെ രംഗങ്ങളിലാകയാൽ എന്റെ അനുഭവങ്ങൾ അവർക്കു് സ്വപ്നമായിട്ടേ തോന്നുകയുള്ളൂ. എങ്കിലും അതു് യഥാർത്ഥമായ ഒരു സ്വപ്നം തന്നെയാണ്. ഒരു ശിശുവിനെപ്പോലെ കത്തോലിക്കാസഭയിൽ പാർത്താലുള്ള ആന്തരീയാനന്ദം ആത്മാവിനെ ഈ കണ്ണുനീരിന്റെ താഴ്‌വരയിൽപ്പോലും നൃത്തം ചെയ്യിക്കാതിരിക്കുകയില്ല.

റവ. ഫാദർ എം. വി. ജോർജ്ജ്, ബ. മോശസലാമറമ്പാൻ എന്നിവരും ഞാനും തമ്മിൽ ഇത്ര അകലം വന്നതെങ്ങനെ എന്നു് ഞാൻ എന്റെ അല്പത്വത്തിൽ ചിന്തിച്ചുനോക്കി. അവർ കത്തോലിക്കാസഭയിലെ ചില പാപികളെ നോക്കി രോഷാകുലരാകുമ്പോൾ, ഞാൻ സഭയെ ഏകമായി നോക്കിയും അതിലെ നക്ഷത്രങ്ങളായ വിശുദ്ധന്മാരെക്കണ്ടും സന്തോഷമുള്ള പാട്ടുകൾ പാടുകയാണ്. അവർ അതിലെ ചില അന്ധവിശ്വാസികളെക്കണ്ടും ശത്രുക്കളുടെ അവാസ്തവകഥനങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വിശ്വസിച്ചും കത്തോലിക്കാസഭയെക്കുറിച്ചു് വെറുപ്പുള്ളവരാകുമ്പോൾ, ഞാൻ അതിലെ വിശുദ്ധന്മാരുടെ സ്നേഹത്തിന്റെയും വിശുദ്ധിയുടേയും മടിയിലിരുന്നു് ശിശുവിനെപ്പോലെ കൊഞ്ചിക്കളിക്കുകയാണ്. അവർ അതിൽ ചിലർക്കുണ്ടായ തോൽവികളെ പർവ്വതീകരിച്ചിരിക്കുന്ന പുസ്തകങ്ങൾ വായിച്ചു് ശാപം ഉച്ചരിക്കുമ്പോൾ, ഞാൻ അതിന്റെ 20 നൂററാണ്ടിലെ നേട്ടങ്ങളുടെ ആകെത്തുക കണക്കാക്കുവാനുള്ള പരിശ്രമത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ നിർബന്ധിതനായിത്തീരുകയാണ്. അവർക്കതു് നാശകാരണമായി തോന്നുമ്പോൾ എനിക്കതു് എന്റെ ജീവനെ ഒളിച്ചുവയ്ക്കുവാനുള്ള കർത്താവിന്റെ മൗതികശരീരമായി അനുഭവപ്പെടുന്നു.

## പ്രാർത്ഥന

എന്റെ ദൈവമേ, എന്റെ ശത്രുക്കൾ അറിഞ്ഞും അറിയാതേയും മനുഷ്യസഹജമായ ബലഹീനതകൊണ്ടു് എഴുതിപ്പോകുന്നതും പറഞ്ഞുപോകുന്നതും നിന്റെ മഹാവലിയ കരുണയാൽ മഹാസമുദ്രത്തിൽ വീഴുന്ന ഒരു ചെളിവെള്ളത്തുള്ളിപോലെ മാത്രമായി കരുതേണമെ. മാന്യരായിരിക്കുന്ന അവരും, ബലഹീനനും പാപിയുമായ ഞാനും നിന്റെ രക്ഷാമാർഗ്ഗമായ തിരുസഭയിൽ ഒന്നുചേർന്നു നിത്യാനന്ദം അനുഭവിപ്പാൻ നീ ആഗ്രഹിക്കുന്നുവല്ലോ. നിന്റെ നാമം എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

# ചോദിച്ചാൽ പറയാം

ചോദ്യം:- പൂർവ്വപിതാവായ യാക്കോബിൽനിന്നോ യാക്കോബുശ്ലീഹായിൽനിന്നോ ആണു് യാക്കോബായനാമോല്പത്തി എന്നു് റവ. ഫാദർ കെ. ടി. സഖറിയാസ് പ്രസംഗിക്കാറുണ്ടു്. വാസ്തവസ്ഥിതി എന്തു്?

(ടി. എം. നീരണം)

ഉത്തരം:- യാക്കോബായസഭയ്ക്കു ആ നാമം ലഭിച്ചതു് പൂർവ്വയാക്കോബിൽനിന്നാണെങ്കിൽ ക്രിസ്തീയസഭയുടെ ഉത്ഭവത്തിനും ക്രിസ്തുവിൻെറ മനുഷ്യാവതാരത്തിനും മുമ്പു് യാക്കോബായസഭയുണ്ടായിരുന്നിരിക്കണമല്ലോ. അങ്ങനെയെങ്കിൽ "യാക്കോബായസഭ" പുതിയ നിയമത്തിലെ സഭയല്ലെന്നും ആകയാൽ ക്രിസ്തു സ്ഥാപിച്ചതല്ലെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. അതിനു് യാക്കോബായക്കാർ സന്നദ്ധരല്ലല്ലോ.

ശ്ലീഹന്മാരിൽനിന്നാണു് യാക്കോബായനാമോല്പത്തിയെങ്കിൽ തോമ്മാശ്ലീഹാ സുവിശേഷം പ്രസംഗിച്ച ഇൻഡ്യയിൽ എങ്ങനെ യാക്കോബായക്കാർ ഉണ്ടായി.

യാഥാർത്ഥ്യമറിയുന്നതിനു് ചരിത്രത്തിലേക്കു കടക്കേണ്ടിയിരിക്കുന്നു. അഞ്ചാംനൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിൽ, കുസ്തന്തീനോസ് പട്ടണത്തിലെ ഒരു സന്യാസാശ്രമത്തിൻെറ അധിപനായിരുന്ന എവുത്തിക്കൂസ്, "ക്രിസ്തുവിൻെറ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചു് ഒരു സ്വഭാവമായിത്തീർന്നു" എന്ന അബദ്ധോപദേശം പ്രചരിപ്പിച്ചു. കുസ്തന്തീനോസ് മെത്രാനായിരുന്ന ഫ്ളാവിയൻ എവുത്തിക്കൂസിനെവേണ്ട പോലെ ഉപദേശിച്ചുനോക്കി. എന്നാൽ എവുത്തിക്കൂസ് അതിനെ നിഷേധിക്കയാൽ ഫ്ളാവിയൻമെത്രാൻ ഒരു പ്രാദേശികസൂനഹദോസുമൂലം അദ്ദേഹത്തെ സ്ഥാനഭ്രംശംചെയ്തു. എവുത്തിക്കൂസിൻെറ ദുരുപദേശത്തെ അലക്സാണ്ഡ്റിയായിലെ മാർ ദീയസ്ക്കോറോസ് അനുകൂലിക്കയും അനധികൃതമായി എഫേസൂസിൽ ഒരു സംഘംകൂടി എവുത്തിക്കൂസിനെ നീതീകരിക്കാൻശ്രമിക്കയും ചെയ്തു. ഫ്ളാവിയനെ ദേഹോപദ്രവമേല്പിക്കപോലും ചെയ്തു. ഈ സൂനഹദോസാണു് "എഫേസൂസിലെ തസ്കരസംഘം" എന്നറിയപ്പെടുന്നതു്. ഈ സംഭവംമൂലം അവിടത്തെ ക്രിസ്ത്യാനികളുടെയിടയിലുണ്ടായ അസ്വസ്ഥത നീക്കി സത്യം പ്രചരിപ്പിക്കുവാൻ ലെയോൻമാർപ്പാപ്പായുടെ കല്പനപ്രകാരം എ. ഡി. 451-ൽ കൽക്കദോനിയായിൽ പൊതുസൂനഹദോസുകൂടി ഏകസ്വഭാവവാദികളായ എവുത്തിക്കൂസിനേയും ദീയസ്ക്കോറോസിനേയും മുടക്കി. അങ്ങനെ മുടക്കും ശാപവും വാങ്ങിക്കൊണ്ടു് അവർ അവരുടെ അബദ്ധോപദേശം പ്രചരിപ്പിക്കയും ക്രമേണ ഏകസ്വഭാവവാദികൾ പല അഭിപ്രായക്കാരും വിഭാഗക്കാരുമായി ചിന്നിച്ചിതറുകയുംചെയ്തു.

ഏകസ്വഭാവവാദികളുടെ ഈ അപകടനില കണ്ടുമനസ്സിലാക്കിയ അന്ത്യോക്യാക്കാരൻ യാക്കോബു്ബുർദാന (ബുർദായ) ആറാംനൂററാണ്ടിൽ അവരെ യോജിപ്പിക്കുന്നതിനു ശ്രമിച്ചു. അദ്ദേഹം ചക്രവർത്തിയെ ഭയന്നു് ഒട്ടകജീനി പുതച്ചു് വേഷപ്രച്ഛന്നനായി നടന്നിരുന്നെങ്കിലും ചക്രവർത്തിനിയുടെ സഹായത്താൽ (രഹസ്യത്തിൽ) മെത്രാനായിത്തീർന്നു ഏകസ്വഭാവവാദികളുടെ ഐക്യം ദൃഢതരമാക്കുന്നതിനു് അദ്ദേഹം രണ്ടു പാത്രിയർക്കീസന്മാരേയും 89 മെത്രാന്മാരേയും (27 മെത്രാന്മാരെയെന്നും പറയപ്പെടുന്നുണ്ടു്) വാഴിച്ചു. ഒരുലക്ഷത്തോളംപേർക്കു് വൈദികപട്ടം കൊടുത്തു.

അക്കാലത്തു് വി. പത്രോസിൻെറ അന്ത്യോക്യാസിംഹാസനത്തിൽ വാണിരുന്ന എവുഫ്റാസിയൂസ്, എവുഫ്റേമിയൂസ് മുതലായ പാത്രിയർക്കീസന്മാർ കൽക്കദോന്നിയാസൂനഹദോസിൻെറ (451) നിശ്ചയങ്ങളെ സ്വീകരിച്ചു് റോമിനു കീഴ്പ്പെട്ടിരുന്നവരായിരുന്നതിനാൽ യാക്കോബു്ബുർദായാമെത്രാൻ അന്ത്യോക്യായിൽനിന്നു വളരെ അകലെ സ്ഥിതിചെയ്യുന്ന മട്ടിൻ എന്ന സ്ഥലത്തു് തൻെറ പിൻഗാമികൾക്കായി ഒരു സിംഹാസനം സ്ഥാപിക്കയും അതിനു് "അന്ത്യോക്യാസിംഹാസനം" എന്നു പേരിടുകയും ഫേള്ളാ സ്വദേശിയായ "സർജിയൂസിനെ" "അന്ത്യോക്യാപാത്രിയർക്കീസ്" എന്ന സ്ഥാനപ്പേരിൽ മെത്രാനായി അഭിഷേകം ചെയ്കയുംചെയ്തു. (പത്രോസിൻെറ അന്ത്യോക്യാസിംഹാസനവുമായി യാക്കോബായപാത്രിയർക്കീസിൻെറ അന്ത്യോക്യാസിംഹാസനത്തിനു് യാതൊരു ബന്ധവുമില്ല) അക്കാലംമുതൽ സിറിയായിലും ഈജിപ്തിലും മററുമുണ്ടായിരുന്ന ഏകസ്വഭാവവാദികൾ "യാക്കോബായക്കാർ" എന്നു് സ്വയം സംബോധനചെയ്തുതുടങ്ങി. യാക്കോബായക്കാർ ഇന്നും വി. കുർബാനയിലെ 5-ാം ത്ബെ്ദേനിൽ (മദ്ധ്യസ്ഥപ്രാർത്ഥന) "സത്യവിശ്വാസത്തെ (?) നിലനിർത്തിയ നീതിമാനും പരിശുദ്ധനുമായ ഞങ്ങളുടെ ബാവാ മാർ യാക്കൂബു്ബുർദാനായേയും ഞങ്ങൾ ഓർക്കുന്നു" എന്നു ചൊല്ലിവരുന്നു.

ഇങ്ങനെ ഏകസ്വഭാവവാദികളെ യോജിപ്പിക്കയും യഥാർത്ഥ അന്ത്യോക്യാസിംഹാസനത്തിനെതിരായി മട്ടിനിൽ "അന്ത്യോക്യാസിംഹാസനം" തന്നത്താൻ സ്ഥാപിക്കയുംചെയ്ത യാക്കോബുബുർദാനായിൽനിന്നു് യാക്കോബായക്കാർ എന്ന നാമമുണ്ടായി. ഈ വാസ്തവത്തെ യാക്കോബായക്കാരുടെ പ്രമുഖനേതാക്കന്മാർ തന്നെ സമ്മതിച്ചിരിക്കുന്നതിനെ കാണാതേയൊ കണ്ടതിനെ വിസ്മരിച്ചോ ആയിരിക്കണം ബ: സഖറിയാസച്ചൻ പ്രസംഗിക്കുന്നതു്.

തെളിവിനായി ചില യാക്കോബായരേഖകൾകൂടി ഉദ്ധരിക്കാം:-

പന്ത്രണ്ടാംശതാബ്ദത്തിൽ ജീവിച്ചിരുന്ന ഒരു യാക്കോബായമപ്രിയാനും പ്രസിദ്ധമായ ഹുദായകാനോൻെറ നിർമ്മാതാവുമായ ബാർ എബ്രായ പറഞ്ഞിരിക്കുന്നു യാക്കോബു്ബുർദാനായിൽ നിന്നാണു് യാക്കോബായനാമോല്പത്തിയെന്നു് (Chron: Eccl: i. 218. Syriac)

1465-ാമാണ്ടിനോടടുത്തു് ഒരു യാക്കോബായപട്ടക്കാരൻ സുറിയാനിയിൽ എഴുതിയിട്ടുള്ളതും ഇപ്പോൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ സൂക്ഷിച്ചുവരുന്നതുമായ ഒരു യാക്കോബായപഞ്ചാംഗത്തിൻെറ കൈയെഴുത്തുപ്രതിയിൽ കർക്കടകം 31-ാംനു- യാക്കോബു്ബുർദാനായുടെ തിരുനാൾദിനമാണെന്നു പറഞ്ഞശേഷം ഇപ്രകാരം പ്രസ്താവിക്കുന്നു, "മോർയാക്കൂബു് ബുർദ്ദായോ ദ്മേത്തുലോസേ എശ്ത്താമഹനാൻ യാക്കൂബോയേ" (മാർ യാക്കോബു്ബുർദായ, അദ്ദേഹംനിമിത്തം നാം യാക്കോബായക്കാർ എന്നു വിളിക്കപ്പെട്ടു.) (Codex: Vat: Syr: LXVIII, 12)

മാർബസ്സേലിയോസ് കാതോലിക്കാബാവായുടെ സമുദായക്കേസിലെ മൊഴി: "... ...കൽക്കദോനിയാ സൂനഹദോസിലെ വിശ്വാസനിശ്ചയത്തെ അംഗീകരിച്ചവർ ഒരുകൂട്ടരായും അതിനുമുമ്പുള്ള മൂന്നു സൂനഹദോസുകളിലെ നിശ്ചയങ്ങളെ വിശ്വസിച്ചവർ വേറൊരുകൂട്ടരായും ഇങ്ങനെ രണ്ടു ഭാഗമായിട്ടാണു് കൽക്കദോനിയാ സൂനഹദോസിനുശേഷം ഏകസഭ പിരിഞ്ഞതു്. ആദ്യത്തെ മൂന്നു സൂനഹദോസുകളിലെ നിശ്ചയങ്ങളെമാത്രം അംഗീകരിച്ചവർക്കാണു് പിന്നീടു് അതായതു് യാക്കോബു്ബുർദാനായുടെ കാലംമുതൽ യാക്കോബായക്കാർ എന്നു പേരുകിട്ടിയതു്." (പൗരദ്ധ്വനി, 118 തുലാം 14—സമുദായക്കേസ്)

സമുദായക്കേസിൽ ബാവാകക്ഷിക്കുവേണ്ടി ഹൈക്കോർട്ടിൽ വാദിച്ച മി. ബ്രാഡൽസായ്ക്കു് യാക്കോബായസഭയുടെ ഉത്ഭവത്തെപ്പററി പ്രസ്താവിക്കുന്നതിപ്രകാരമാണു്: "ഏകസ്വഭാവവാദക്കാരെ പീഡിപ്പിച്ചകാലത്തു് (ജസ്റ്റിൻ ചക്രവർത്തിയുടെ കാലം) ചക്രവർത്തിനിയുടെ സഹായംമൂലം യാക്കോബു്ബുർദാനായുടെ പ്രവർത്തനങ്ങൾക്കു സൗകര്യമുണ്ടായി. അദ്ദേഹത്തെ കുസ്തന്തീനോസ്പോലീസിൽവച്ചു് പഴയ സുറിയാനി മെത്രാന്മാർ വാഴിച്ചു. അദ്ദേഹം തിരിച്ചുവന്നു് രണ്ടു പാത്രിയർക്കീസന്മാരേയും അനേകം മെത്രാന്മാരേയും അസംഖ്യം പട്ടക്കാരേയും വാഴിച്ചു. അദ്ദേഹത്തിൽനിന്നാണു് യാക്കോബായസഭ എന്ന പേരു സിദ്ധിച്ചതു്. യാക്കോബായസഭ ഇങ്ങനെ ആറാംനൂററാണ്ടിലാണു് ആദ്യമായി അറിയപ്പെട്ടതു്......ഒന്നാമത്തെ മപ്രിയാനായെ നിയമിച്ചതു് (എ. ഡി. 550-ൽ) ആദ്യമായി യാക്കോബുബുർദാനായാണു്......"കിഡ്"എന്ന ഗ്രന്ഥകാരൻ പറയുന്നതു്, ആകെ അന്ത്യോക്യായിൽ ഏഴു പാത്രിയർക്കീസന്മാരുണ്ടെന്നാണു്. ഇവരിൽ യാക്കോബായപാത്രിയർക്കീസന്മാരുടെ ആസ്ഥാനം മട്ടിൻ പട്ടണമാണു്." (പൗരദ്ധ്വനി 121 ചിങ്ങം 23—സമുദായക്കേസ്)

ഇങ്ങനെ ആറാംനൂററാണ്ടിൽ യാക്കോബു്ബുർദാനായിൽ നിന്നാണു് യാക്കോബായസഭയുണ്ടായതെന്നു നിരവധിരേഖകൾ സാക്ഷിക്കുമ്പോൾ പൂർവ്വയാക്കോബിലേക്കും യാക്കോബുശ്ലീഹായിലേക്കും ബന്ധം അന്വേഷിച്ചുപോകുന്നതു് യുക്തമോ?

—o—

(1-ാംപേജ് തുടർച്ച)

സന്നദ്ധതയുടേയും അഭാവമാണു്" എന്നു ഈയിടെ രാജ്യസഭയിൽ ഒരു വാദപ്രതിവാദമദ്ധ്യേ കേരളത്തിൽനിന്നുള്ള ഒരു മെമ്പർ പച്ചയായി പറഞ്ഞതു വാസ്തവമല്ലേ?

## മൗലികാവകാശം

സ്കൂളുകൾ കുവേണ്ടിയുള്ള കത്തോലിക്കരുടെ സമരം ചില പ്രത്യേക സൗജന്യങ്ങൾ കരസ്ഥമാക്കുന്നതിനുള്ള വർഗ്ഗീയവും ഇടുങ്ങിയമനസ്ഥിതിയോടുകൂടിയതുമായ ഒരു പ്രക്ഷോഭണമല്ല; പ്രത്യുത പൗരാവലിയെ ശാരീരികമായി അടിമത്തത്തിൽ ആഴ്ത്തുന്നതിനുമുമ്പു ബുദ്ധിപരമായി അവരെ അടിപ്പെടുത്തി പരിപൂർണ്ണമേധാവിത്വം ഉറപ്പിക്കുന്നതിനുള്ള സ്റ്റേററിൻെറ സംരംഭത്തോടുള്ള ഗൗരവമായ ഒരു വെല്ലുവിളിയാണതു്. വൈദികാദ്ധ്യക്ഷന്മാർ അവരുടെ പ്രസ്താവനയിൽവ്യക്തമാക്കിയിട്ടുള്ളതുപോലെ, കുട്ടികളെ ഏതു തരത്തിലുള്ള സ്കൂളുകളിലാണു് അയക്കേണ്ടതെന്നു നിശ്ചയിക്കുക, മാതാപിതാക്കന്മാരിൽനിന്നു അപഹരിക്കുവാൻ പാടില്ലാത്ത അവകാശമാണു്. ഇന്ത്യൻകൺസ്റ്റിററ്യൂഷൻെറ 30-ാം ആർട്ടിക്കിൾ അതിനെ വ്യക്തമായി പ്രഖ്യാപിക്കുന്നു:- "1) മതമോ ഭാഷയോ അടിസ്ഥാനമാക്കിയുള്ള എല്ലാ ന്യൂനപക്ഷങ്ങൾക്കും അവർക്കിഷ്ടമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും ഭരണം നടത്തിക്കൊണ്ടുപോകുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണു്. 2) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സ്റ്റേററു സഹായം നൽകുന്ന കാര്യത്തിൽ ഒരു സ്ഥാപനം മതപരമോ ഭാഷാപരമോ ആയ ഒരു ന്യൂനപക്ഷത്തിൻെറ മാനേജുമെൻറിലാണെന്ന കാരണത്താൽ വിവേചനകാണിക്കുവാൻ പാടില്ല."

സ്വാതന്ത്ര്യവും ജനാധിപത്യപരവുമായ തിരിഞ്ഞെടുപ്പുമൂലം അധികാരത്തിൽ വന്നിട്ടുള്ള ലോകത്തിലെ ഏക കമ്മ്യൂണിസ്റ്റു് ഭരണക്കൂടമാണു് തങ്ങളെന്നഭിമാനിക്കുന്ന കേരളത്തിലെ ജനകീയമന്ത്രിസഭ, നീതിപൂർവ്വകവും ഭരണഘടനാപരവും പ്രജാധിപത്യപരവുമായ ഭരണമാർഗ്ഗങ്ങളിലൂടെ അധികാരത്തിൽ തുടരുമെന്നും, മററു പ്രജാധിപത്യരാജ്യങ്ങളുടെ അനുഭവത്തിൽനിന്നും സ്റ്റേററിനു് മനുഷ്യൻെറ ശാരീരികവും ബുദ്ധിപരവും ധാർമ്മികവും മതാത്മകവുമായ ഘടകങ്ങളെ സംയോജിപ്പിച്ചു് ശരിയായ മാതൃകയിലുള്ള ഒരു വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനുള്ള അവകാശമോ കഴിവോ ഇല്ലെന്നും അങ്ങനെയുള്ള വിദ്യാഭ്യാസം മാത്രമാണു് ഉത്തമരായ പൗരന്മാരെ സജ്ജമാക്കുന്നതെന്നും ഉള്ള വസ്തുത മനസ്സിലാക്കുമെന്നും ഞങ്ങൾ തീവ്രമായി അഭിലഷിക്കുന്നു. കുട്ടികളെ ഒന്നാമതായി ദൈവത്തിൻെറ മക്കളായി വളർത്തിക്കൊണ്ടുവരണമെന്നു നിർബന്ധമുള്ള മാതാപിതാക്കന്മാർക്കു ഇതാണാവശ്യം. അതിൻെറ യുക്തിയുക്തമായ പരിണതഫലമാണു് അവർ സ്റ്റേററിൻെറ നല്ലവരും വിശ്വസ്തരുമായ പൗരന്മാരായിരിക്കുക എന്നുള്ളതു്.

ആദ്ധ്യാത്മികവീഥി

# ദൈവവിളി—പ്രോത്സാഹനം

ദൈവത്തിൻെറ വത്സലമക്കളേ,

"നിങ്ങളുടെ മക്കളിൽ ഒരാളെയെങ്കിലും ദൈവത്തിനു കൊടുത്തുകൂടെയോ?" എന്നു ചോദിക്കുന്ന വൈദികരോടു "ഒരാളെ മാത്രമല്ല, എല്ലാവരേയുംതന്നെ കൊടുക്കാൻ ഞാൻ തയ്യാറാണു്. പക്ഷെ അവർക്കു മനസ്സുവേണ്ടേ?" എന്നു മറുപടി പറയുന്ന പലരേയും നാം കണ്ടിട്ടുണ്ടു്. അവർ വെറും ഭംഗിവാക്കു പറയുകയല്ല. മക്കളാരെയെങ്കിലും ദൈവശുശ്രൂഷയ്ക്കായി വിട്ടുകൊടുക്കുന്നതിനു് അവർക്കു യഥാർത്ഥമായ ആഗ്രഹമുണ്ടു്. അതിനായി കുട്ടികളെ ഉപദേശിക്കയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിട്ടും ഒരു ഫലവും ഉണ്ടാകാതെ ക്ലേശിക്കുകയാണവർ.

ഇങ്ങനെയുള്ളവർക്കും ദൈവവിളി പ്രോത്സാഹിപ്പിക്കാൻ പാടില്ലേ? നിശ്ചയമായും പാടുണ്ടു്. സ്വന്തമക്കൾക്കു മനസ്സില്ലെന്നു കാണുമ്പോൾ മററു കുട്ടികളെ ദത്തെടുത്താൽ മാത്രം മതി. നല്ല സ്വഭാവഗുണവും, ബുദ്ധിശക്തിയും, ആരോഗ്യവും, വൈദികരോ, സന്യാസി സന്യാസിനികളോ ആകുവാൻ തീവ്രമായ ആഗ്രഹവുമുള്ളവരായി എത്രയെത്ര യുവതീയുവാക്കന്മാർ നമ്മുടെ ഇടയിലുണ്ടു്. പക്ഷേ അവർക്കു പണമില്ലാത്തതുകൊണ്ടു് മുൻപോട്ടു പഠിക്കാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. അവരെ സഹായിക്കുന്നപക്ഷം സ്വന്തമക്കളെ വിട്ടു പഠിപ്പിച്ചാൽ ലഭിക്കുമായിരുന്നതുപോലുള്ള അനുഗ്രഹങ്ങൾ ദൈവത്തിൽനിന്നു ലഭിക്കുമെന്നു പ്രതീക്ഷിക്കാം.

ഈ വസ്തുത ഗ്രഹിച്ചുകൊണ്ടു യൂറോപ്പിലും അമേരിക്കയിലുമുള്ള പല മാന്യന്മാരും സ്വദേശത്തും ഇതരദേശങ്ങളിലും ഉള്ള കുട്ടികളെ ഉദാരമായി സഹായിച്ചു പഠിപ്പിക്കുന്നുണ്ടു്. നമ്മുടെ നാട്ടിലും ചിലരെല്ലാം അങ്ങനെ ചെയ്യുന്നുണ്ടെന്നുള്ളതു ശരിയാണു്. എങ്കിലും മററു രാജ്യങ്ങളെ അപേക്ഷിച്ചു് ഇവിടെ കുറവാണെന്നു വേണം പറയുവാൻ.

സ്വന്തമക്കൾക്കുവേണ്ടി എന്തു ചെലവും വഹിക്കാൻ സന്നദ്ധതയുള്ളവർ, വൈദികവിദ്യാഭ്യാസത്തിനായിത്തന്നെയും, മററുള്ളവർക്കുവേണ്ടി അതിലൊരംശംപോലും വഹിക്കാൻ ഒരുക്കമുള്ളവരല്ല. അതിനു കാരണം വേണ്ടത്ര ഉദ്ദേശശുദ്ധി അവർക്കില്ലെന്നുള്ളതാണു്. നാം ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടെങ്കിൽ അവിടത്തെ മഹത്വം നമ്മുടെ മക്കൾ വഴിയായി മാത്രമേ വരാവൂ എന്നു വിചാരിക്കയില്ല. ആരുവഴിയായാലും ദൈവം മഹത്വപ്പെടണം, ആത്മാവുകൾ രക്ഷപ്പെടണം എന്നേ കരുതുകയുള്ളു. അതിനു നമ്മുടെ ഭാഗത്തുനിന്നു നൽകാവുന്ന ധനസഹായം ദൈവം തെരഞ്ഞെടുക്കുന്ന ആർക്കുവേണമെങ്കിലും കൊടുക്കുന്നതിനു നാം സന്നദ്ധരായിരിക്കും.

ഇപ്രകാരമുള്ള നിസ്വാർത്ഥമായ മനസ്ഥിതി നമുക്കുണ്ടോ എന്നു പരിശോധിച്ചുനോക്കുന്നതു നന്നായിരിക്കും.

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.



# "ഞാൻ" പോയാൽ, സ്വർഗ്ഗത്തിൽ പോകാം

(തോമസ് പാമ്പാറ)

ഞങ്ങളുടെ ഒരു ബ. അദ്ധ്യാപകൻ ഒരു ദിവസം ക്ലാസിൽ വെച്ച് ഞങ്ങളോടു പറഞ്ഞു: "ഞാൻ പോയാൽ നിങ്ങൾക്കു എല്ലാവർക്കും സ്വർഗ്ഗത്തിൽ പോകാം." ഞങ്ങളെല്ലാവരും വിഷമിച്ചു അതു കേട്ടപ്പോൾ. ഞങ്ങൾക്കദ്ദേഹത്തോട് വളരെ ബഹുമാനാദരവുകൾ തോന്നിയിരുന്നു. "അങ്ങു പോയിട്ട് ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ പോകണ്ടാ" എന്നു ഒരേ സ്വരത്തിൽ ഞങ്ങൾ വിളിച്ചുപറഞ്ഞപ്പോൾ അദ്ദേഹം പൊട്ടിച്ചിരിച്ചുപോയി. പിന്നീടു അദ്ദേഹം ആ പ്രസ്താവനത്തെ വിശദീകരിച്ചു.

ചരിത്രത്തിൻെറ പഴയ ഏടുകൾ മറിച്ചുനോക്കുന്നപക്ഷം "ഞാൻ" മൂലം ലോകത്തിൽ ആവിർഭവിച്ചിട്ടുള്ള ദുരന്തസംഭവങ്ങൾ എന്തുമാത്രമെന്ന് നിഷ്പ്രയാസം ഗ്രഹിക്കാം. നരവംശം ഉത്ഭവിക്കുന്നതിനുമുമ്പുതന്നെ "ഞാൻ" ഉണ്ടായിരുന്നതിനാലാണ് സ്വർഗ്ഗകവാടത്തിൽവച്ചു ലൂസിഫർപ്രഭൃതികൾ ദൈവത്താൽ ശപിക്കപ്പെട്ടു നിത്യനിർഭാഗ്യരായിത്തീന്നതു്. പറുദീസായിൽഅനുഗൃഹീതരായി, ആനന്ദതുന്ദിലരായി ജീവിതമാരംഭിച്ച നമ്മുടെ ആദിമാതാപിതാക്കന്മാരുടെ അധഃപ്പതനത്തിനും നിദാനം അവരിൽ കടന്നുകൂടിയ "ഞാൻ" അല്ലാതെ മറ്റൊന്നുമല്ല. സോദോം ഗൊമോറ എന്ന രണ്ടു നഗരങ്ങൾ ദൈവത്തിൻെറ ഭയങ്കരമായ ശിക്ഷയ്ക്കു വിധേയമായിത്തീർന്നതും ആ നഗരവാസികളിൽ "ഞാൻ" കടന്നുകൂടി വിജയകരമായി ഭരണം നടത്തിയതുകൊണ്ടല്ലയോ?

എന്തിന് നാം ഇത്ര പിറകോട്ടുപോകുന്നു. നമുക്ക് ക്രിസ്തുവിൻെറ ഇഹലോകജീവിതകാലഘട്ടത്തിലേക്ക് ഒന്നെത്തിനോക്കാം. "ഞാൻ" സമീപിക്കുവാൻപോലും ഭയപ്പെട്ട ഏകവ്യക്തിയാണ് ആ പാവനചരിതൻ, ആ പരാപരൻ, ആ ജഗന്നിയന്താവു്. എളിമയുടെ വിളനിലമാണ് അവിടുന്നു്. പിന്നെയെങ്ങിനെ എളിമയുടെ ബദ്ധവൈരിയായ "ഞാൻ" അവിടുത്തെ സമീപിക്കും.

## ഉപകാരസ്മരണ

ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിച്ച കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

ജെ. എൻ. റാവു

എൻ. സി. ജോൺ ആൻഡ് സൺസ് പ്രൈവററ് ലിമിററഡ്

ആലപ്പുഴ, സൗത്തു് ഇൻഡ്യ

അവിടുത്തെ അധരപുടങ്ങളിൽനിന്ന് അടന്നുവീണ ദിവ്യവചസ്സുകൾ ശ്രവിക്കുവാൻ അന്നത്തെ യഹൂദപ്രമാണികൾ സന്നദ്ധത പ്രകടിപ്പിച്ചില്ലെങ്കിൽ അതിൻെറയും കാരണം "ഞാൻ" അവരെ അടിമപ്പെടുത്തി ഭരിച്ചിരുന്നതുകൊണ്ടു മാത്രമാണ്. "ശാന്തനും വിനീതനുമായ എന്നിൽനിന്ന് നിങ്ങൾ പഠിക്കുവിൻ" എന്നു കൂടെക്കൂടെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്ന ആ ലോകഗുരുവിനെ അവർ ശ്രവിച്ചില്ല. അവർ നിയമജ്ഞന്മാരെന്നു് അഭിമാനിച്ച് സ്വാഭിപ്രായങ്ങളെ മുറുകെപ്പിടിച്ച് ക്രിസ്തുനാഥൻെറ മാധുര്യമേറിയ ഉപദേശശകലങ്ങളെ കൂസൽകൂടാതെ നിഷേധിച്ചുകളഞ്ഞു. എളിയവരിൽ എളിയവനായി, ദരിദ്രരിൽ ദരിദ്രനായി ഭൂതലത്തിൽ ജാതനായ ആ ഗലീലേയൻെറ സ്വർഗ്ഗീയസിദ്ധാന്തങ്ങളെ സ്വീകരിച്ച് അനുസരിക്കുവാൻ "ഞാൻ" ആ യഹൂദപ്പരിഷയെ അനുവദിച്ചില്ല. അതിൻെറ ഫലമോ? ഇന്നും കൊടിയ അന്ധകാരത്തിൽ അവർ ചുററിത്തിരിയുകയാണ്. കണ്ടിട്ടും കാണുവാനും കേട്ടിട്ടും കേൾക്കുവാനും അവർ സന്നദ്ധരല്ല.

എന്നാൽ ആ ദിവ്യാഹ്വാനത്തെ സശ്രദ്ധം ശ്രവിച്ച് അവിടുത്തെ അനുഗമിച്ചവർ വെളിച്ചത്തിൻെറ മക്കളായി, സമാധാനചിത്തരായി, ജീവിച്ചു; അവരുടെ പിൻഗാമികൾ ഇന്നും അങ്ങനെ ജീവിക്കയാണ്.

ഇനി നമുക്ക് ആധുനികലോകത്തിലേക്ക് ഒന്നു കണ്ണോടിക്കാം. "ഞാൻ"മൂലം ഇന്നും നാശഗത്തത്തിൽ നിപതിക്കുന്നവർ അനേ



ഉദ്ദിഷ്ടകാര്യം സാധിച്ചതിൻ ഉപകാരസ്മരണ.

താമസിച്ചതിനു ക്ഷമാപണം.

മിസ്സസ് അന്നാമ്മ എബ്രഹാം, മാങ്കാവിൽ, കററാനം

കരാണ്. രാഷ്ട്രീയനേതാക്കളിലും സമുദായനേതാക്കളിലും "ഞാൻ" വിജയകരമായി ഭരണം നടത്തുവാൻ ആരംഭിക്കുമ്പോഴാണ് വലിയ കോളിളക്കങ്ങൾ ഉത്ഭവിക്കുന്നതു്; ലോകത്തിൽ എണ്ണമററ നാശങ്ങൾ വരുത്തിക്കൂട്ടിക്കൊണ്ടു് രണ്ടു ലോകമഹായുദ്ധങ്ങൾ നമ്മുടെ കൺമുമ്പിൽക്കൂടി കടന്നുപോയി. എത്രയോ നിരപരാധികളും നിഷ്കളങ്കരുമാണ് അകാലമൃത്യുവിനും കൊടിയയാതനകൾക്കും വിധേയരായിത്തീന്നതു്. എത്രയോ നഗരങ്ങളും മനോജ്ഞസൗധങ്ങളുമാണ് വെന്തു വെണ്ണീറായതു്. ഇവയുടെയെല്ലാം കാരണം ആരായുമ്പോഴാണ് നാം അത്ഭുതസ്തബ്ധരായിത്തീരുന്നതു്. വൻകിടനേതാക്കന്മാരിൽ കടന്നുകൂടിയ "ഞാൻ" വരുത്തിക്കൂട്ടിയ നാശങ്ങളാണ് ഇവയെല്ലാം. മനുഷ്യരുടെ ഇടയിൽ "ഞാൻ" എന്നും ഒരു ഉയന്ന സ്ഥാനം കരസ്ഥമാക്കിക്കൊണ്ടിരിക്കയാണ്. ക്രിസ്തുവിൻെറ പിൻഗാമികളിൽപോലും "ഞാൻ" ഏറെക്കുറെ കടന്നുകൂടുന്നുണ്ടു്. ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കുന്നതിനും അനുസരിക്കേണ്ടവരെ അനുസരിക്കുന്നതിനും "ഞാൻ" ആരേയും ഒരിക്കലും അനുവദിക്കുന്നില്ല. അധികാരികളിൽ അപരാധങ്ങൾ കണ്ടുപിടിച്ച് അവയെ പർവ്വതീകരിച്ചുകാണിച്ച് മററുള്ളവരെക്കൂടി അപകടത്തിൽ ചാടിക്കുവാൻ ഇന്നു പലരേയും "ഞാൻ" പ്രേരിപ്പിക്കുന്നുണ്ടു്. സ്രഷ്ടാവായ, ജഗന്നിയന്താവായ, ആദ്യന്തവിഹീനനായ ദൈവത്തെപ്പോലും തൃണപ്രായം കരുതുവാനും നിന്ദിക്കുവാനും ഇന്നു പലർക്കും "ഞാൻ" ഉത്തേജനം നൽകിക്കൊണ്ടിരിക്കുന്നു. അതെ, സകല സുകൃതങ്ങളുടേയും അടിസ്ഥാനമായ വിനയം ഇന്ന് ലോകത്തിൽനിന്ന് അന്തർദ്ധാനം ചെയ്തിരിക്കുന്നു. സ്വസഹോദരനു വിരോധമായി വരുത്തിക്കൂട്ടുന്ന തെററുകൾക്കു ക്ഷമായാചനം ചെയ്യുന്നതിനും, ന്യായമാർഗ്ഗത്തിൽക്കൂടി അധികാരസ്ഥാനങ്ങളിൽ എത്തിച്ചേന്നിട്ടുള്ളവരെ അനുസരിക്കുന്നതിനും അവർഹിക്കുന്ന

രോഗവിവരക്കത്തുകൾ അയക്കേണ്ട വിലാസം:-

കാളൻവൈദ്യൻ,

നെല്ലായി (S. India)


ബഹുമാനാദരവുകൾ നൽകുന്നതിനും ഇന്നു് ക്രിസ്ത്യാനികളെന്നു അഭിമാനിക്കുന്നവർപോലും വൈമനസ്യം പ്രദർശിപ്പിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

അതെ, "ഞാൻ" "ഞാൻ" എന്ന ഭാവം അഥവാ അഹംഭാവം നിശ്ചയമായും നാമേവരേയും അപകടത്തിലേക്കു നയിക്കുകയേയുള്ളു. ഇന്നു വിജ്ഞാനസമ്പാദനത്തിലും മററും നമ്മുടെ യുവതീയുവാക്കന്മാർ ഉൽസുകരായിരിക്കയാണ്.

എന്നാൽ സർവ്വജ്ഞനും സർവ്വശക്തനും സർവ്വവ്യാപിയുമായ ദൈവത്തിങ്കലേക്കു നമ്മെ അടുപ്പിക്കുന്ന വിജ്ഞാനമാണ് യഥാർത്ഥജ്ഞാനം. ഈ സംഗതി ഇന്നു പലരും വിസ്മരിച്ചിരിക്കുന്നുവെന്നു തോന്നും അവരുടെ പ്രവർത്തനങ്ങൾ കണ്ടാൽ. ശാസ്ത്രം ഇന്നു് നിമിഷംതോറും പുരോഗമിച്ചുകൊണ്ടിരിക്കയാണല്ലോ. മനുഷ്യൻെറ കണ്ടുപിടുത്തങ്ങൾ അത്ഭുതാവഹം തന്നെ. അവൻ ഇന്നു് വിഹായസ്സിൽക്കൂടി വിമാനങ്ങൾകണക്കെ സഞ്ചരിക്കുന്നതിനും സമുദ്രാന്തർഭാഗത്തുകൂടി മത്സ്യങ്ങളെപ്പോലെ നീന്തുന്നതിനും എന്നുവേണ്ട, അവൻെറ ജീവിതത്തെ ആനന്ദപൂർണ്ണമാക്കിത്തീർക്കുന്നതിനുവേണ്ട സർവ്വവിധ മാർഗ്ഗങ്ങളും വശത്താക്കിയിരിക്കയാണ്. എന്നാൽ ഇവയെല്ലാം പ്രേരണനൽകുന്ന ഒരു പരാശക്തി ഉണ്ടെന്നുള്ള വാസ്തവം അധികമാരും മനസ്സിലാക്കുന്നില്ല. എല്ലാം സ്വപരിശ്രമഫലം എന്നവൻ അഭിമാനംകൊള്ളുകയാണ്.

അതുകൊണ്ടു് നമ്മെ വിപൽഘട്ടത്തിലേക്കു നയിക്കുന്ന അഹങ്കാരത്തെ വിദൂരതയിലേക്കു വലിച്ചെറിഞ്ഞു് തൽസ്ഥാനത്തു് നമ്മെ ദൈവസന്നിധിയിലേക്കു കൂട്ടിക്കൊണ്ടുപോകുന്ന എളിമയെ നാം സമ്പാദിക്കേണ്ടിയിരിക്കുന്നു. "നിങ്ങൾ ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല" എന്നു് ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ടു്. അഹംഭാവമുള്ളവൻെറ ഹൃദയം നിഷ്കളങ്കമായിരിക്കയില്ലല്ലോ. അങ്ങനെയുള്ളവൻ സ്വർഗ്ഗരാജ്യത്തിനവകാശിയുമല്ല. ചുരുക്കിപ്പറഞ്ഞാൽ "ഞാൻ" പോയാൽ എല്ലാവർക്കും സ്വർഗ്ഗത്തിൽ പോകാം.

## Thanksgiving




**For Favours Received**

Bro. Jose P. Jacob

(12-ാംപേജ് തുടർച്ച)

ററാഞ്ഞടിച്ചു. വൃക്ഷക്കൊമ്പുകൾ തമ്മിലുരസിഞെരിയുന്ന ആരവം കേൾക്കുന്നുണ്ടു്. ജോണി എഴുന്നേററു് വീണ്ടും കിടക്കയെ അവലംബിച്ചു.

"ടക്...ടക്...ടക്..."

ആരോ കതകിൽമുട്ടി. അവൻ കിടക്കയിൽനിന്നു് തലയുയത്തി ചെവിവട്ടംപിടിച്ചു. നിശ്ശബ്ദത ഹോ, എന്തൊരു സ്വപ്നം! അവൻ മനസ്സിൽ മന്ത്രിച്ചു.

"ടക്...ടക്... ടക്"

വീണ്ടും മുട്ടുന്നു. അച്ചനെ വിളിക്കാനവൻെറ ചുണ്ടുകൾ ചലിച്ചു. പക്ഷെ അവൻ വിളിച്ചില്ല. അച്ചൻ മയങ്ങിക്കാണുകയേയുള്ളു. അച്ചനെ ശല്യപ്പെടുത്താനവൻെറ ഹൃദയം അനുവദിച്ചില്ല. ഇതെന്തൊക്കെയോ പേക്കിനാവാണെന്നവൻ വിചാരിച്ചു വീണ്ടും കിടക്കയിൽനിന്നെണീററു് മുട്ടുകുത്തി നേത്രങ്ങളെ സ്വർഗ്ഗത്തിലേക്കുയത്തി അവൻ പ്രാർത്ഥിച്ചു.

"ടക്...ടക്...ടക്..."

വീണ്ടുമാരോ കതകിലാഞ്ഞുമുട്ടി. ആ കമ്പനം അച്ചൻെറ കണ്ണുകളിലും ഓടിയെത്തി. തിടുക്കത്തിലച്ചൻ വിളക്കുകത്തിച്ച്, പരിഭ്രമത്തോടുകൂടി ചോദിച്ചു "എന്താ ജോണീ?"

"ആരോ കതകിൽ മുട്ടുന്നതുപോലെ തോന്നി. ഞാൻ വിചാരിച്ചു, ഞാനേതോ കിനാവുകാണുകയാണെന്നു് അതിനാൽ ഞാൻ മാതാവിനോടു പ്രാർത്ഥിക്കുകയായിരുന്നു."

"സാരമില്ല, ജോണി."

"അ...ച്ചാ..."

അപ്പോഴേക്കും കതകിനു വെളിയിൽനിന്നുകൊണ്ടു് സങ്കടത്തോടെ ആരോ വിളിച്ചു. അച്ചൻ കതകു തുറന്നു. അച്ചൻെറ കൈയിലിരുന്ന മണ്ണെണ്ണവിളക്കിൻെറ നേരിയ വെളിച്ചത്തിൽ മുഖം അച്ചനു മനസ്സിലായി. അയാളുടെ കവിളിൽക്കൂടി ചാലുകൾപോലെ കണ്ണുനീരൊഴുകിക്കൊണ്ടിരുന്നു. അയാളുടെ ഭാവഭേദം കണ്ടപ്പോൾ അച്ചൻ പരിഭ്രമിച്ചു.

"പീററരോ, എന്താണു്?" അച്ചൻ ചോദിച്ചു.

"അച്ചാ...ഈ പാപിക്കു മാപ്പുതരണം..."


പീററർ അച്ചൻെറ പാദങ്ങളിൽ വീണുകൊണ്ടു് ഏങ്ങിയേങ്ങി കരഞ്ഞു. ഈ ശോകരംഗംകണ്ടു് ജോണി നിന്നിമേഷനായി നിന്നുപോയി. അവൻെറ കണ്ണിൽനിന്നും ജലബിന്ദുക്കൾ മുല്ലപ്പൂപോലെ അടന്നുവീണു. അച്ചൻ വിളക്കു ജോണിയെ ഏല്പിച്ചു.

"എഴുന്നേല്ക്കു പീററർ" അച്ചൻ പിടിച്ചെഴുന്നേല്പിച്ചു.

"അച്ചാ...ഞാൻ നശിച്ചച്ചാ. ...സഖാവെന്ന പേരിനുവേണ്ടി ഞാൻ മനുഷ്യോചിതമല്ലാത്ത പ്രവൃത്തികൾ ചെയ്തച്ചാ ... ഞാൻ നശിച്ചു...കമ്മ്യൂണിസം! ചുടുനിണത്തിൽ മുങ്ങിക്കുളിക്കുന്ന വ്യാഘ്രം! ...മനുഷ്യത്വത്തെ ചാമ്പലാക്കുന്ന കമ്മ്യൂണിസം എന്നേയും ഒരു ഘാതകനാക്കി ...അച്ചാ ... എനിക്കു മാപ്പുതരണം...ഈശ്വരനോ സ്വർഗ്ഗമോ...മാതാവോ പിതാവോ... ഭർത്താവോ ഭാര്യയോ...ഭ്രാതാവോ സ്വസാവോ ... ഇല്ലാത്ത കമ്മ്യൂണിസം....വെറും രക്തദാഹിയായ കമ്മ്യൂണിസം, ഇനിയെനിക്കു വേണ്ടച്ചാ...ഞാൻ നശിച്ചു....ജോണി...എൻെറ പൊന്നനിയാ ... നീ ഈ ഘാതകനു മാപ്പുതരണം."

"ചേ...ട്ടാ..."

"അ...നി...യാ..." അയാൾ ജോണിയെ പുണന്നുകൊണ്ടു് അവൻെറ തുടുത്ത ഗണ്ഡസീമ്നിയിൽ മുകന്നു.


ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇയ്യപ്പൻ സോപ്പുവക്‌സ് തൃശ്ശൂർ


## ജർമ്മൻ നവദമ്പതികൾ റോമിൽ

ജമ്മനിയിലെ കൊളോൺ എന്ന സ്ഥലത്തുനിന്നു 120 നവദമ്പതികൾ റോമിലെത്തി പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിച്ചു ആശീർവ്വാദം വാങ്ങിയിരിക്കുന്നു. അവരെല്ലാം അവരുടെ വിവാഹവസ്ത്രങ്ങൾ ധരിച്ചിരുന്നു; വധുക്കളെല്ലാം വെള്ളപ്പൂക്കൾ കൊണ്ടുള്ള ചെണ്ടുകളും പിടിച്ചിരുന്നു. സന്ദർശനാനന്തരം അവർ നിരനിരയായി സെൻറ് പീറേറഴ്സിലേക്കു പോവുകയും പതിവനുസരിച്ചു വിശുദ്ധ പത്രോസിൻെറ കുഴിമാടം സന്ദർശിച്ചു വന്ദിക്കുകയും ചെയ്തു.




# പുസ്തകാഭിപ്രായം


## കൈത്തറി

(ഗ്രന്ഥകർത്താ: പി. എം. സെബാസ്റ്റ്യൻ എം എച്ച് ഡബ്ലി യു എച്ച്—സെൻറ് മേരീസ് ഹാൻഡ്ലൂംസ്, കീഴമ്പാറ, ഭരണങ്ങാനം— പേജ് 200—വില രണ്ടര രൂപാ.)

ഭാരതത്തിൻെറ പുരോഗതിയിൽ സാങ്കേതികജ്ഞാനത്തിനുള്ള പ്രാധാന്യം ഏവർക്കും സുവിദിതമാണല്ലോ. കൃഷിപ്രധാനമായ ഈ രാജ്യത്തിൽ സാങ്കേതികവും വ്യാവസായികവുമായ അഭിവൃദ്ധി ഇവിടത്തെ വർദ്ധിച്ച ജനസംഖ്യയെ സ്വയംപര്യാപ്തമാക്കുന്നതിനു എത്രമാത്രം അവശ്യാവശ്യമാണെന്നു മനസ്സിലാക്കിയതുകൊണ്ടാണു ഇന്ത്യയുടെ രണ്ടാംപഞ്ചവത്സരപദ്ധതിയുടെ പ്രമുഖലക്ഷ്യം രാജ്യത്തിൻെറ വ്യാവസായികരണമാണെന്നു പ്രഖ്യാപിതമായിരിക്കുന്നതു്. വൻകിടവ്യവസായങ്ങളും കുടിൽവ്യവസായങ്ങളും ഒരുപോലെ അഭിവൃദ്ധിപ്പെടേണ്ടിയിരിക്കുന്നു ജനത ഈ ലക്ഷ്യത്തിലെത്തിച്ചേരുന്നതിനു്. അതിനുള്ള പദ്ധതികളാണു് ഇപ്പോൾ എല്ലാവരുടേയും ശ്രദ്ധാവിഷയമായിരിക്കുന്നതു് പക്ഷെ ഏതത്വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഇന്ത്യൻ ഭാഷകളിൽ വളരെ വിരളമായിരിക്കുന്നു എന്നുള്ളതു ജനസാമാന്യത്തിൻെറ വ്യവസായപുരോഗതിയിൽ ഒരു വലിയ പ്രതിബന്ധമായിരിക്കുകയാണു്. ഇത്തരുണത്തിൽ ശ്രീ പി. എം. സെബാസ്റ്റ്യൻ അവർകളുടെ "കൈത്തറി" എന്ന ഈ പുതിയ ഗ്രന്ഥം കേരളീയരുടെ മുക്തകണ്ഠമായ പ്രശംസയും ഹാർദ്ദമായ സ്വാഗതവും അർഹിക്കുമെന്നതിൽ പ്രതിപക്ഷമുണ്ടാകാൻ മാർഗ്ഗമില്ല. ഇന്ത്യയിലെവിടെയും പ്രചാരത്തിലിരിക്കുന്ന തുണിനെയത്തിനെപ്പററി വിജ്ഞാനപ്രദമായ ഒരു പ്രതിപാദനമാണു് ഈ ചെറുഗ്രന്ഥംവഴി അദ്ദേഹം കേരളീയർക്കു സംഭാവന ചെയ്തിട്ടുള്ളതു്. തുണിനെയ്ത്തു വ്യവസായത്തിൻെറ ചരിത്രം, കൈത്തറിയുടെ വിശദമായ വിവരണം, നെയ്ത്തുകളുടെ വിവിധരീതികൾ ഇങ്ങനെ ഈ കുടിൽവ്യവസായത്തിൽ ഏർപ്പെടുന്നവർക്കു അവശ്യം വേണ്ടതായ എല്ലാവിധ സാങ്കേതികജ്ഞാനങ്ങളും ഉള്ളടക്കി ക്രമപ്പെടുത്തി വിശദമാക്കിയിട്ടുള്ള ഒരു പ്രതിപാദനമാണു് ഈ ഗ്രന്ഥമെന്നു അതൊരാവർത്തി വായിക്കുന്നവർക്കു സുവ്യക്തമാകുന്നതാണു്. ഗ്രന്ഥത്തിനു ആമുഖം എഴുതിയിട്ടുള്ള കേരളസ്റ്റേററ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ് അസിസ്റ്റൻറ് ഡയറക്ടർ ശ്രീ സി. എസ്. ശിവരാമൻ എൽ. ടി. എം. (ഓണേഴ്സ്) അവർകൾ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഗ്രന്ഥകാരൻ "കൈത്തറിവ്യവസായത്തിൻെറ സമർത്ഥനായ ഒരു വിദ്യാർത്ഥിയും ഭക്തനായ സേവകനുമാണു്. മദ്രാസ് ഹാൻഡ്ലൂം വീവിംഗ് ഹയർഗ്രേഡ്പരീക്ഷ പാസായിട്ടുള്ള അദ്ദേഹം കൈത്തറി സംബന്ധിച്ച പ്രവർത്തനങ്ങളിൽ അസാമാന്യമായ പ്രതിഭാവിലാസവും ഗ്രഹണപടുതയും ഉള്ള ഒരാളായി എനിക്കു നല്ലവണ്ണം ബോദ്ധ്യപ്പെട്ടിട്ടുണ്ടു്." ഈദൃശനായ ഒരു വ്യക്തിയുടെ ചിരപരിശ്രമഫലമായി രൂപംകൊണ്ടിട്ടുള്ള "കൈത്തറി"യെ സ്വാഗതംചെയ്യുന്നതിനും ഗ്രന്ഥകാരനെ അനുമോദിക്കുന്നതിനും ഗ്രന്ഥത്തിനു പൊതുജനങ്ങളുടെ ഇടയിൽ പ്രചുരപ്രചാരം ആശംസിക്കുന്നതിനും ഞങ്ങൾക്കതിയായ സന്തോഷമുണ്ടു്.

J. P. V.

## റൈററ് റവ. മോൺ. പോൾ ചിററിലപ്പിള്ളി



### തൃശ്ശൂർരൂപതയുടെ പുതിയ വികാരിജനറാൽ

തൃശൂർ ബിഷപ്പ് റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ടു് തൃശൂർ രൂപതയുടെ പുതിയ വികാരി ജനറാളായി ഫാദർ പോൾ ചിററിലപ്പിള്ളി ബി. എ. ബി. ടി. യെ നിയമിച്ചുകൊണ്ടു് കല്പനയായിരിക്കുന്നു. യശശ്ശരീരനായ മോൺസിഞ്ഞോർ ആൻറണി പുതുശ്ശേരി അവർകളുടെ നിര്യാണത്തെ തുടർന്നാണു് ഈ നിയമനം നടന്നതു്. നിയമനവാർത്ത ജൂൺ 14-ാംനു രാവിലെ ഫാദർ ചിററിലപ്പിള്ളി അവർകളെ ഔദ്യോഗികമായി അറിയിച്ചു. ഇപ്പോൾ മുളയത്തുള്ള ഡാമിയൻ കുഷ്ഠരോഗാശുപത്രിയുടെ ഡയറക്ടറാണു് ഫാദർ ചിററിലപ്പിള്ളി കൂടാതെ തൃശൂർ രൂപതയിലെ സോഷ്യൽ പ്രവർത്തനങ്ങളുടെ ഡയറക്ടറും സെൻറ് തോമസ് കോളേജിലെ കെമിസ്ട്രി ലക്ച്ചറുമായിരുന്നു അദ്ദേഹം.

പുതിയ വികാരി ജനറാൽ 1909-ൽ ഇരിഞ്ഞാലക്കുടയ്ക്കടുത്ത അവിട്ടത്തൂരിൽ ജനിച്ചു 1939-ൽ ഗുരുപ്പട്ടം സ്വീകരിച്ചു മൂക്കന്നൂർ സെൻറ് ആൻറണീസ് ഹൈസ്കൂളിൻെറ സ്ഥാപകൻ ഇദ്ദേഹമാണു്. പ്രസ്തുത സ്കൂളിൻെറ മാനേജരും ഹെഡ്മാസ്റ്ററുമായി അദ്ദേഹം ജോലിനോക്കിയിട്ടുണ്ടു്. ഡാമിയൻ ഇൻസ്റ്റിട്യൂട്ടിൻെറ ഡയറക്ടറെന്നനിലയിൽ അദ്ദേഹം കുറച്ചുമുമ്പു ഒരു വിദേശപര്യടനം നടത്തുകയും റോം തുടങ്ങിയ പുണ്യനഗരങ്ങൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ടു്.

# കമ്മ്യൂ: ഗവമ്മേണ്ടിൻെറ വിദ്യാഭ്യാസനയത്തിൽ നാടാകെ പ്രതിഷേധം

അത്തുങ്കൽ: ജൂൺ 15-ാംനു ശനിയാഴ്ച വൈകുന്നേരം 4മണിക്കു് അത്തുങ്കൽ പോസ്റ്റാഫീസ് മൈതാനത്തുവച്ചു്, മുൻതിരുക്കൊച്ചി വിദ്യാഭ്യാസമന്ത്രി ശ്രീ എൽ എം പൈലി എം എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ പ്രതിഷേധമഹായോഗം കൂടി. ശ്രീ കെ സി ഈപ്പൻ ബി എ, ശ്രീ സുബ്രഹ്മണ്യൻ അഡ്വക്കേററ്, ശ്രീമതി ദേവകി കൃഷ്ണൻ, ഡോക്ടർ ഹെൻട്രി ഓസ്റ്റിൻ എം എ പിഎച്ച് ഡി (യു എസ് എ) ബി എൽ എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയങ്ങൾ ഐകകണ്ഠ്യേന പാസാക്കി.

ചാരുംമൂട്ട്: കമ്മ്യൂണിസ്റ്റ് ഗവമ്മേണ്ടിൻെറ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധിക്കുന്നതിനായി സ്ഥലത്തും പരിസരങ്ങളിലും ഉള്ള ക്രൈസ്തവരുടെ ഒരു സമ്മേളനം റവ. ഫാദർ ജോസഫ് താഴത്തതിൽ ബി എ ബി ടി യുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. റവ. ഫാ. വി ലാററൻസ്, മി. തോമസ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. മി. എം ജോസഫ് അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

ഭരണിക്കാവ്: കേരളാഗവമ്മെൻറിൻെറ വഴിപിഴച്ച വിദ്യാഭ്യാസനയത്തിൽ പ്രതിഷേധിക്കാനായി ഒരു പൊതുയോഗം ജൂൺ 9-ാംനു രണ്ടുമണിക്കു സ്ഥലം ഹൈസ്കൂളിൽ റവ ഫാദർ ലോറൻസ് (ചാരുംമൂട്ട്) അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ എം കെ മാത്തുണ്ണി, എം അലക്സ് ബി എ, എ ജോൺ ബി എ ബി എൽ എന്നിവർ പ്രസംഗിച്ചു. ശ്രീ സ്റ്റീഫൻ മാത്തുണ്ണി മീതത്തേതിൽ, എം കെ മത്തായി നാടാവള്ളി, ടി ഇ മാത്യു കാരൂർ, സി ജോസഫ എന്നിവർ ഹാജരാക്കിയ പ്രമേയങ്ങൾ സദസ്യർ ഐകകണ്ഠ്യേന പാസ്സാക്കി.

തീക്കോയി: സ്ഥലം സ്കൂൾ ഹാളിൽവച്ചു ജൂൺ 9-ാംനു റവ ഫാദർ കുരുവിള കൊട്ടാരത്തുംകുഴി അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടു് നടപ്പിലാക്കാനുദ്ദേശിക്കുന്ന വിപ്ലവാത്മകമായ വിദ്യാഭ്യാസപരിഷ്കരണം ഏകാധിപത്യപരവും ഭരണഘടനാവിരുദ്ധവുമാണെന്നുള്ള പ്രമേയം മി ജോൺസൺ ജെ വള്ളിക്കാപ്പൻ ബി എ അവതരിപ്പിക്കുകയും യോഗം ഐകകണ്ഠ്യേന പാസ്സാക്കുകയുംചെയ്തു.

അടൂർ: ഇന്നത്തെ കേരളസർക്കാരിൻെറ വിദ്യാഭ്യാസനയത്തെ പ്രതിഷേധിക്കുന്നതിനായി ജൂൺ 9-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു് പരമേശ്വരവിലാസം പ്രൈമറിസ്കൂൾഹാളിൽവച്ചു് നെല്ലിമൂട്ടിൽ ശ്രീ അലക്സാണ്ടർമുതലാളി അവർകളുടെ അദ്ധ്യക്ഷതയിൽ ഇന്നാട്ടുകാരുടെ ഒരു പൊതുയോഗംകൂടി. വിദ്യാഭ്യാസദേശവൽക്കരണം, അദ്ധ്യാപകനിയമനം ഏറെറടുക്കൽ, മേഖലാകൗൺസിൽപ്രസ്ഥാനം എന്നിവയെ വിമർശിച്ചു് പ്രതിഷേധപ്രമേയങ്ങൾ പാസ്സാക്കുകയും പ്രമേയങ്ങൾ അധികാരസ്ഥാനങ്ങളിൽ എത്തിച്ചുകൊടുക്കുവാൻ പ്രസിഡൻറിനെ ചുമതലപ്പെടുത്തുകയുംചെയ്തു.

മാന്നാർ: ശ്രീ പി ഡി ജോസഫ് ബി എ ബി എൽ-ൻെറ അദ്ധ്യക്ഷതയിൽ ജൂൺ 12-ാംനു സ്ഥലം പള്ളിമൈതാനത്തുവച്ചു കൂടിയ ഒരു യോഗത്തിൽ പുതിയ വിദ്യാഭ്യാസപദ്ധതിയിൽ ഇന്നാട്ടുകാർക്കുള്ള അതൃപ്തിയും പ്രതിഷേധവും പ്രകടിപ്പിച്ചിരിക്കുന്നു.

പോത്താനിക്കാട്: ഇന്നത്തെ കേരളസംസ്ഥാനഗവർമ്മെൻറ് രൂപംകൊടുക്കുവാൻപോകുന്ന വിദ്യാഭ്യാസനയത്തെ പ്രതിഷേധിക്കുന്നതിനു് ജൂൺ 9-ാം തീയതി സ്ഥലം പള്ളിവികാരി റവ ഫാദർ സെബാസ്റ്റ്യൻ തെക്കേകുന്നേൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും പ്രതിഷേധപ്രമേയം പാസ്സാക്കി അധികാരസ്ഥാനങ്ങളിൽ അയച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു.

പ്രവിത്താനം: കമ്മ്യൂണിസ്റ്റ്ഗവമ്മെൻറിൻെറ വിദ്യാഭ്യാസബില്ലിനെ പ്രതിഷേധിക്കുവാൻ സ്ഥലത്തും പരിസരങ്ങളിലുമുള്ള പൗരജനങ്ങളുടെ ഒരു മഹായോഗം ജൂൺ 9-ാംനു വൈകുന്നേരം സ്ഥലം സെൻറ് മൈക്കിൾസ് ഇ എച്ച് സ്കൂൾമൈതാനത്തുവച്ചു് ശ്രീ കെ സി ഡോമിനിക്ക് കല്ലറയ്ക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽചേർന്നു. പ്രൈവററ് ഏജൻസികളുടെ സേവനങ്ങളെ നിരസിച്ചും അവഹേളിച്ചുംകൊണ്ടു് ഗവർമ്മെൻറ് തയാർചെയ്തിരിക്കുന്ന വിദ്യാഭ്യാസബില്ലിനെ പ്രതിഷേധിച്ചുള്ള പ്രമേയങ്ങൾ ശ്രീ പി എം തോമസ് പുളിപ്പള്ളിൽ ബി എസ്സി അവർകൾ അവതരിപ്പിക്കയും ശ്രീ കെ എം ചുമ്മാർ ബി എ കായ്യാങ്കൽ പ്രമേയങ്ങളെ പിൻതാങ്ങി സംസാരിക്കുകയും ഐകകണ്ഠ്യേന പാസ്സാക്കുകയുംചെയ്തു. യോഗതീരുമാനങ്ങൾ അധികൃതസ്ഥാനങ്ങളിൽ അയച്ചുകൊടുക്കുന്നതിനും ഭാവിനടപടികൾ സ്വീകരിച്ചു് നടപ്പിൽവരുത്തുന്നതിനുമായി ഒരു കമ്മിററിയേയും തിരിഞ്ഞെടുത്തു.

കിഴക്കമ്പലം: ജൂൺ 2 സ്ഥലത്തും പരിസരങ്ങളിലുമുള്ള പൗരാവലിയുടെ ഒരു പൊതുയോഗം കുന്നത്തുനാട്ട് പഞ്ചായത്തു് പ്രസിഡണ്ടു് ശ്രീ സി ജെ മാത്തുതരകൻ എം എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. മെ ടി ഓ ബാവ എം എൽ എ, ഡി സി സി പ്രസിഡൻറ് എ വി ജോസഫ് എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം ഏകയോഗമായി പാസാക്കി

ചേർത്തല: ജൂൺ 2. മുട്ടം പള്ളിപ്പുറം, പാണാവള്ളി, തൈക്കാട്ടുശേരി ആദിയായ സ്ഥലങ്ങളിലെ പൗരജനങ്ങളുടെ ഒരുയോഗം ചേർന്നു. റവ ഫാദർ വട്ടയ്ക്കാട്ടുശേരി അദ്ധ്യക്ഷതവഹിച്ചു. പ്രതിഷേധപ്രമേയങ്ങൾ സർവ്വസമ്മതമായി പാസാക്കി.

കാഞ്ഞിരമററം: ജൂൺ 5 കാഞ്ഞിരമററം പൗരാവലിയുടെ ഒരു വമ്പിച്ച പൊതുയോഗം ശ്രീ മുണ്ടമാക്കൽ തൊമ്മി അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. മെ: ജോസഫ് പുരയിടം ബി എ, ജോസഫ് ചുക്കനാനിക്കൽ ബി എ എന്നിവർ പ്രസംഗിച്ചു പ്രതിഷേധപ്രമേയങ്ങൾ ഐകകണ്ഠ്യേന പാസാക്കി.

തുടങ്ങനാട്ട്: ജൂൺ 5. പ്രതിഷേധയോഗം റവ ഫാദർ സിറിയക്ക് മുളകാട്ടിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. പ്രമേയങ്ങൾ പാസാക്കി അധികാരസ്ഥാനങ്ങളിൽ അയച്ചു.

കന്നോന്നി: ജൂൺ 2. റവ ഫാദർ ലൂക്കോസ് പുത്തൻപുര അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മെ: ജോസഫ് തോമസ് വല്യപറക്കാട്ട്, മാത്യു സ്കറിയാ പുളുപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം ഏകയോഗമായി പാസാക്കി.

കടുത്തുരുത്തി: ജൂൺ 6. ക്നാനായകത്തോലിക്കാ മഹാജനസഭാ വർക്കിംഗ്കമ്മററിയുടെ വിശേഷാൽയോഗം കോട്ടയത്തുവച്ചു് വൈസ്പ്രസിഡൻറ് ശ്രീ പി സി ലൂക്കോസിൻെറ അദ്ധ്യക്ഷതയിൽകൂടി പ്രതിഷേധപ്രമേയം പാസാക്കിയിരിക്കുന്നു.

മൂക്കന്നൂർ: ജൂൺ 2. പൊതുയോഗത്തിൽ മെ. കെ സി ആൻറണി, വി വി ഗ്രിഗറി മുതലായവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി.


—o—

## ചരമവാർത്തകൾ

കോടിക്കുളം: തോയലിൽ ചാക്കോ മത്തായി അവർകൾ വാർദ്ധക്യസഹജമായ അസുഖങ്ങളാൽ 1957 ജൂൺ 8-ാംതീയതി 88-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം റവ ഫാദർ ജോൺ പഴയപ്പിള്ളി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടന്നു.

ഉപ്പുതറ: വട്ടക്കുന്നേൽ വർക്കി മത്തായി തൻെറ 89-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം ജൂൺ 11-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. പിറേറദിവസം ഉപ്പുതറ സെൻറ് ഫിലോമിനാപള്ളി വികാരി അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം യഥാവിധി സംസ്കരിക്കപ്പെട്ടു

R. I. P.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 JUNE 19 || No. 43.


# തിരുസഭയുടെ സംരക്ഷണത്തിനു അൽമായരും മുന്നോട്ടുവരണം

"കഷ്ടം! ഇന്നു പല സ്ഥലങ്ങളിലും ക്രിസ്തീയവിശ്വാസം ശക്തിയായ സമ്മർദ്ദത്തിനു കീഴിൽ ഞെരുങ്ങുകയോ നിശ്ശേഷം തിരോഭവിക്കുന്നതിനുള്ള ആപൽഘട്ടത്തിൽ എത്തിയിരിക്കുകയോ ആണ്. വലിയൊരു വിഭാഗത്തിനു സുവിശേഷതത്വങ്ങൾ മിക്കവാറും അജ്ഞാതമായിരിക്കുന്നു; വേറെ ചിലരോ, അവ പുരോഗമനയുഗത്തിലെ മനുഷ്യർക്കു പററുന്നവയല്ല എന്നു മുദ്രയടിച്ച് ധാർഷ്ട്യപൂർവ്വം അവയെ അവഹേളിക്കുന്നു. ജീവിക്കുന്നതിനും, ജോലിചെയ്യുന്നതിനും, പ്രകൃതിയുടെ ഘടകങ്ങളേയും നിയമങ്ങളേയും ഗ്രഹിക്കുന്നതിനും, അവയെ അവരുടെ സേവനത്തിനു പര്യാപ്തമാക്കുന്നതിനും വേണ്ട കാര്യങ്ങളെല്ലാം ബുദ്ധികൊണ്ടും കായബലംകൊണ്ടും ശക്തിവിശേഷംകൊണ്ടും നേടിക്കളയാമെന്നാണ് അവരുടെ ഭാവം. ദൈവത്തിന്റെ സഹായംകൂടാതെ അവരുടെ സ്വന്തമായ പരിശ്രമം മാത്രം മതി അതിനെന്ന് അവർ വിശ്വസിക്കുന്നു. ഇനിയും, മററുള്ളവരുടെ—പ്രത്യേകിച്ചും സംസ്കാരം കുറഞ്ഞവരും, പരമാർത്ഥികളും, അബദ്ധസിദ്ധാന്തങ്ങളുടെ വലയിൽ കുടുങ്ങികഴിഞ്ഞിട്ടുള്ളവരുമായവരുടെ— ഹൃദയങ്ങളിൽനിന്നു, നശ്വരമായ ഈ ലോകജീവിതത്തിലെ ഏകസമാധാനമാർഗ്ഗമായ ക്രിസ്തീയവിശ്വാസത്തെ പുറംതള്ളുന്നതിനും സമൂലം നശിപ്പിക്കുന്നതിനും അത്യദ്ധ്വാനം ചെയ്യുന്നവരുടെ സംഖ്യയും കുറവല്ല. ഈ ലോകത്തിലെ പ്രവാസജീവിതത്തിൽ ഒരിക്കലും പൂർണ്ണമായി പ്രാപിക്കുവാൻ കഴിയാത്ത അതിശയനീയമായ സൗഭാഗ്യത്തെ ഹതഭാഗ്യരായ അവർക്കു അക്കൂട്ടർ വാഗ്ദാനം ചെയ്യുകയാണ്. മാനവസമുദായം ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ വീക്ഷിച്ചാലും ഏതെല്ലാം സ്ഥലങ്ങൾ ചുററിത്തിരിഞ്ഞാലും അതു ദൈവത്തിൽനിന്നു അകന്നുപോകുന്നുവെങ്കിൽ മനുഷ്യഹൃദയം അന്വേഷിക്കുന്ന സ്വസ്ഥതയോ, സമാധാനമോ, ഐക്യമോ അനുഭവിക്കുകയില്ല എന്നു മാത്രമല്ല, ജ്വരപ്പനി ബാധിച്ച മനുഷ്യനെപ്പോലെ അതു് അസ്വസ്ഥമാവുകയും പീഡിതമാവുകയും ചെയ്യും.

"മാനവസമുദായം ഭൗമികമായ ധനത്തേയും സുഖത്തേയും ആനന്ദത്തേയും ആവേശപൂർവ്വം ആരായുകയും അവയിൽ മാത്രം അതിന്റെ ശരണം നിക്ഷേപിക്കുകയും ചെയ്യുമ്പോൾ അതു് മായയായ ഒന്നിനെയാണു അനുധാവനം ചെയ്യുന്നതെന്നും മറിഞ്ഞുവീഴുന്ന ഒന്നിനെയാണു താങ്ങായി പിടിക്കുന്നതെന്നും മനസ്സിലാക്കണം. നിത്യനായ ദൈവവും അവിടുത്തെ ഏററം പരിപാവനമായ നിയമവും കഴിച്ച് മനുഷ്യനു നീതിനിഷ്ഠമായ ക്രമമോ സൗഭാഗ്യമെന്നു യഥാർത്ഥത്തിൽ വിളിക്കപ്പെടാവുന്ന എന്തെങ്കിലുമോ ഇല്ല എന്നുള്ളതാണ് ഇതിനു കാരണം. കൂടാതെ, നമ്മുടെ ആത്മാവുകളെ പരിപൂർണ്ണമായി നിറയ്ക്കുന്നതിനും സംതൃപ്തിപ്പെടുത്തുന്നതിനും മാറിമറിഞ്ഞുകൊണ്ടിരിക്കുന്നതും കടന്നുപോകുന്നതുമായ ലോകവസ്തുക്കൾക്കു സാദ്ധ്യമല്ല; സ്വർഗ്ഗീയവും നിത്യവുമായവയ്ക്കു മാത്രമേ സാദ്ധ്യമാവൂ.

"ഇനിയും ഒരു കൂട്ടരുണ്ട്. മനുഷ്യയുക്തിയുടെ മാർഗ്ഗത്തിൽ ക്രിസ്തീയസിദ്ധാന്തങ്ങൾ പ്രതിബന്ധമായി നില്ക്കുന്നു എന്നാണവരുടെ വാദം. ഇതും സ്വീകാര്യമല്ല. യാഥാർത്ഥ്യം നേരെ മറിച്ചാണ്. അവ വാസ്തവത്തിൽ മനുഷ്യന്റെ യുക്തിമാർഗ്ഗത്തിൽ പ്രകാശവും ഉറപ്പും നൽകുകയാണ്. കാരണം അവ പുറമെ സത്യത്തിന്റെ ഭാവത്തിലുള്ള അസത്യങ്ങളിൽനിന്നു മനുഷ്യബുദ്ധിയെ സംരക്ഷിക്കുകയും വിപുലതരവും ഉന്നതവുമായ ഒരു ചിന്താമണ്ഡലത്തിലേക്കു അതിനെ ആനയിക്കുകയും ചെയ്യുന്നു. യേശുക്രിസ്തുവിന്റെ തത്വസംഹിതയാണ് വിശുദ്ധ സുവിശേഷം. കത്തോലിക്കാസഭ സഭയ്ക്കു ലഭിച്ചിട്ടുള്ള അധികാരം ഉപയോഗിച്ച് ശരിയായ വിധത്തിൽ അതിനെ വ്യാഖ്യാനിക്കുന്നു. അതുകൊണ്ട് അതു പണിപൂർത്തിയായതോ കാലം കഴിഞ്ഞുപോയതോ ആയ ഒന്നാണെന്നു വിചാരിക്കാവതല്ല; നേരെമറിച്ച് അതു സജീവവും വികസിച്ചുകൊണ്ടിരിക്കുന്നതുമായ ഒന്നാണ്. അതിനുമാത്രമേ സത്യത്തിന്റെയും നീതിയുടേയും മററു പുണ്യങ്ങളുടേയും ശരിയായ മാർഗ്ഗം മനുഷ്യനു കാണിച്ചുകൊടുക്കുന്നതിനും, അവരെ സഹോദരപരമായ ഐക്യത്തിലേക്കും സമാധാനത്തിലേക്കും ആനയിക്കുന്നതിനും, അവരുടെ നിയമങ്ങൾക്കും സ്ഥാപനങ്ങൾക്കും സാമൂഹികസംഘടനകൾക്കും ശക്തിമത്തും അചഞ്ചലവുമായ ആധാരമായിരിക്കുന്നതിനും കഴിയുകയുള്ളു.

"നാം മുകളിൽ പ്രസ്താവിച്ചതുപോലെ, കത്തോലിക്കാസഭ ഇന്നു ലോകത്തിന്റെ വിവിധഭാഗങ്ങളിൽ കഠിനമായ പരീക്ഷണങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട്, നമ്മുടെ സർവ്വകഴിവുകളും ഉപയോഗിച്ച് ക്രിസ്തീയസിദ്ധാന്തങ്ങളെ സംരക്ഷിക്കുകയും വ്യാഖ്യാനിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടതു ആവശ്യമായിരിക്കുന്നു. ഗുരുതരമായ ഈ കർത്തവ്യനിർവ്വഹണത്തിൽ നിങ്ങളുടെ വൈദികസഹോദരന്മാരുടെമാത്രം സഹായം തേടിയാൽ പോരാ. അവരിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം മൂലം അവർ അതിൽ സഹകരിക്കാതിരിക്കുകയില്ല. എന്നാൽ ദൈവത്തിനുവേണ്ടിയുള്ള ഈ സമാധാനപരമായ സമരത്തിൽ പങ്കെടുക്കുന്നതിനു സന്നദ്ധതയുള്ള ഉദാരഹൃദയരായ അൽമായരുടെ സഹകരണവും ആവശ്യമുണ്ട്. ദൈവത്തേയും ക്രിസ്തീയസിദ്ധാന്തങ്ങളേയും വെറുക്കുന്നവർ എത്ര ധീരമായി ഈശോമിശിഹായേയും അവിടുന്നു സ്ഥാപിച്ച തിരുസഭയേയും ആക്രമിക്കുന്നുവോ അതിലുപരി തീക്ഷ്ണതയോടുകൂടി വൈദികർ മാത്രമല്ല ഓരോ യഥാർത്ഥകത്തോലിക്കനും പ്രസംഗംകൊണ്ടും പ്രസിദ്ധീകരണംകൊണ്ടും സർവ്വോപരി സമുന്നതവും പ്രോജ്ജ്വലവുമായ മാതൃകകൊണ്ടും പ്രതിസമരം നടത്തേണ്ടിയിരിക്കുന്നു. പക്ഷെ വ്യക്തികളെ എതിർക്കുകയല്ല, സത്യത്തെ സംരക്ഷിക്കുക എന്നതായിരിക്കണം അവരുടെ നയം. ഇതിനായി നിരവധി നഷ്ടങ്ങൾ സഹിക്കേണ്ടിവന്നാലും പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടിവന്നാലും തന്മൂലം യാതൊരുത്തരും പുറംതിരിഞ്ഞോടാതിരിക്കട്ടെ."

പരിശുദ്ധ പിതാവ് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പോളീഷ് രക്തസാക്ഷിയായ വിശുദ്ധ ആൻഡ്രൂ ബൊബോലായുടെ വീരചരമത്തിന്റെ മൂന്നാം ശതവാർഷികാചരണം പ്രമാണിച്ച കഴിഞ്ഞമാസത്തിൽ പ്രസിദ്ധീകരിച്ച ഒരു തിരുവെഴുത്തിലാണ് മേലുദ്ധരിച്ച പ്രസ്താവന ചെയ്തിരിക്കുന്നതു്. തിരുസഭയെ സംബന്ധിച്ച് പറഞ്ഞാൽ മൂന്നൂറുകൊല്ലം മുമ്പുണ്ടായിരുന്ന വിഷമകരമായ സാഹചര്യങ്ങളാണ് ഇന്നും നേരിടേണ്ടിവന്നിരിക്കുന്നതെന്നു തിരുമനസ്സുകൊണ്ട് അതിൽ ചൂണ്ടിക്കാണിക്കുന്നു. വൈദികരോടൊപ്പം അൽമായരും തിരുസഭാസംരക്ഷണത്തിനുവേണ്ടി ധീരസമരം ചെയ്യണമെന്നതാണ് തിരുമനസ്സിലെ ആഹ്വാനം. ശത്രുപക്ഷത്തിന്റെ ദുരാരോപണങ്ങളെ ഒന്നൊന്നായി വിശദീകരിച്ചും അവരുടെ തെററിദ്ധാരണകളുടെ പൊള്ളത്തരം തെളിച്ചുകാണിച്ചും സഭയുടെ നിലപാടിനേയും മാനവവംശത്തെ നിത്യസൗഭാഗ്യത്തിലെത്തിക്കുന്നതിനു അതു സ്വീകരിച്ചിട്ടുള്ള അപ്രമാദമായ ദിവ്യമാർഗ്ഗങ്ങളേയും ശക്തിയുക്തം പ്രതിപാദിച്ചും നമ്മെ കർത്തവ്യബോധമുള്ളവരാക്കുന്നതിനു അവിടുന്നു അതുവഴി ശക്തിമായ ഉൽബോധനം നൽകിയിരിക്കുകയാണ്. തിരുസഭാസംരക്ഷണം വൈദികവിഭാഗത്തിന്റെ മാത്രം കടമയാണെന്നുള്ള മിഥ്യാബോധത്തെ ദൂരീകരിച്ച്, പ്രബലമായ ശത്രുപക്ഷത്തിന്റെ കൗടില്യം നിറഞ്ഞ ആക്രമണത്തിനടിപ്പെടാതെ സത്യത്തിനും സമാധാനത്തിനും മാനവസൗഭാഗ്യത്തിനുംവേണ്ടി വീറോടെ പോരാടുന്നതിനു മുന്നണിയിലേക്കു നീങ്ങുന്നതിനും പ്രസംഗംകൊണ്ടും പ്രസിദ്ധീകരണംകൊണ്ടും സർവ്വോപരി ചൈതന്യപൂർണ്ണമായ ജീവിതമാതൃകകൊണ്ടും സഹോദരസ്നേഹത്തോടെ അടരാടുന്നതിനുമാണ് അവിടുത്തെ പൈതൃകമായ സന്ദേശം ആവശ്യപ്പെടുന്നതു്. ശത്രുക്കളുടെ സർവ്വസാധാരണമായ ഒരു സമരതന്ത്രമാണ് വൈദികരേയും അൽമായരേയും വേർതിരിക്കുകയും ഒററപ്പെടുത്തുകയും ചെയ്യുക എന്നുള്ളതു്. പോളണ്ടിൽ ഈ തന്ത്രം പരാജയപ്പെട്ടതിന്റെ സ്മരണ ഈ പ്രബോധനത്തിനു പരിശുദ്ധ പിതാവിനെ ഉത്തേജിപ്പിച്ചിരിക്കണം. എന്തുകൊണ്ടെന്നാൽ ഒരു പോളീഷ് വിശുദ്ധനായ ബൊബോലായുടെ ഈ മൂന്നാം ശതവത്സരാഘോഷാവസരത്തിൽ, പോളണ്ടിൽ കമ്മ്യൂണിസത്തിനെതിരായി ഇന്നു രക്തസാക്ഷിത്വം അനുഭവിച്ചുപോരുന്ന പോളീഷ് ജനതയുടെ വാത്സല്യഭാജനമായ അത്യുന്നതകർദ്ദിനാൾ വിഷിൻസ്കി വത്തിക്കാനിൽ എത്തിയിരുന്നു. പരിശുദ്ധ പിതാവിന്റെ ഈ ആഹ്വാനം ലോകമാസകലമുള്ള കത്തോലിക്കർ ശ്രദ്ധാപൂർവ്വം മനസ്സിലാക്കുകയും നിഷ്ഠാപൂർവ്വം അവലംബിക്കുകയും ചെയ്യുകയാണെങ്കിൽ ആധുനികകാലത്തു തിരുസഭയെ അലട്ടുന്ന പ്രശ്നങ്ങൾക്കു അതു പ്രതിവിധിയായിരിക്കുമെന്നുള്ളതു സുനിശ്ചയമാണ്.

—o—

*പ്രസാധകക്കുറിപ്പുകൾ*

## അൽമായപ്രേഷിതരുടെ ആഗോളസമ്മേളനം

അടുത്ത ഒക്ടോബർ 5 മുതൽ 13 വരെ റോമിൽവച്ചു അൽമായപ്രേഷിതരുടെ രണ്ടാമത്തെ സാർവ്വദേശീയകോൺഗ്രസ് സമ്മേളനം നടത്തുന്നതിനു നിശ്ചയിച്ചിരിക്കുകയാണല്ലോ അതിനു വേണ്ട സജ്ജീകരണങ്ങൾ നാനാരാജ്യങ്ങളിലും കേന്ദ്രഓഫീസിലും ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതേപ്പററി ലണ്ടൻ കാത്തലിക്ക് ഹെറാൾഡിൽ അതിന്റെ പ്രത്യേക ലേഖകൻ എഴുതിയിട്ടുള്ള ഒരു കുറിപ്പു വളരെ വിജ്ഞാനപ്രദമാണ്. അതിങ്ങനെയാണ്:- "സാർവ്വത്രികമായ തിരുസഭയുടെ ഭരണത്തിൽ പരിശുദ്ധ മാർപ്പാപ്പായെ അനുദിനം സഹായിച്ചുകൊണ്ടിരിക്കുന്ന വൈദികരുടേയും മെത്രാന്മാരുടേയും കർദ്ദിനാളന്മാരുടേയും ഇടയ്ക്കു്, വത്തിക്കാനിലെ പലാസ്സോ ദെല്ലെ കോൺഗ്രെഗാസിയോനി എന്ന കെട്ടിടത്തിന്റെ രണ്ടാംനിലയിലുള്ള ആഫീസ് മുറിയിലിരുന്നു് ഏഴു കുട്ടികളുടെ പിതാവായ ഒരത്മായ വ്യക്തി പ്ലാനിടുകയാണ്, കത്തോലിക്കാ വിശ്വാസികളുടെ ഐക്യരാഷ്ട്ര കോൺഗ്രസ്സിന്റെ രണ്ടാം സമ്മേളനനടത്തിപ്പിനുവേണ്ടി. പിയാസാ സാന്തോ കലിസ്റ്റോവിലുള്ള ഈ കെട്ടിടത്തിൽതന്നെ വിവിധതിരുസംഘങ്ങളുടെ ആറു് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടു്. അവയുടെമദ്ധ്യത്തിലാണ് അത്മായപ്രേഷിതരുടെ ആഗോളകോൺഗ്രസ്സിന്റെ സ്ഥിരം കമ്മററിയുടെ ഓഫീസുകൾ സ്ഥാപിച്ചിരിക്കുന്നതു്. ഇവിടെ, ആസ്ത്രേലിയാ, ജർമ്മനി, കാനഡാ, ഫ്രാൻസ്, ഇററലി മുതലായ രാജ്യങ്ങളിൽനിന്നും തിരിഞ്ഞെടുത്തിട്ടുള്ള ഒരു വിദഗ്ദ്ധസമിതി സിഞ്ഞോർ വിറെറാറിനോ വെറൊനേസെയുടെ നേതൃത്വത്തിൽ, അടുത്ത ഒക്ടോബർ 5 മുതൽ 13 വരെ റോമിൽ സമ്മേളിക്കുന്ന അത്മായ പ്രേഷിതത്വത്തിന്റെ ആഗോളകോൺഗ്രസ്സ് സംഘടനാപ്രവർത്തനങ്ങൾ നടത്തിപ്പോരുന്നു. സിഞ്ഞോർ വെറൊനേസെ 1952-ലാണ് ഈ കമ്മററിയുടെ ജനറൽ സിക്രട്ടറിയായി പരിശുദ്ധപിതാവിനാൽ നിയമിക്കപ്പെട്ടതു്. കഴിഞ്ഞകൊല്ലത്തിൽ ന്യൂഡൽഹിയിൽ ചേർന്ന സർവ്വരാജ്യസമ്മേളനത്തിൽ "യുനെസ്കോ"യുടെ എക്സിക്യൂട്ടീവ് ബോർഡിന്റെ ജനറൽ സിക്രട്ടറിയായും അദ്ദേഹം സർവ്വസമ്മതമായി തിരിഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. 16 വയസ്സിനു താഴെയായി ഏഴു സന്താനങ്ങളിൽ അഭിമാനംകൊള്ളുന്ന ഒരു പിതാവാണദ്ദേഹം. അദ്ദേഹവുമായി വളരെ ബദ്ധപ്പാടിൽ നടത്തപ്പെട്ട ഒരു അഭിമുഖസന്ദർശനത്തിൽവച്ചു് ഒക്ടോബർ കോൺഗ്രസ്സിനെ സംബന്ധിച്ച ഇപ്രകാരമാണ് സംസാരിച്ചതു്. "ആധുനികലോകത്തിലെ ഈ വിഷമഘട്ടത്തിൽ അൽമായവിഭാഗത്തിന്റെ കർത്തവ്യം" എന്നതാണ് കോൺഗ്രസ്സിലെ പ്രധാന പ്രതിപാദ്യം. ഇപ്പോൾ 6 കൊല്ലമായി തുടർച്ചയായ ഒരുക്കങ്ങൾ സമാരംഭിച്ചിട്ടു്. ഈ കോൺഗ്രസ്സിനെ ലക്ഷ്യംവച്ചാണ് കഴിഞ്ഞ ഒക്ടോബറിൽ മോൺടെവിഡെയോ, ഉറുഗ്വെ എന്നീ സ്ഥലങ്ങളിൽ ലാററിൻ അമേരിക്കൻ കത്തോലിക്കാ പ്രവർത്തനസമ്മേളനങ്ങൾ നടത്തപ്പെട്ടതു്. ഈ ലക്ഷ്യത്തിൽതന്നെയാണ് യുണൈറെറഡ് സ്റ്റേററ്സിൽ കത്തോലിക്കാ ദേശീയകൗൺസിലുകൾ—സ്ത്രീകളുടേതും, പുരുഷന്മാരുടേയും—പഠനസമിതികൾ നടത്തിയതും തുടർന്നു നടത്തിക്കൊണ്ടിരിക്കുന്നതും. അത്മായപ്രേഷിതത്വത്തിൽ അവരുടെ ഭാഗഭാഗിത്വത്തെപ്പററി പരാമർശിക്കുന്നതിനു ഏഷ്യൻരാജ്യങ്ങളിലെ കത്തോലിക്കർ 1955-ൽ മാനിലായിൽ ഒരു സമ്മേളനം നടത്തി. അതിനുമുമ്പായി ആഫ്രിക്കൻ നേതാക്കന്മാർ ഉഗാണ്ടായിൽ കിസൂബി എന്ന സ്ഥലത്തു യോഗംകൂടി ആ ഭൂഖണ്ഡത്തിലെ അൽമായപ്രേഷിതപ്രവർത്തനങ്ങളെപ്പററി ചർച്ച ചെയ്തു. ഈ സമ്മേളനങ്ങൾ അതതുരാജ്യങ്ങളിലെ അത്മായപ്രേഷിതപ്രവർത്തനസമിതികൾ രൂപവത്ക്കരിച്ചിട്ടുണ്ടു്. യൂറോപ്പിലും പ്രാരംഭപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു.

"കോൺഗ്രസ്സിന്റെ വേറൊരു പ്രത്യേകത അൽമായപ്രേഷിതത്വത്തിന്റെ തത്വപരമായ നിലപാടു ശക്തിപ്പെടുത്തുക എന്നതായിരിക്കും" എന്നാണ് സിഞ്ഞോർ വെറെനെസെ പ്രസ്താവിച്ചതു്. "കോൺഗ്രസ് കഴിയുമ്പോൾ അൽമായപ്രേഷിതത്വത്തിന്റെ സ്വഭാവത്തെപ്പററിയും അതിന്റെ വിവിധ പ്രവർത്തനപ്രസ്ഥാനങ്ങളെക്കുറിച്ചും, ഓരോ രാജ്യത്തുമുള്ള ഹയരാർക്കികളുമായി അവയ്ക്കുള്ള ബന്ധത്തെപ്പററിയും കൂടുതൽ വിശദമായ അറിവു ലഭിക്കുന്നതായിരിക്കും. "കഴിഞ്ഞ ഏതാനും വർഷങ്ങളിൽ റോമിലും മററു സ്ഥലങ്ങളിലും നമ്മുടെ സഭാകമ്മീഷനുകളുമായി സഹകരിച്ച് ദൈവശാസ്ത്രജ്ഞന്മാരുടേയും സാമൂഹികശാസ്ത്രജ്ഞന്മാരുടേയും സമിതികൾ നടത്തിയിട്ടുള്ള പര്യാലോചനകളുടെ ഫലമായി പ്രസ്ഥാനത്തിന്റെ താത്വികമായ വശങ്ങൾ സമ്യക്കായി രൂപംപ്രാപിച്ചിട്ടുണ്ടു്. കോൺഗ്രസ്ദിവസങ്ങളിലെ സായാഹ്നചർച്ചകൾക്കായി രൂപവല്ക്കരിച്ചിട്ടുള്ള പരിപാടികൾ ഇന്നു മാനവവംശത്തെ അലട്ടുന്ന ചില സുപ്രധാനപ്രശ്നങ്ങളെ സ്പർശിക്കുന്നവയാണ്. അവ ചിരസ്ഥായിയായ തീരുമാനങ്ങൾക്കു വഴിതെളിക്കാതിരിക്കുകയില്ല. അവയിൽ ഒന്നാംകിട കത്തോലിക്കാചിന്തകന്മാർ "മതവും സംസ്കാരവും", "ശാസ്ത്രവും സാങ്കേതികജ്ഞാനവും", "പൗരപരവും സാമൂഹികവുമായ ജീവിതം" എന്നിവയെ സംബന്ധിച്ച് ചർച്ചകൾ നടത്തുന്നതായിരിക്കും" എന്നദ്ദേഹം പറഞ്ഞു. ഈ അവസരത്തിൽ ഞാനദ്ദേഹത്തോടു ചോദിച്ചു: "കത്തോലിക്കാവിശ്വാസത്തിന്റെ ഐക്യരാജ്യസമ്മേളനം" എന്നു റോമൻപത്രങ്ങൾ ഒന്നാമത്തെ കോൺഗ്രസിനെപ്പററി പ്രസിദ്ധീകരിച്ചിരുന്നില്ലേയെന്നു്. "എന്തുകൊണ്ടു് അങ്ങനെ അഭിസംബോധനചെയ്തുകൂടാ?" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. "ആദ്യകോൺഗ്രസ്സിൽ 74 രാജ്യങ്ങൾ പ്രതിനിധീകരിക്കപ്പെട്ടിരുന്നു. അന്നു ഐക്യരാഷ്ട്രസംഘടനയ്ക്കു അത്രയും പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. ഇപ്പോൾ ഈ ഓഫീസിൽ കിട്ടിക്കൊണ്ടിരിക്കുന്ന റിപ്പോർട്ടുകളിൽനിന്നും ഞാൻ ഉറപ്പായി വിശ്വസിക്കുന്നതു് അടുത്ത കോൺഗ്രസ്സിൽ അതിൽ കൂടുതലായ രാജ്യങ്ങളുടെ പ്രാതിനിധ്യവും പ്രതിനിധികളുടെ ശ്രേഷ്ഠതയും ഉണ്ടാകുമെന്നാണ്. ക്രിസ്തുവിന്റെ പ്രതിനിധിയായ മാർപ്പാപ്പായുടെ ആസ്ഥാനമായ ഈ റോമിൽ സമ്മേളിക്കുന്ന അൽമായപ്രതിനിധികളുടെ ഈ യോഗം മാനവവംശം ചിരകാലമായി ആരാഞ്ഞുകൊണ്ടിരിക്കുന്ന സാർവ്വസാഹോദര്യത്തിൽ മുന്നോട്ടുള്ള ഒരു പുതിയ കാൽവെയ്പ്പായിരിക്കും."

ഈ അവസരത്തിൽ പതിവനുസരിച്ച് അദ്ദേഹത്തിന്റെ നാലു കുട്ടികൾ അവിടെ കയറിവന്നു

# തിരസ്ക്കരണികളുള്ളിൽ

(റവ. ഫാദർ ജേക്കബ് മാഞ്ഞൂരാൻ ബി. ഏ.)

(തുടർച്ച)

## ബൾഗേറിയാ—അൽബേനിയാ.

ഫാസിസ്റ്റ്പുലിയുടെ നഖഅ്രങ്ങളിൽനിന്നു ചാടി രക്ഷപ്പെട്ട ബൾഗേറിയാ ഉടനെ സോവിയററു കരടിയുടെ വായിൽ ചെന്നുവീണു. രാജ്യത്തെ കമ്മ്യൂണിസ്റ്റ്മയമാക്കുവാൻ ആദ്യം മോസ്കോകിങ്കരന്മാർ പിടികൂടിയതു് ദേവാലയങ്ങളെയാണു്. അവയുടെ പ്രവർത്തനങ്ങളിലെല്ലാം കൈകടത്തി എല്ലാം അട്ടിമറിക്കുവാനുള്ള ഒരു പരിപാടിയാണു് അവർ ആദ്യംതന്നെ രൂപീകരിച്ചതു്. ബൾഗേറിയായിലെ കത്തോലിക്കാജനസംഖ്യ ഉദ്ദേശം 60,000 വരുന്നതാണു്. റുമേനിയായിലെപ്പോലെ ഇവിടേയും ലത്തീൻ റീത്തും പൗരസ്ത്യറീത്തും ഉണ്ടു്. ബൾഗേറിയായിലെ കത്തോലിക്കാസഭയ്ക്കു ജനതാമദ്ധ്യത്തിൽ വലിയ സ്വാധീനശക്തിയുണ്ടു്. ജനങ്ങളുടെ പൊതുജീവിതത്തെ സാരമായി സ്പർശിക്കുന്ന ഒന്നാംതരം സ്കൂളുകളും കോളേജുകളും ആശുപത്രികളും കത്തോലിക്കാസഭ നടത്തിപ്പോരുന്നതാണു് അതിനു പ്രധാനകാരണം. ഫ്രാൻസിസ്കൻ, പാഷണിസ്റ്റ് സന്യാസികളാണു് കാര്യക്ഷമമായവിധം അവിടെ പ്രവർത്തനം നടത്തുന്നതു്. വൈദികരും കന്യാസ്ത്രീകളുംകൂടി ഏതാണ്ടു് 300 പേരോളം ഉണ്ടാകും.

1949-ൽ മതസ്വാതന്ത്ര്യം വാഗ്ദാനംചെയ്തുകൊണ്ടു് സോവിയററുരീതിയിലുള്ള ഭരണഘടനസ്വീകരിക്കപ്പെട്ടതിനുതലേദിവസം കമ്മ്യൂണിസ്റ്റ്ഗവമ്മേണ്ടു് പുറംലോകവുമായുള്ള എല്ലാ ബന്ധങ്ങളും അടച്ചുകളഞ്ഞു. ബെൽഗ്രേഡിൽ അപ്പസ്തോലിക്കായുടെ രാജ്യത്തിലേക്കു് കടക്കുവാനുള്ള അനുമതി നിഷേധിച്ചുകൊണ്ടു് വത്തിക്കാനുമായുള്ള എല്ലാ ബന്ധങ്ങളും വെട്ടിമുറിച്ചു. ഒരു മെത്രാനേയും 27 വൈദികരേയും കമ്മ്യൂണിസ്റ്റ്ഗവമ്മേണ്ടു് അന്നുതന്നെ അറസ്റ്റ്ചെയ്തു. അങ്ങിനെ ബൾഗേറിയായിലെ കത്തോലിക്കാസഭയ്ക്കു ശക്തിയായ ഒരു പ്രഹരം നൽകിക്കൊണ്ടു് കമ്മ്യൂണിസ്റ്റ്കാർ അവരുടെ മർദ്ദനപരിപാടിയുടെ അരങ്ങേററം നടത്തി. സ്കൂളുകൾ, അനാഥശാലകൾ, ആശുപത്രികൾ തുടങ്ങിയുള്ള എല്ലാ കത്തോലിക്കാസ്ഥാപനങ്ങളേയും ഗവമ്മേണ്ടിലേക്കു് കണ്ടുകെട്ടി. പാശ്ചാത്യരാജ്യങ്ങളിൽ ലഭിച്ചിട്ടുള്ള റിപ്പോർട്ടനുസരിച്ചു ഇപ്പോൾ രാജ്യത്തിലെ സന്യാസികളുടേയുംവൈദികരുടേയും എണ്ണം 120 ആയി കുറഞ്ഞിരിക്കുന്നു. കത്തോലിക്കാപള്ളികൾ പൂട്ടപ്പെട്ടു. കത്തോലിക്കാവിശ്വാസികൾ ഭ്രഷ്ടായവരെപ്പോലെ പുറംതള്ളപ്പെട്ടു. മോസ്ക്കോയെ തൊഴുതുനില്ക്കുന്നവർക്കു മാത്രമേ രാജ്യത്തിൽ സ്ഥാനമുള്ളു എന്ന നിലയായി. അങ്ങിനെ പോകുന്നു ബൾഗേറിയായിലെ മതമർദ്ദനകഥ.

അൽബേനിയായിൽ 100,000 കത്തോലിക്കരാണുള്ളതു്. അവരെ അൽബേനിയായിലെ കമ്മ്യൂണിസ്റ്റ്ഗവമ്മേണ്ടു് മോസ്ക്കോയിൽനിന്നുള്ള നിർദ്ദേശം അനുസരിച്ചു് അതിനിഷ്ഠൂരമായി പീഡിപ്പിക്കുകയും നിഷ്ക്കരുണം അടിച്ചമർത്തുകയും ചെയ്തതിലുള്ള മനുഷ്യത്വമില്ലായ്മയിൽ അൽബേനിയൻകമ്മ്യൂണിസ്റ്റുകൾകൂടി പ്രതിഷേധസ്വരമുയർത്തി. കമ്മ്യൂണിസ്റ്റുകൾ 1945-ൽ അൽബേനിയായെ കൈയടക്കിയപ്പോൾ രാജ്യത്തിലൊട്ടാകെ 120 വൈദികരുണ്ടായിരുന്നതു് ഇന്നു വെറും 20 മാത്രമായി അവശേഷിച്ചിരിക്കുന്നു. ഒരൊററ കത്തോലിക്കാ മെത്രാനെങ്കിലും ഇന്നു അൽബേനിയായിലില്ല. ഇററലിയിലെ വൈദികരായി, പ്രത്യേകിച്ചു് ഇററലിയിലെ ഈശോസഭാവൈദികരായി അൽബേനിയാക്കാർക്കു് പാരമ്പര്യമായിട്ടുണ്ടായിരുന്ന ബന്ധം നിശ്ശേഷം പരിച്ഛേദിച്ചു. വൈദികസെമ്മിനാരികളെല്ലാം പൂട്ടപ്പെട്ടു. വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം ദേശസാല്ക്കരിച്ചു. 1951 ആഗസ്റ്റ് മാസത്തിൽ വത്തിക്കാനുമായുള്ള എല്ലാത്തരം ബന്ധങ്ങളും വിച്ഛേദിച്ചുകൊണ്ടുള്ള കമ്മ്യൂണിസ്റ്റ്ഗവമ്മേണ്ടിൻെറകല്പന പ്രഖ്യാപിച്ചതോടെ അൽബേനിയായിലെ മതമർദ്ദനം അതിൻെറ മൂർദ്ധന്യത്തിലെത്തി. ഇന്നു മർദ്ദിതമായ ഒരു നിശ്ശബ്ദസഭ മാത്രമേ അൽബേനിയായിലുള്ളു. അവശേഷിച്ചിരിക്കുന്ന കത്തോലിക്കാവിശ്വാസികൾ സംശയിക്കപ്പെടുകയും വേട്ടയാടപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. അങ്ങിനെ കത്തോലിക്കാവിശ്വാസത്തെ നിശ്ശേഷം രാജ്യത്തിൽനിന്നു തുടച്ചുനീക്കുന്നതിനാണു് കമ്മ്യൂണിസ്റ്റ്കാർ അവരുടെ സർവ്വശ്രദ്ധയും കഴിവുകളും ഇന്നു കേന്ദ്രീകരിച്ചിരിക്കുന്നതു്.

—o—

## വിജ്ഞാപനം

മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനതിരുനാൾ പ്രമാണിച്ചു് ജൂലൈ 3-ാം തീയതി സ്പെഷൽ പുറപ്പെടുന്നതുകൊണ്ടു്, ജൂൺ 26-ാം തീയതി പത്രം മുടക്കമാണു്.

സത്യദീപം മാനേജർ.

ഭക്ഷണത്തിനു സമയമായി എന്നറിയിച്ചു. ഉടനെ ഞങ്ങൾ കാറിൽക്കയറി ട്രാസ്റ്റെവേർ തെരുവുകൾ ചുററി ടൈബർനദിയുടെ തീരംവഴി അദ്ദേഹത്തിൻെറ വീട്ടിലേക്കുപോയി. കാറിൽവച്ചും അദ്ദേഹം സംഭാഷണം തുടർന്നുകൊണ്ടിരുന്നു: "തിരുസഭയുടെ ദൗത്യം", "അൽമായരുടെ കത്തവ്യം", "ആധുനികലോകത്തിൻെറ ആവശ്യം" എന്നിവയായിരിക്കും കോൺഗ്രസ്സിൽ പരാമർശിക്കപ്പെടുന്ന പ്രധാനവിഷയങ്ങൾ. അൽമായപ്രേഷിതത്വത്തിൻെറ കടമകളേയും ഉത്തരവാദിത്വങ്ങളേയും സംബന്ധിച്ചുള്ള പ്രാരംഭചർച്ചകൾക്കുശേഷം ഓരോ ഭൂഖണ്ഡങ്ങളിലും അൽമായപ്രേഷിതത്വം എങ്ങനെ നടക്കുന്നുവെന്നുള്ള പര്യാലോചനങ്ങളിൽ ഏർപ്പെടും. ഇതുവഴി ഇന്നത്തെ ലോകസ്ഥിതിയെപ്പററിയുള്ള ഒരു വിശദജ്ഞാനം ലഭിക്കുന്നതാണു്. അവസാനം വിവിധ ചർച്ചാസമിതികളായി തിരിഞ്ഞു് ഈ പ്രസ്ഥാനത്തിൽ എങ്ങനെയാണു് കുടുംബങ്ങളും ഇടവകകളും സ്കൂളുകളും അൽമായസംഘടനകളും സഹകരിക്കേണ്ടതെന്നു പര്യാലോചനകൾ നടത്തും. ഏവംവിധം സമാഗതമാകുന്ന കോൺഗ്രസ്സ്‌വഴി കത്തോലിക്കാ അൽമായവിഭാഗത്തിനും അവരുടെ പ്രസ്ഥാനങ്ങൾക്കും ഒരു നവചൈതന്യം പ്രദാനംചെയ്യുന്നതും, തിരുസഭയ്ക്കു ഇന്നത്തെ മാനവസമുദായത്തിനു നൽകുവാൻ ഒരു സന്ദേശമുണ്ടെന്നു ലോകത്തിനു പ്രത്യക്ഷമായി കാണിച്ചുകൊടുക്കുന്നതുമായിരിക്കും." ഇങ്ങനെയാണു റിപ്പോർട്ടു സമാപിപ്പിച്ചിരിക്കുന്നതു്. സാർവ്വലൗകികമായ ഈ പ്രസ്ഥാനത്തിൽ കേരളീയകത്തോലിക്കരും സർവ്വാത്മനാ സഹകരിക്കേണ്ടതാണെന്നു എടുത്തുപറയേണ്ടതില്ലല്ലോ. നമ്മുടെ അൽമായപ്രേഷിതത്വത്തെപ്പററി പഠിക്കുന്നതിനും അതിനെ ലോകത്തിൻെറ ഇതരഭാഗങ്ങളിലെ പ്രവത്തനപദ്ധതികളുമായി സംയോജിപ്പിച്ചും സംഘടിപ്പിച്ചും ഊർജ്ജസ്വലമായി പുരോഗമിപ്പിക്കുന്നതിനും നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിൻെറ രക്ഷാകരസന്ദേശം ദുർഭഗമായ ആധുനികലോകത്തിനു ഉയർത്തിക്കാണിക്കേണ്ട കത്തവ്യം കത്തോലിക്കരായ ഓരോ വ്യക്തിയിലും നിലകൊള്ളുന്നുവെന്നുള്ളതു ഒരിക്കലും വിസ്മരിക്കാവുന്നതല്ലല്ലോ.

# വിവിധവൃത്താന്തങ്ങൾ

## വൈദികർക്കു ഇററാലിയൻ ഗവർമ്മെൻറിൻെറ ബഹുമതി

"വിദേശങ്ങളിൽ വസിക്കുന്ന പ്രസിദ്ധ ഇററാലിയൻപൗരന്മാർക്കാ"യി നിശ്ചയിച്ചിട്ടുള്ള ബഹുമതികൾ കഴിഞ്ഞകൊല്ലത്തിൽ 13 പേർക്കു ഇററാലിയൻഗവർമ്മെൻറു നൽകുകയുണ്ടായി. രണ്ടു കത്തോലിക്കാവൈദികർ അക്കൂട്ടത്തിൽ 1956 ലെ ബഹുമതികൾക്കർഹരായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. എത്യോപ്യായിൽ 35 കൊല്ലം ഒരു മിഷനറിയായി സേവനമനുഷ്ഠിച്ചുപോരുന്ന റവ. ഫാദർ ഉഗൊളിനോ ദാ ലിസോനെ എന്ന കപ്പൂച്ചിൻവൈദികനാണൊന്നു്. എത്യോപ്യാക്കാരനായ ഒരാൾക്കു കുഷ്ഠരോഗം ബാധിച്ചു് വളരെയധികം അരോചകംവരുത്തുന്ന സ്ഥിതിയിലെത്തി. അയാളുടെ സ്വന്തക്കാരും സ്നേഹിതന്മാരുമെല്ലാം അയാളെ വെറുത്തു പുറംതള്ളി. ഫാദർ ഉഗൊളിനൊ ഇതുകണ്ടു് ശാന്തമായി ആ കുഷ്ഠരോഗിയെ സമീപിക്കുകയും അവനെ ആലിംഗനംചെയ്തു സമാശ്വസിപ്പിക്കുകയുംചെയ്തു. അത്ഭുതസ്തബ്ധരായ ജനങ്ങളുടെ റിപ്പോർട്ടിനെ ആധാരമാക്കിയാണു് ഇററാലിയൻഗവമ്മെൻറു് അദ്ദേഹത്തെ സമ്മാനാർഹനായി തിരിഞ്ഞെടുത്തതു്. തിരിഞ്ഞെടുക്കപ്പെട്ട മറെറാരു വൈദികൻ ഫ്രാൻസിലുള്ള സ്കലബ്രീനിയാനി വൈദികരുടെ ശ്രേഷ്ഠനായ ഫാദർ കൊസ്റ്റാനിനോ സാബ്ബിബിയാണു്. പാരീസിൻെറ പ്രാന്തപ്രദേശങ്ങളിൽ താമസിക്കുന്ന ഇററാലിയൻ കുടിയേററക്കാരുടെ ഇടയിൽ അദ്ദേഹം നിർവ്വഹിച്ചിട്ടുള്ള പ്രശസ്തമായ അപ്പസ്തോലികസേവനങ്ങളെ പരിഗണിച്ചാണു് അദ്ദേഹത്തിനു ബഹുമതിബിരുദം പ്രദാനംചെയ്യപ്പെട്ടതു്.

—o—

## വിദ്യാഭ്യാസാവകാശ സംരക്ഷണസമിതി നിയമിച്ചു

കേരളാസ്റ്റേററു് ഗവമ്മെണ്ടു നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന നൂതനമായ വ്യവസ്ഥകൾമൂലം രാജ്യത്തുള്ള പ്രൈവററുസ്കൂൾ മാനേജുമെൻറുകൾക്കും നാടിനും വിവിധ ജനവിഭാഗങ്ങൾക്കും നേരിടാവുന്ന അപകടങ്ങളെപ്പററിയും പ്രൈവററുസ്കൂൾ മാനേജുമെൻറുകളുടെ അവകാശധ്വംസനത്തെപ്പററിയും മററും പൊതുജനാഭിപ്രായം രൂപവൽക്കരിച്ചു വേണ്ട പരിഹാരമാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിനു് കേരളകത്തോലിക്ക ബിഷപ്പ്സ് കോൺഫറൻസിൻെറ നിർദ്ദേശമനുസരിച്ചു അവരുടെ വിദ്യാഭ്യാസക്കമ്മിററി ഒരു "പ്രൈവററ് സ്കൂൾ അവകാശസംരക്ഷണസമിതി"യായി താഴെ പറയുന്നവരെ നിയമിച്ചിരിക്കുന്നു. മെ. പി ജെ സെബാസ്റ്റ്യൻ (ചെയർമൻ) എൻ വി ജോസഫ്, എൻ എക്സ് ചെറിയാൻ. അതനുസരിച്ചു് അവർ കോട്ടയത്തു് കെ കെ റോഡിൽ കത്തീഡ്രലിൻെറ എതിർവശം കാത്തലിക് മിഷൻ പ്രസ് കെട്ടിടത്തിൽ ആഫീസ് സ്ഥാപിച്ചു പ്രവത്തനം നടത്തിവരുന്നു. ആഫീസ് മാനേജരായി ശ്രീ എൽ സി ഐസക്ക് ബി ഏ ബി എൽനെ നിയമിച്ചിട്ടുണ്ടു്. വിദ്യാഭ്യാസ പ്രക്ഷോഭണം സംബന്ധിച്ചുള്ള എഴുത്തുകുത്തുകൾ മാനേജരുടെ പേരിൽ അയക്കേണ്ടതാകുന്നു.

## അടുത്തയാഴ്ചയിൽ

ജൂൺ

20 വ്യാ: വി. കുർബാനയുടെ തിരുനാൾ

21 വെ: വി. ലൂയീസ് ഗൊൺസാഗ

22 ശ: വി. പൗലീനൂസ്

23 ഞാ: പന്തക്കുസ്താ 2-ാം ഞായർ

24 തി: വി. യോഹന്നാൻ മാംദാന

25 ചൊ: വി. പ്രോസ്പർ

26 ബു: വി. യോഹന്നാനും പൗലോസും

## വത്തിക്കാൻ പ്രതിനിധിയെ ബ്രിട്ടനിലേക്കു അയക്കുന്നില്ല

ബ്രിട്ടനെ പ്രതിനിധീകരിക്കുന്നതിനു ഒരു ഔദ്യോഗികസ്ഥാനപതിയെ ഈയിടെ വത്തിക്കാനിലേക്കു അയക്കുകയുണ്ടായല്ലൊ. അതുകൊണ്ടു് ഒരു വത്തിക്കാൻ സ്ഥാനപതി ബ്രിട്ടണിലേക്കും നിയമിക്കപ്പെടുമോ എന്നുള്ള ചോദ്യത്തിനു ബ്രിട്ടീഷ് ഫോറിൻസിക്രട്ടറി ഇപ്രകാരം സമാധാനം പറഞ്ഞു: ഇതേസംബന്ധിച്ചു എന്തെങ്കിലും പുതിയൊരു നടപടി തുടങ്ങുന്നതിനു അദ്ദേഹം ഉദ്ദേശിച്ചിട്ടില്ല. ബ്രിട്ടൻെറ ഒരു ഔദ്യോഗികപ്രതിനിധി വത്തിക്കാനിലുണ്ടെങ്കിലും വത്തിക്കാൻെറ അത്തരത്തിലുള്ള ഒരു പ്രതിനിധി ബ്രിട്ടണിലില്ല. ഇവിടത്തെ ലിഗെററു് അപ്പസ്തോലിക്ക് കത്തോലിക്കാസഭയിലെ ഒരു വൈദികസ്ഥാനംമാത്രമാണു് ഇവിടെ വഹിക്കുന്നതു്. എങ്കിലും പ്രായോഗികമായി ഇരുരാജ്യങ്ങളും തമ്മിലുള്ള രാജ്യതന്ത്രപരമായ കാര്യങ്ങളിൽ അദ്ദേഹത്തിനു ഇടപെട്ടു പ്രവത്തിക്കേണ്ടതായിവരും. അദ്ദേഹത്തിനു ഒരു രാജ്യതന്ത്രപ്രതിനിധിയുടെ പൂർണ്ണമായ പദവി അനുവദിക്കണമെന്നു ഗ്രേററ്ബ്രിട്ടണിലെ കാത്തലിക്ക് യൂണിയൻ സംഘടന കുറെനാളായി നിർബന്ധിച്ചുകൊണ്ടിരിക്കുകയാണു്.

## മെക്സിക്കോയിൽ കമ്മ്യൂണിസ്റ്റ് കയ്യേററം

മെക്സിക്കോയിൽ കമ്മ്യൂണിസ്റ്റ് പ്രേരണയിൽ ഈയിടെ ഒരു ഗണം വിദ്യാർത്ഥികൾ ആക്രമിക്കപ്പെട്ടു. എക്സെൽസിയോർ എന്ന മെക്സിക്കൻ പ്രതിദിനപത്രം അതിൻെറ മുഖലേഖനത്തിൽതന്നെ പറഞ്ഞിരിക്കുന്നതു് രണ്ടു സോവ്യററുദ്യോഗസ്ഥന്മാർ കമ്മ്യൂണിസ്റ്റ്കളുടെ ഇടയിൽ നടന്ന ഏററുമുട്ടലുണ്ടാക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു എന്നാണു്. അവിടത്തെ സോവ്യററു എംബസിയുടെ ഗൂഢാലോചനയിലും പ്രോത്സാഹനത്തിലുമാണു് ഈ സംഭവം നടന്നതെന്നാണു് വിശ്വസിക്കപ്പെടുന്നതു്. ഗ്വാഡലജാറായിലെ കത്തോലിക്കാ യൂണിവേഴ്സിററിയിലെ വിദ്യാർത്ഥികൾ അടുത്തുള്ള ഗ്വാഡലോപ്പ് മാതാവിൻെറ കപ്പേളയിലേക്കു തീർത്ഥയാത്രയായി പോവുകയായിരുന്നു. പെട്ടെന്നു അവിടത്തെ സ്റ്റേററു യൂണിവേഴ്സിററിയിലെ വിദ്യാർത്ഥികൾ വന്നു അവരെ ആക്രമിച്ചു. ദൂരെനിന്നു കല്ലെറിയുകയും കുട്ടികൾക്കിടയിൽ പ്രവേശിച്ചു അവരെ വടികൊണ്ടും ചങ്ങലകൊണ്ടും അടിക്കുകയും മററും ചെയ്തു. ആൺകുട്ടികളും പെൺകുട്ടികളുമായി 100 ലധികം പേർക്കു കഠിനപരുക്കുകൾ പററിയിട്ടുണ്ടു്. അക്രമികൾ സിററികോളേജിനേയും ആക്രമിച്ചു ഒരു കെട്ടിടം അഗ്നിക്കിരയാക്കുവാനും അവർ ഉദ്യമിക്കാതിരുന്നില്ല. പോലീസിനു അവരെ നിരോധിക്കുവാൻ സാദ്ധ്യമല്ലാതിരുന്നതുകൊണ്ടു് പട്ടാളത്തെ നിയോഗിച്ചാണു് സമാധാനം സ്ഥാപിച്ചതു്. എക്സെൽസിയോർ പത്രം അതിൻെറ ആരോപണങ്ങളുടെ തെളിവുകൾ വിശദമാക്കിയിട്ടില്ലെങ്കിലും അവയെല്ലാം ഗവമ്മേണ്ടിനു നേരിട്ടു നിശ്ചയമുള്ളവയാണെന്നു പ്രസ്താവിച്ചിട്ടുണ്ടു്.

## അമേരിക്കൻമെത്രാനു ജർമ്മൻബിരുദം

ബോസ്റ്റണിലെ മെത്രാപ്പോലീത്തായായ കുഷിംഗ്തിരുമേനിക്കു ജർമ്മനിയും അമേരിക്കൻ ഐക്യരാജ്യങ്ങളുമായുള്ള സൗഹൃത്ബന്ധങ്ങളെ നിലനിർത്തുന്നതിൽ തിരുമേനി ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങളുടെ സ്മരണയ്ക്കായി ജർമ്മനിയുടെ "ഗ്രാൻഡ്ക്രോസ് ഓഫ് ദി ഓർഡർ ഓഫ് മെരിററ്" എന്ന ബഹുമതിബിരുദം നൽകിയിരിക്കുന്നു.

## ജർമ്മൻപ്രസിഡണ്ടു് മാർപ്പാപ്പായെ സന്ദർശിച്ചേക്കും

ജർമ്മനിയിലെ നൺഷിയോ മുഞ്ച് മെത്രാപ്പോലീത്താ ഊയിടെ പരിശുദ്ധ പിതാവിനെ സന്ദർശിച്ചപ്പോൾ, അടുത്ത ശരല്ക്കാലത്തു് ജർമ്മൻ ഫെഡറൽ റിപ്പബ്ളിക്ക് പ്രസിഡണ്ടു് ഹെയസ് വത്തിക്കാൻ സന്ദർശിക്കുമെന്നതിനെപ്പററി പ്രതിപാദിച്ചതായി വിശ്വസിക്കപ്പെടുന്നു. അതു നടക്കുകയാണെങ്കിൽ ഒരു ജർമ്മൻപ്രസിഡണ്ടു് വത്തിക്കാൻ സന്ദർശിക്കുന്ന ആദ്യത്തെ സംഭവമായിരിക്കും അതു്. പ്രസിഡണ്ടു് ഹെയസ് ഒരു പ്രോട്ടസ്റ്റൻറുകാരനാണു്.

## സാൽസ്ബർഗ്ഗിൽ പുരാതനവസ്തു ഗവേഷണം

സാൽസ്ബർഗ്ഗ് കത്തീഡ്രലിൽ നടത്തിക്കൊണ്ടിരുന്ന ഖനനങ്ങളുടെ ഫലമായി പല പുരാതനവസ്തുക്കളും കണ്ടുകിട്ടിയിരിക്കുന്നു. അവിടെ വളരെ പഴക്കത്തിൽ ഉണ്ടായിരുന്നതായി വിശ്വസിക്കപ്പെടുന്ന ഒരു പള്ളിയുടെ ചുമരുകളും അവയിലെ വിചിത്രവേലകളും കണ്ടുകിട്ടിയിട്ടുണ്ടു്. 700 കൊല്ലത്തിലധികം പഴക്കമുള്ളവയാണവ. മദ്ധ്യയുഗങ്ങളിലെ മെത്രാന്മാരുടെ ശവകുടീരങ്ങളാണു് വേറൊരിനം. വളരെ വിചിത്രവേലകൾ ചെയ്തിട്ടുള്ള വസ്ത്രങ്ങളും സ്ഥാനികമോതിരങ്ങളും പ്രസ്തുതശവക്കല്ലറകളിൽനിന്നു ലഭിച്ചിട്ടുണ്ടു്.

## ഇററലിയിൽ രണ്ടു പാർട്ടികൾമുന്നേറുന്നു

അടുത്തു നടന്ന ഇററലിയിലെ പ്രാദേശിക തിരിഞ്ഞെടുപ്പുകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു മൊത്ത

# മുണ്ടശ്ശേരിയുടെ പദ്ധതി

## വ്യക്തിസ്വാതന്ത്ര്യത്തേയും ജനാധിപത്യത്തേയും അപകടത്തിലാക്കും

### പ്രൈവററ് സ്കൂൾ അവകാശസംരക്ഷണസമിതിയുടെ പ്രസ്താവന

1. കേരളകത്തോലിക്കാ ബിഷപ്പ്സ് കോൺഫറൻസ് സംഘടിപ്പിച്ചതാണ് പ്രൈവററ് സ്കൂൾ അവകാശസംരക്ഷണസമിതിയെങ്കിലും (Private School's Right's Defence Committee) ഈ സമിതി മതപരമോ വിഭാഗീയമോ ആയ വ്യത്യാസങ്ങൾക്കതീതമായി സ്റ്റേററിലുള്ള എല്ലാ പ്രൈവററ് സ്കൂളുകളുടേയും അവകാശസംരക്ഷണത്തിനായി നിലകൊള്ളുന്നു. ഈ വസ്തുത മെത്രാന്മാരുടെ വിദ്യാഭ്യാസക്കമ്മിററി പാസ്സാക്കിയിട്ടുള്ള പ്രമേയത്തിൽ നിന്നും കാണാവുന്നതാണ്.

**പൊതുവെ ഹാനികരം**

2. പ്രൈവററ് ഏജൻസികളാൽ നടത്തപ്പെടുന്ന സ്കൂളുകൾ ഗവമ്മെൻറ് സ്കൂളുകളേക്കാൾ നന്നായും കാര്യക്ഷമമായും നടത്തപ്പെടുന്നുവെന്നതു് പരക്കെ അറിവുള്ളതാണ്. പ്രൈവററ് സ്കൂളുകളിൽനിന്നു പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ ഗവമ്മെൻറ് സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളേക്കാൾ ശിക്ഷണബോധവും കാര്യപ്രാപ്തിയുമുള്ളവരാണ്. പ്രൈവററ് സ്കൂളുകളെ ഗവമ്മെൻറ് സ്കൂളുകളുടെ രീതിയിലും സ്ഥിതിയിലുമാക്കി രൂപാന്തരപ്പെടുത്തേണ്ട ആവശ്യമില്ലെന്നു മാത്രമല്ല ആ പ്രവൃത്തി തികച്ചും വിദ്യാഭ്യാസത്തിനും രാജ്യത്തിൻെറ സദ്യശസ്സിനും പുരോഗതിക്കും ഹാനികരവുമാകുന്നു.

**കരാർലംഘനമാണ്**

3. 1951-ൽ തിരുവിതാംകൂർ കൊച്ചി ഗവമ്മെൻറും പ്രൈവററ് സ്കൂൾ മാനേജരന്മാരുംകൂടി ചെയ്ത ഉടമ്പടിവ്യവസ്ഥകളുടെ നിർവ്വഹണത്തിനും തുടർന്നുള്ള നിലനില്പിനുമാണ് കമ്മിററി നിലകൊള്ളുന്നതു്. 1951-ലെ ആ തീരുമാനമാകട്ടെ അന്നത്തെ ഇൻഡ്യൻനാഷനൽ കോൺഗ്രസ് പ്രസിഡണ്ടും പരേതനായ മുക്കർജിയുംകൂടി നടത്തിയ വിപുലമായ അന്വേഷണത്തിൻെറയും തുടർന്നു സമർപ്പിച്ച റിപ്പോർട്ടിൻെറയും റിപ്പോർട്ടിനെ അടിസ്ഥാനമാക്കി കേന്ദ്രഗവമ്മെൻറു പാസ്സാക്കിയ ഉത്തരവുകളുടേയും ഫലമായി ഉണ്ടായിട്ടുള്ളതാണ്. ഇന്നത്തെ തർക്കത്തിനു വിഷയമാകുന്ന പ്രധാന കാര്യങ്ങൾ എല്ലാംതന്നെ അന്നത്തെ തീരുമാനത്തിനു വിധേയമായിട്ടുള്ളവയാണെന്നും അവ ഇന്നത്തെ ഗവമ്മെൻറിനേയും ബാധിക്കുന്നതാണെന്നുമാണ് ഞങ്ങളുടെ വാദം. പ്രൈവററ് സ്കൂൾമാനേജരന്മാരുടെ സമ്മതംകൂടാതെ ആ തീരുമാനത്തിനു ഭേദഗതി ചെയ്യാവുന്നതല്ല. അന്നത്തെ തീരുമാനത്തിനു സമൂലമാററം വരുത്തുന്നതു് എന്തായാലും അനാശാസ്യവും അനീതിയുമാണ്.

**ഭരണഘടനാലംഘനമുണ്ട്**

4. ഇപ്പോഴത്തെ ഗവമ്മെൻറു പദ്ധതി നടപ്പിലാക്കുന്നപക്ഷം അതു ഭരണഘടനാവ്യവസ്ഥകളെ ലംഘിക്കുകയും ന്യൂനപക്ഷവിഭാഗങ്ങൾക്കു വിദ്യാലയങ്ങൾ സ്ഥാപിക്കുവാനും നടത്തുവാനുമുള്ള അവിതർക്കിതമായ അവകാശസ്വാതന്ത്ര്യങ്ങളെ ഹനിക്കുകയും ചെയ്യുമെന്നു് ഞങ്ങൾക്കു ബോദ്ധ്യമായിരിക്കുന്നു.

**ഇതൊരടവു മാത്രമാണ്**

5. കോട്ടയത്തുവച്ചു് വിദ്യാഭ്യാസമന്ത്രി നടത്തിയ കോൺഫറൻസിൽ, ഇന്നത്തെ ഗവർമ്മെൻറിൻെറ ആശയഗതികൾക്കനുസരണമായി വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തിൽ മാററം വരുത്തണമെന്നു അദ്ദേഹം ചെയ്ത പ്രസ്താവന, മാതാപിതാക്കന്മാർക്കു അവരുടെ സന്താനങ്ങളെ പരിഷ്കൃതലോകം അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കു ഭംഗംവരുത്താതെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള ജന്മസിദ്ധവും അടിസ്ഥാനപരവുമായ അവകാശത്തിൻെറ മൂലത്തെയാണ് തകർക്കുന്നതെന്നുള്ളതാണ് ഞങ്ങളുടെ ഖണ്ഡിതമായ അഭിപ്രായം. മതത്തിൻെറയും ഭാരതം സ്വീകരിച്ചിട്ടുള്ള സന്മാർഗ്ഗനിയമത്തിൻെറയും അഭേദ്യങ്ങളും പാവനവുമായ തത്വങ്ങളെ തകിടംമറിച്ചു് അവയുടെ സ്ഥാനത്തു് മാർക്സിയൻ കമ്മ്യൂണിസത്തിൻെറ വിധ്വംസകവും നിരീശ്വരപരവുമായ ആദർശങ്ങളെ ഗവമ്മെൻറിൻെറ പുതിയ പരിപാടികൾ മൂലം പ്രതിഷ്ഠിക്കുകയെന്നതാണ് ഇന്നത്തെ ഗവർമ്മെൻറിൻെറ ലക്ഷ്യമെന്നു കാണപ്പെടുന്നു.

വ്യക്തിസ്വാതന്ത്ര്യങ്ങളും ജനാധിപത്യതത്വങ്ങളും കേവലം സർവ്വാധിപത്യരാഷ്ട്രമാകുന്ന ചളുരംഗക്കളത്തിലെ കരുക്കൾമാത്രമാകുന്നു എന്നുള്ള സിദ്ധാന്തങ്ങൾ ബാലമനസ്സുകളിൽ കുത്തിവച്ചു് ദൃഢമൂലമാക്കിയാൽ വ്യക്തിസ്വാതന്ത്ര്യവും ജനാധിപത്യതത്വങ്ങളും അപകടത്തിലായി നാശമടയുന്നതാണ്. കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറിൻെറ ഈ തന്ത്രപരമായ നീക്കത്തെ ഞങ്ങൾ ശക്തിയായി എതിർക്കുകയും നിർദ്ദിഷ്ടമായ വിദ്യാഭ്യാസപരിഷ്കാരശ്രമം അവരുടെ ലക്ഷ്യപ്രാപ്തിക്കായുള്ള അടവുമാത്രമാണെന്നു് പ്രഖ്യാപിക്കുകയും ചെയ്യുന്നു. പുതിയ ഗവർമ്മെണ്ടു് രംഗപ്രവേശം ചെയ്ത അവസരത്തിൽ തങ്ങൾ ഭരണഘടനാപരിധിക്കുള്ളിൽ പ്രവർത്തനം നടത്തുമെങ്കിലും തങ്ങളുടെ (കമ്മ്യൂണിസ്റ്റ് സംഘടനയുടെ) ലക്ഷ്യത്തെ വിസ്മരിക്കുന്നതല്ലായെന്നു് മുഖ്യമന്ത്രി പരസ്യമായിചെയ്ത പ്രസ്താവന സ്മർത്തവ്യമാണ്.

**റീജനൽകൗൺസിലിനെ എതിർക്കുന്നു**

6. ഗവർമ്മെണ്ടു് സംഘടിപ്പിക്കുന്ന പ്രാദേശികസമിതി തയാറാക്കുന്ന ലിസ്റ്റു് അദ്ധ്യാപകനിയമനത്തിനായി മാനേജരന്മാരുടെമേൽ കെട്ടിയേല്പിക്കുന്നതിനുള്ള ശ്രമത്തേയും ഞങ്ങൾ എതിർക്കുന്നു. ഇന്നത്തെ ഗവമ്മെണ്ടു് അധികാരത്തിൽ പ്രവേശിച്ചതിനെ തുടർന്നുള്ള ചുരുങ്ങിയ രണ്ടുമാസക്കാലത്തെ അനുഭവംവച്ചു നോക്കിയാൽ ഗവമ്മെണ്ടു് ഏർപ്പെടുത്തുന്ന പ്രാദേശികസമിതികളിലും ഭരണസ്ഥാപനങ്ങളിലും കമ്മ്യൂണിസ്റ്റു പാർട്ടിയിലെ സുശിക്ഷിതരായ അംഗങ്ങൾക്കായിരിക്കും പ്രമുഖസ്ഥാനമെന്നു് ആർക്കും ബോദ്ധ്യമായിക്കഴിഞ്ഞിരിക്കുകയാണ്. പ്രൈവററു സ്കൂളുകളെ കമ്മ്യൂണിസ്റ്റനുഭാവികളായ അദ്ധ്യാപകന്മാരെക്കൊണ്ടു് നിറയ്ക്കുവാനാണ് പ്ലാനെന്നു സുവ്യക്തമായിരിക്കുന്നു. ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തിൻെറ ഈ വശത്തെപ്പററി ചിന്തിക്കുന്ന കേരളത്തിലെ ഏതൊരു പൗരനും ഗവർമ്മെണ്ടിൻെറ പ്രസ്തുത ഗതിയെ ശക്തിപൂർവ്വം എതിർക്കുമെന്നുള്ളതിൽ ഞങ്ങൾക്കു സംശയം അശേഷമില്ല.

മുകളിൽ വിശദമാക്കിയിട്ടുള്ള കാരണങ്ങളാൽ പ്രൈവററ് സ്കൂളുകളെ പ്രാദേശികസമിതികളുടേയും റീജനൽ അധികാരസ്ഥാപനങ്ങളുടേയും സംസ്ഥാനവിദ്യാഭ്യാസസമിതിയുടേയും നിയന്ത്രണത്തിലാക്കണമെന്നുള്ള ഗവർമ്മെണ്ടുനിർദ്ദേശത്തെ ഞങ്ങൾ എതിർക്കുന്നു.

**ദേശവല്ക്കരണത്തിൻെറ പ്രാരംഭം**

7. മാനേജുമെൻറുകളാൽ മോശമായി നടത്തപ്പെടുന്ന സ്കൂളുകളെ ഗവമ്മെൻറ് ഏറെറടുക്കണമെന്നുള്ള നിർദ്ദേശം നിയമമാകുന്നപക്ഷം അതു് ഭരണഘടനാനിയമപ്രകാരം ഗവർമ്മെൻറിനോ നിയമസഭയ്ക്കോ ചെയ്യുവാൻ അധികാരമില്ലാത്ത നടപടിക്കു് പരോക്ഷമായി വഴിതെളിക്കുന്ന കരുവാണ്. കമ്മ്യൂണിസ്റ്റുകാരുടെ ദേശവല്ക്കരണപദ്ധതി നടപ്പിലാക്കുവാനുള്ള ആരംഭമാണ്. ഇതിൽനിഗൂഢമായിരിക്കുന്നതു്. നിലവിലിരിക്കുന്ന കർശനനിയന്ത്രണത്തിൽ മോശമായ സ്കൂൾമാനേജുമെൻറിനു് ഇടമില്ല. ഏതെങ്കിലും ഒരു മാനേജർ കുററക്കാരനാണെന്നു കണ്ടാൽ ആ മാനേജർക്കു് മതിയായ ശിക്ഷ നൽകാവുന്നതാണ്. അങ്ങനെയുള്ള ഒരു കേസിൽപോലും ഒരു സ്ഥാപനത്തിനു് അതിൻെറ വക ഖിലമതിക്കപ്പെടേണ്ട ആസ്തി ഇല്ലാതാക്കുന്നതു് ന്യായീകരിക്കാവുന്നതല്ല.

**ശമ്പളവിതരണപ്രശ്നം**

8. അദ്ധ്യാപകന്മാരുടെ വേതനം വർദ്ധിപ്പിക്കുകയും അവരുടെ സർവ്വീസ് കഴിയുന്നതും ഉറപ്പുള്ളതാക്കുകയും ചെയ്യുന്ന കാര്യത്തിൽ ഞങ്ങൾ ഗവമ്മെൻറിൻെറ അഭിപ്രായത്തോടു യോജിക്കുന്നു. എന്നാൽ അദ്ധ്യാപകന്മാരുടെ ശമ്പളം ഗവർമ്മെൻറു നേരിട്ടു് അദ്ധ്യാപകന്മാർക്കു കൊടുക്കണമെന്നുള്ള ഗവമ്മെൻറുനിർദ്ദേശം സ്വീകാര്യമല്ലെന്നു് വ്യക്തമാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അദ്ധ്യാപകശമ്പളം മാനേജരന്മാർക്കു നൽകുമ്പോൾ അതിൽനിന്നു അപഹരിക്കുന്നുവെന്നതാണ്, ഈ വ്യവസ്ഥ പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പറയുന്ന കാരണം. അങ്ങനെ അപഹരണം നടത്തുന്ന പ്രൈവററ് സ്കൂൾ മാനേജരന്മാർ ഉള്ളതായി ഞങ്ങൾക്കറിവില്ല. അഥവാ ഏതെങ്കിലുമൊരു മാനേജർ ഈ അപഹരണക്കുററക്കാരനായി കണ്ടാൽ നിലവിലുള്ള ചട്ടങ്ങൾക്കു വിധേയമായിത്തന്നെ ആ മാനേജരെ പിടികൂടി മാതൃകാപരമായി ശിക്ഷിക്കാവുന്നതാണ്. അതിനുപകരം എല്ലാ പ്രൈവററ് സ്കൂൾ മാനേജരന്മാരിൽനിന്നും അവരുടെ അദ്ധ്യാപകന്മാർക്കു വേതനം നൽകുവാനുള്ള സ്വതസിദ്ധമായ അവകാശം എടുത്തുകളയുന്നതു് നിയമനകർത്താക്കളും നിയമിതരും തമ്മിലുള്ള നല്ല ബന്ധത്തിൻെറ അടിസ്ഥാനതത്വത്തെതന്നെ ഉന്മൂലനംചെയ്യുന്ന പ്രവൃത്തിയാണ്. ഈ നിർദ്ദേശവും ദേശവല്ക്കരണമാർഗ്ഗത്തിലെ വേറൊരു കാൽവയ്പാണെന്നുള്ള കാരണത്താൽ അസ്വീകാര്യമാണ്.

**ജനാധിപത്യത്തെ തകർക്കും**

9. നിർദ്ദിഷ്ടങ്ങളായ വ്യവസ്ഥകൾ ആകപ്പാടെ പരിശോധിച്ചാൽ ഹിററ്ലർ ജർമ്മനിയിലും മുസ്സോളിനി ഇററലിയിലും കമ്മ്യൂണിസ്റ്റ് ഗവമ്മെൻറ് അവർക്കു് ആധിപത്യമുള്ള എല്ലാ രാജ്യങ്ങളിലും ചെയ്തതുപോലെയും കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറ് വ്യക്തികളെക്കൊണ്ടു യാന്ത്രവല്ക്കരിക്കപ്പെട്ട ഒരു സാമൂഹ്യവ്യവസ്ഥിതി സ്വീകരിപ്പിച്ചും നമ്മുടെ പ്രിയപ്പെട്ട ഭാരതഭൂമിയിൽ ഒരു ജനാധിപത്യവ്യവസ്ഥിതി നടപ്പിലാക്കണമെന്നുള്ള ഭരണഘടനാലക്ഷ്യത്തെ ശിഥിലമാക്കിയും ഇൻഡ്യൻ ദേശീയജീവിതത്തിൻെറ അടിസ്ഥാനംതന്നെ നശിപ്പിക്കുവാനാണ് ഉദ്യമിക്കുന്നതെന്നു സംശയരഹിതമായി പറയാവുന്നതാണ്.

**വേണ്ടതു ചെയ്യുക**

അവസാനമായി, കേരളസംസ്ഥാനത്തിലെ ഓരോ പൗരനും ഒരുറച്ചനില സ്വീകരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസപരിഷ്കാരവ്യവസ്ഥകളിൽ, അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുവാനും അവർക്കു സേവനസ്ഥിരത നൽകുവാനുമുള്ളവയൊഴിച്ചുള്ള വ്യവസ്ഥകൾ നമ്മുടെമേൽ കെട്ടിവയ്ക്കാതിരിക്കുവാൻ വേണ്ടതു ചെയ്യണമെന്നും കേരളത്തിലെ എല്ലാ പൗരജനങ്ങളേയും ഞങ്ങൾ വിനീതമായി ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

കോട്ടയം
ജൂൺ 15

—o—


**Would you like to be a Religious in a Foreign Country?**

An American Congregation of Religious Sisters invites candidates who have got religious vocation, to join their Order in America. The expenses will be met by them. They may admit at present one or two deserving candidates. Girls who are graduates or having equivalent standard in English may apply in the following address, with certificates of age, qualification and conduct.

"X" C/o Sathyadeepam
Ernakulam 1.


**18-ാമതു ചരമവാർഷികം**



ശ്രീ മത്തായി മത്തായി
കണ്ടിരിക്കൽ
മടക്കത്താനം, തൊടുപുഴ
ജനനം 1902 ഫെബ്രുവരി 4
മരണം 1939 ജൂൺ 12
ദയാപരനായ ഈശോയെ
ഈ ആളിൻെറ ആത്മാവിനു
നിത്യശാന്തി നൽകേണമെ

## ഇടവകവാർത്തകൾ

**കച്ചേരിക്കടവു്:** റൈററു റവ. മോൺ. തോമ്മസ് പഴേപറമ്പിൽ അവർകളുടെ രക്ഷാകർതൃത്വത്തിൽ നടത്തിപ്പോരുന്ന കച്ചേരിക്കടവു് സെൻറു് ജോർജ് സൺഡേസ്കൂളിൻെറയും, സെൻറു് ലിററിൽഫ്ളവർ ലീഗിൻെറയും സംയുക്തവാർഷികം ജൂൺ 9-ാം തീയതി ഞായറാഴ്ച മോൺ. ജെ. പുത്തേട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തി. ബ്രദർ പോൾ റാവു ബി എ. വിദ്യാർത്ഥികൾക്കു മതപഠനം നടത്തേണ്ടുന്നതിൻെറ ആവശ്യകതയെ പുരസ്കരിച്ചു് പ്രസംഗിച്ചു കുട്ടികളുടെ വിവിധകലാപരിപാടികൾ സമ്മേളനത്തെ മോടിപിടിപ്പിച്ചു. പരീക്ഷയിലും മത്സരക്കളികളിലും വിജയികളായവർക്കു് സമ്മാനദാനവും നടത്തപ്പെട്ടു.

**നിർമ്മലപുരം:** അഖില കേരള ചെറുപുഷ്പമിഷൻലീഗു് നിർമ്മലപുരംശാഖയുടെ തൃതീയ വാർഷികം ജൂൺ 2-ാംനു സ്ഥലം സെൻറു് മേരീസ് ചാപ്പലിൽവച്ചു റവ. ഫാദർ ജേക്കബ് അയന്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കുകയുണ്ടായി. മെ: ജോൺ ജെ കണയംപ്ലാക്കൽ, സി ഡി ചാണ്ടി ഭരണങ്ങാനം എന്നിവരായിരുന്നു പ്രസംഗകർ. റിപ്പോർട്ടുവർഷത്തിൽ 1000 ക. മിഷൻകാര്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടു്. ലീഗംഗങ്ങളിൽ രണ്ടു പേർ മിഷനിൽ ചേർന്നു.

**ചെമ്മലമററം:** അഖില കേരളചെറുപുഷ്പമിഷൻലീഗു് ചെമ്മലമററം ശാഖയുടെ ഏഴാമതുവാർഷികം ജൂൺ 2-ാംനു റവ. ഡോക്ടർ കുര്യൻ വഞ്ചിപ്പുര ജെ. ഡി അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ ബ്രദർ തോമ്മസ് ററി. കടപ്പൂർ ബി എ അവർകൾ പ്രസംഗിച്ചു.

**കുളത്തൂർ:** ഉച്ചക്കടപള്ളിയുടെ മദ്ധ്യസ്ഥയായ വി. അമ്മത്രേസ്യായുടെ സ്വരൂപം മേയ്മാസം 28-ാംനു ചൊവ്വാഴ്ച ആഘോഷമായ പാട്ടുകുർബാനയോടുകൂടിയും അനേകവൈദികരുടെ സാന്നിദ്ധ്യത്തിലും വെരി റവ. ഫാദർ സേവ്യർ ലീൻ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും സ്ഥാപിക്കപ്പെട്ടു.

**മമ്മിയൂർ.** ഗുരുവായൂർ ലിററിൽഫ്ളവർ വനിതാകോളേജിൽനിന്നു് ആദ്യമായി മദ്രാസ് യൂണിവേഴ്സിററിയുടെ ഇൻറർമീഡിയററു് പരീക്ഷയ്ക്കു ചേർന്ന 66 വിദ്യാർത്ഥിനികളിൽ 46 പേരും വിജയികളായിരിക്കുന്നു.

ത്തിൽ ആകെ 142 സ്ഥാനങ്ങൾ കിട്ടിയിട്ടുണ്ടു്. എങ്കിലും ക്രിസ്ത്യൻ ഡെമോക്രാററിക്കു് പാർട്ടിതന്നെയാണ് ഇപ്പോഴും മുന്നണിയിൽ നില്ക്കുന്നതു്. അടുത്ത വസന്തത്തിൽ ഇററലിയിൽ നടക്കാൻ പോകുന്ന പൊതുതിരിഞ്ഞെടുപ്പിൻെറ ഒരു പ്രാരംഭചിഹ്നമാണ് ഇപ്പോഴത്തെ ജനഹിതത്തിൻെറ പ്രകടനമെന്നൂഹിക്കേണ്ടിയിരിക്കുന്നു. അതിൽനിന്നു മനസ്സിലാക്കാവുന്നതു് ഇററാലിയൻ ജനത അവിടെയുള്ള രണ്ടു പ്രബലപാർട്ടികളിലായി ലയിക്കുകയാണ് എന്നത്രെ. അവയിൽ ഏതിനാണ് കൂടുതൽ ജനസ്വാധീനം ലഭിക്കുക എന്നതാണ് പ്രശ്നം

## വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്തായെ

### എം പി മാർ സല്ക്കരിക്കുന്നു

വെസ്റ്റു് മിനിസ്റ്റർ മെത്രാപ്പോലീത്താ മോസ്റ്റു് റവ. ഡോക്ടർ ഗോഡ്ഫ്റെ തിരുമേനിയെ ഹൗസ് ഓഫ് കോമൺസിൽവച്ചു് എല്ലാ പാർട്ടികളിലും വിവിധ വകുപ്പുകളിലും പെട്ട എം. പി. മാരുടെ ഒരു സംഘം ഈയിടെ അനുമോദനങ്ങളും സല്ക്കാരങ്ങളും നടത്തി ബഹുമാനിക്കുകയുണ്ടായി.

# ബെററി ജെഫ്റീസിൻെറ ആത്മകഥനം

(റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ., ഡി. ഡി.)

ഇതു് എന്നെ സംബന്ധിക്കുന്ന ഒരു കാര്യംമാത്രമാണു്. എൻെറ വിശേഷങ്ങൾ ആരായുന്ന അഞ്ചാറു എഴുത്തുകൾ എനിക്കു കിട്ടി. എന്തെങ്കിലും മഹൽകാര്യം ചെയ്യുവാൻ കഴിഞ്ഞിട്ടുള്ള ഒരാളായിരുന്നെങ്കിൽ അനേകമാസങ്ങൾക്കുമുമ്പുതന്നെ സംഭവബഹുലവും രസാവഹവുമായ എൻെറ ജീവിതവശങ്ങൾ ഞാൻ ബഹുജനസമക്ഷം നിരത്തിവച്ചുമായിരുന്നു. ഞാൻ വെറും ഒരു സാധാരണക്കാരിയാകയാൽ പലരുടേയും ചോദ്യങ്ങൾക്കു ഉത്തരമായി ഒന്നുരണ്ടു വരികൾ കുത്തിക്കുറിക്കുവാനേ കാണുന്നുള്ളു.

ഞാൻ ഒരിക്കൽ ബിഷപ്പു് ഫുൾട്ടൺ ഷീനു് ഒരു കത്തയച്ചു. ഈ പത്തുകൊല്ലങ്ങൾക്കിടയ്ക്കു് ആരാണു് അദ്ദേഹത്തിനു് ഒരെഴുത്തു അയച്ചിട്ടില്ലാത്തതു്? അന്നു് അദ്ദേഹം ഒരു മോൺസിഞ്ഞോർ മാത്രമായിരുന്നു; എല്ലാ ഞായറാഴ്ചയും അദ്ദേഹം റേഡിയോയിൽ സംസാരിക്കുകയും ചെയ്യുമായിരുന്നു. ഞങ്ങൾ പ്രോട്ടസ്റ്റൻറുകാരായിരുന്നെങ്കിലും ഞങ്ങളെല്ലാവരും അദ്ദേഹത്തിൻെറ പ്രസംഗം മുടങ്ങാതെ ശ്രവിച്ചിരുന്നു. അദ്ദേഹത്തിൻെറ സ്വരവും ഭാവവുമൊക്കെ വളരെ പ്രിയംകരമാണു്. ഒരിക്കൽ ചില വിഷയങ്ങളെ സംബന്ധിച്ചു് അദ്ദേഹത്തിൻെറ ഉപദേശം ആവശ്യപ്പെട്ടു് അദ്ദേഹത്തിനു ഞാനൊരു കത്തയച്ചു. പത്തുപതിനൊന്നു പേജിൽ കവിയാത്ത ഒരു കുറിപ്പുമാത്രമായിരുന്നു അതു്. ആറുമാസം കഴിഞ്ഞിട്ടും മറുപടിയൊന്നുമുണ്ടായില്ല. അതിനിടയ്ക്കു് എൻെറ ആ സംശയങ്ങളെല്ലാം താനേ നീങ്ങി; തൽസ്ഥാനത്തു മുമ്പത്തേക്കാൾ പ്രയാസമേറിയ ഒരു നൂറു സംശയങ്ങളല്ലാം ഉയന്നുവന്നതു്.

അങ്ങനെയിരിക്കെ മോൺസിഞ്ഞോർ ഷീൻെറ ഒരു കത്തു എനിക്കുകിട്ടി. ഒരു പേജുള്ള ഒരു മറുപടിയെങ്കിലും ലഭിക്കുമെന്നായിരുന്നു എൻെറ വിശ്വാസം: എന്നാൽ ഒരു വാചകംമാത്രമായിരുന്നു മറുപടി. എൻെറ എഴുത്തിൻെറ ആദ്യത്തെ ഒന്നുരണ്ടു പക്ഷത്തിൽ "ഞാൻ" എന്ന പദം ഞാൻ എത്രപ്രാവശ്യം ഉപയോഗിച്ചിരുന്നുവെന്നു് അദ്ദേഹം എണ്ണിനോക്കിയെന്നും അറുപതുവരെ താൻ എണ്ണിയെന്നുമാണു് എഴുത്തിൻെറ സംക്ഷേപം. അവിടെനിന്നു് ആരംഭിച്ചാൽ എൻെറ പ്രശ്നങ്ങൾക്കു മറുപടിയുണ്ടാകുമെന്നാണു് അദ്ദേഹം ഉപദേശിച്ചതു്.

ബിഷപ്പു് ഷീൻ ന്യൂയോക്കിലേക്കു താമസം മാററുന്നതിനുമുമ്പു ഞാൻ അദ്ദേഹത്തെ വാഷിംഗ്ടണിൽവച്ചു കാണുകയുണ്ടായി. ഞാൻ അദ്ദേഹത്തിൻെറ ഉപദേശത്തിനു നന്ദിപറഞ്ഞു. ഞാൻ ആ ഉപദേശം ശരിയായി പിഞ്ചെന്നിരുന്നില്ലെങ്കിലും അതു് എത്രയും വാസ്തവമാണെന്നു് എനിക്കു ബോദ്ധ്യമായിരുന്നു. ബിഷപ്പു് തിരുമേനി ഈ ലേഖനം വായിക്കുകയില്ലായിരിക്കാം; ഇതിൽ അദ്ദേഹം കൂടുതൽ പ്രാവശ്യം "ഞാൻ" എന്ന പ്രയോഗം കാണുമായിരിക്കും. എന്നാൽ ഒരു ആത്മകഥനത്തിൽ എങ്ങനെ ഞാൻ "അഹ"പ്രയോഗത്തിൽനിന്നു ഒഴിഞ്ഞുമാറും?

ഞാൻ ജീവിതത്തിൽ പലതും ചെയ്തിട്ടുണ്ടു്. ജനൽതുടയ്ക്കുക. പഴങ്ങൾ പെറുക്കി സൂക്ഷിക്കുക, പത്രങ്ങൾക്കു വാത്തകളയക്കുക, കോളെജിൽ പഠിപ്പിക്കുക, ഒരു മഠത്തിലെ സന്ദേശങ്ങൾ യഥാസ്ഥാനങ്ങളിൽ എത്തിക്കുക ഇങ്ങനെ പല ജോലികൾ ഞാൻ ചെയ്തിട്ടുണ്ടു്. എൻെറ പുസ്തകങ്ങൾക്കു പണം കിട്ടിത്തുടങ്ങുന്നതുവരെ നിരവധി തൊഴിലുകളിൽ ഞാൻ ഏപ്പെടുകയുണ്ടായി. എഴുതാൻ എനിക്കു കൊതിയായിരുന്നു; എന്താണാവോ കാരണം. അതിനാൽ ജോലികളെല്ലാം താല്ക്കാലികമായിരുന്നു. ആദ്യംകിട്ടുന്ന തൊഴിൽതന്നെ എപ്പോഴും സ്വീകരിച്ചുവന്നു. എന്തസൗകര്യമുണ്ടായാലും ഒരു സംഗതി ചെയ്തേ മതിയാവൂ എന്നൊരുത്തൻ നിനയ്ക്കുകയാണെങ്കിൽ അതു ഒരിക്കൽ സാധിതമാകതന്നെ ചെയ്യും.

എന്താ, ഞാൻ പറയുന്നതു ശരിയല്ലേ? "വേണമെങ്കിൽ വേരിലും കായ്ക്കും" എന്നുള്ളതു് എന്നേക്കാൾ ഭേദമായി അനുവാചകക്കു അറിയാവുന്നതാണു്. ഹൃദയസംതൃപ്തിയോടെ രോഗികൾ ആശുപത്രികളിൽനിന്നു് അയക്കുന്ന കത്തുകൾ ഞാൻ പറയുന്നതിനു് ഉപോൽബലകമാണു്. ഒരിക്കൽ ന്യൂമെക്സിക്കോയിൽനിന്നു ലൂസില എന്നൊരു പെൺകുട്ടിയുടെ ഒരെഴുത്തു എനിക്കു കിട്ടി. നമ്മിൽ പലക്കും ശരിയായി ഗ്രഹിക്കുവാൻ വഹിയാത്ത ഒരു കാര്യം, മനുഷ്യസ്വഭാവത്തിൻെറ അന്തരാത്മകപ്രവത്തനഗതി അവളുടെ എഴുത്തുകളിൽനിന്നു് എനിക്കു മനസ്സിലാക്കുവാൻകഴിഞ്ഞു. കുറേക്കാലമായിട്ടു് ഈ കുട്ടി ശാരീരികവും ആത്മീയവുമായ ക്ഷയരോഗത്തിനു അടിപ്പെട്ടിരിക്കയായിരുന്നു. ഇന്നു് അവൾ അവളുടെ പീഡകളെപ്രതിയും ദൈവത്തോടു നന്ദി പ്രദശിപ്പിക്കുന്നു. അതു തികച്ചും വീരോചിതമാണു്. പരാജയങ്ങളും ത്യാഗങ്ങളും അനാരോഗ്യവും വഴി മറേറതൊരുവിധത്തിലും സാദ്ധ്യമല്ലാത്തവണ്ണം അവൾ അവിടുത്തെ സമീപിച്ചിരിക്കുന്നു. ഇപ്രകാരമാണു് അവൾ എനിക്കു എഴുതിയിരിക്കുന്നതു്; അവളുടെ ധൈര്യംകണ്ടു ഞാൻ വിസ്മയിക്കുകയാണു്.

എന്നാൽ ലൂസിലയ്ക്കും വിഷാദഘട്ടങ്ങളുണ്ടു്; അതുപോലെ എനിക്കുമുണ്ടു്. ഒരിക്കൽ കത്താവിൻെറ മാർഗ്ഗം അവലംബിച്ചാൽ പിന്നീടു് എന്തുദുരദൃഷ്ടങ്ങളുണ്ടായാലും സന്താപത്തിൻെറ നിഴൽ ലേശാതെ സാനന്ദം മുന്നേറുമെന്നായിരുന്നു എൻെറ വിചാരം. ഇതിൽനിന്നു ഊഹ്യമാണല്ലോ എൻെറ മൗഢ്യം. ഈ ലോകത്തിൽ ജീവിക്കുന്നിടത്തോളംകാലം ചില വിഷമങ്ങളും ക്ലേശങ്ങളും ഉണ്ടാകാതിരിക്കയില്ല.

ഈ ലോകത്തേയും ഈ ലോകത്തിലെ നിവാസികളേയും വീക്ഷിച്ചു് ധാരാളം സമയം ഞാൻ പാഴാക്കിയിട്ടുണ്ടു്. പരലോകത്തെപ്പററി അധികമൊന്നും എനിക്കറിഞ്ഞുകൂടാ. പുണ്യവാന്മാരോടു് എനിക്കു വലിയ ബഹുമാനം തോന്നാറുണ്ടു്; എന്നാൽ അവരുടെ ജീവിതം എൻെറ ഹൃദയത്തെ സ്പശിച്ചിട്ടില്ല. വാഷിംഗ്ടണെപ്പോലെയാണു് എൻെറ ദൃഷ്ടിയിൽ പുണ്യവാന്മാർ. വാഷിംഗ്ടൺ ഒരു മഹാനാണു്; ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നുമുണ്ടു്; എന്നാൽ എനിക്കു അദ്ദേഹത്തോടു് ഒരു പ്രതിപത്തിയും തോന്നുന്നില്ല. എൻെറ സ്നേഹിതരിൽ ചിലർ, പ്രത്യേകിച്ചു് കന്യാസ്ത്രീകൾ പുണ്യവതികളാകാനുള്ള ആഗ്രഹം പ്രദശിപ്പിക്കുന്നതു കേൾക്കുമ്പോൾ എനിക്കു ഭയങ്കര വെറുപ്പാണു തോന്നിയിരുന്നതു്. നേതാക്കളോ, യോദ്ധാക്കളോ, വേണ്ടാ ധീരാത്മാക്കളോ ആകുവാൻ അവർ ആഗ്രഹം പ്രദശിപ്പിച്ചിരുന്നെങ്കിൽ ഞാൻ അവരെ വാനോളം സ്തുതിക്കുമായിരുന്നു. പുണ്യവതിയാകണമെന്നതൊഴിച്ചു മറെറന്തെങ്കിലും പറഞ്ഞെങ്കിൽ എനിക്കു വിഷമമുണ്ടാകയില്ലായിരുന്നു. ആ വാക്കു് എനിക്കു തെല്ലും രസിച്ചിരുന്നില്ല.

ഇന്നു് എനിക്കു പുണ്യവാന്മാരെപ്പററിയുള്ള അഭിപ്രായം തീരെ വ്യത്യസ്തമാണു്. ജീവിതത്തിലെ ഏററവും വിഷമമേറിയ ഒരു രംഗത്തു്, അതായതു് ആദ്ധ്യാത്മികരംഗത്തു്, പുണ്യവാന്മാർ ധീരയോദ്ധാക്കളാണു്. പുണ്യമെന്നുവച്ചാൽ ഞാൻ വിചാരിച്ചിരുന്നതു് തപസ്സും പ്രായശ്ചിത്തവും കണ്ണടക്കവുമൊക്കെയാണെന്നാണു്. ഞാൻ ചെയ്യുന്നതൊന്നും പുണ്യവാന്മാക്കു ചെയ്യാൻ പാടില്ലെന്നായിരുന്നു ഞാൻ കരുതിയിരുന്നതു്. ഞാൻ ഒരു ചാമ്പ്യനാകുവാൻ ആഗ്രഹിച്ചിരുന്നു; എന്നാൽ പുണ്യവതിയാകുന്ന കാര്യം അചിന്ത്യമായിരുന്നു.

എന്നാൽ കത്താവിൻെറ ചാമ്പ്യനാകുകയാണു് പുണ്യവാനാകുന്നതെങ്കിൽ എൻെറ ബോദ്ധ്യമൊക്കെ തെററു്. അതാണു് ഇന്നത്തെ എൻെറ ചിന്താവിഷയം. എനിക്കു ധാരാളം തെററുവരാറുണ്ടു്; തെററിൽ തഴമ്പിച്ചുപോലെയാണു് എൻെറ സ്ഥിതി. ഭൂതവും ഭാവിയും എന്തുതന്നെയായിരുന്നാലും പുണ്യവതിയാകുകയാണു് എൻേറയും അന്ത്യമെന്നു ഒരിക്കൽ എനിക്കു ബോദ്ധ്യപ്പെടുകയാണെങ്കിൽ അതിൽ തെല്ലും വിസ്മയമുണ്ടാകയില്ല. എന്നെപ്പോലെ അനുവാചകരും വേറൊരു പേരുപയോഗിച്ചു് ഇതേ അന്ത്യത്തിനു വേണ്ടിത്തന്നെ പ്രവത്തിക്കയായിരിക്കാം.

ഇതെല്ലാം ഉറക്കെയുള്ള എൻെറ ചിന്തകൾ മാത്രമാണു്. ഞാൻ എവിടെയൊക്കെ തപ്പിത്തടഞ്ഞാണു് ഈ സ്ഥിതിയിൽ എത്തിയതെന്നു ചിലക്കു അറിയണമെന്നുണ്ടാകും; എന്നാൽ എൻെറ ജീവിതത്തിൽ പറയത്തക്ക വിശേഷങ്ങളൊന്നുമില്ല. ഞാൻ ഈ കുത്തിക്കുറിച്ചതെല്ലാം ചില ആശയങ്ങൾമാത്രം. ഇവയിൽ കുറെയൊക്കെ എനിക്കും എന്നും ഉണ്ടായിരുന്നതാണു്; കുറെ മററുള്ളവരിൽനിന്നു സിദ്ധിച്ചിട്ടുള്ളതാണു്; കുറെ ജീവിതവഴിത്താരയിൽനിന്നു പെറുക്കിയെടുത്തിട്ടുള്ളതുമത്രേ. വാസ്തവത്തിൽ ഒരു പുരുഷൻ എന്നു പറഞ്ഞാൽ അവൻ വിശ്വസിക്കുന്നതെല്ലാമാണു്; അതുപോലെതന്നെ ഒരു സ്ത്രീയും. ഒരു പത്തുകൊല്ലം കഴിയുമ്പോൾ ഇന്നു വിശ്വസിക്കുന്നതെല്ലാത്തിനും മാററംവന്നുവെന്നുവരാം; അവയൊക്കെ ഞാൻ ഉപേക്ഷിച്ചുവെന്നുംവരാം. എന്നാൽ ആത്മീയമായി ഒരു മാററംവരാൻ പോകുന്നില്ല; വിശ്വാസസത്യങ്ങളിൽ ഒരന്തരവും വരുകയില്ല. അതാണു് പ്രധാനസംഗതിയെന്നു എനിക്കറിയാം; എന്നാൽ എപ്പോഴും അതിനെ അടി


തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്: ആലുവാ റെയിൽവെസ്റ്റേഷനുസമീപം

എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണു്.









"ഒരു വസ്തു വിററുകിട്ടിയ പണം ഞാൻ മേശവലിപ്പിൽ സൂക്ഷിച്ചിരുന്നു. ഒരു കൊല്ലം കഴിഞ്ഞു് വേറൊരു സ്ഥലം വാങ്ങിയതിനു് കൂടുതൽ വില കൊടുക്കേണ്ടിവന്നു. എന്നാൽ മേശവലിപ്പിൽ സൂക്ഷിച്ചിരുന്നപണം വർദ്ധിച്ചിട്ടുണ്ടായിരുന്നില്ല."

ഈ സംഖ്യ സ്ഥിരനിക്ഷേപമായി പാലാ സെൻട്രൽ ബാങ്കിൽ ഇട്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു — ഇക്കാലമത്രയും ആ തുകയ്ക്കു് നല്ല പലിശ ലഭിക്കുമായിരുന്നു. സ്ഥിരനിക്ഷേപം വേറൊരു തരത്തിലും പ്രയോജനപ്രദമാണു് — കാലാവധിക്കു് മുമ്പു് ചില്ലറ ആവശ്യങ്ങൾക്കായി സംഖ്യ എടുത്തു് ദുർവിനിയോഗം ചെയ്യുന്നതിനു് ഇടവരുകയില്ല. എന്നാൽ അത്യാവശ്യസമയത്തു് ഡിപ്പോസിററിൻെറ ഈടിന്മേൽ വായ്പ എടുക്കുകയും ചെയ്യാം.

ഒരു സ്ഥിരനിക്ഷേപം തുടങ്ങുന്നതിനു്, അടുത്തുള്ള പാലാബാങ്കു് മാനേജർ സസന്തോഷം നിങ്ങളെ സഹായിക്കും. ഇന്നുതന്നെ അദ്ദേഹത്തെ സന്ദർശിച്ചു് കയ്യിൽ മിച്ചമിരിപ്പുള്ള സംഖ്യയ്ക്കു് പലിശ ലഭിക്കുവാൻ വേണ്ട ഇടപാടു ചെയ്യുക.

* നൂറു രൂപ മുതൽ മേല്പോട്ടുള്ള ഏതു സംഖ്യയ്ക്കും സ്ഥിരനിക്ഷേപം ആരംഭിക്കാം
* 6 മാസം മുതൽ 2 വർഷംവരെയുള്ള കാലാവധിക്കു് സ്ഥിരനിക്ഷേപം തുടങ്ങാം
* നിങ്ങളുടെയും ഭാര്യയുടെയും പേരിൽ കൂട്ടായി സ്ഥിരനിക്ഷേപം ആരംഭിക്കാം
* സ്ഥിരനിക്ഷേപങ്ങൾക്കു് നല്ല പലിശ ലഭിക്കുന്നു:

6 മാസത്തേയ്ക്കു് - - - - - $3\frac{1}{2}$ ശതമാനം
12 മാസത്തേയ്ക്കു് - - - - - 4 ശതമാനം
24 മാസത്തേയ്ക്കു് - - - - $4\frac{1}{2}$ ശതമാനം

ആറാറു മാസം കൂടുമ്പോൾ പലിശ കൊടുക്കുന്നു

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്: പാലാ

കേരളത്തിൽ 19 ശാഖകൾ — തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖബാങ്കു്

PC. 4435

# ആവിഷ്ക്കരണം പ്രകൃതിവിരുദ്ധമോ?

(ഫാദർ അപ്രേം പതുശ്ശേരി)

വെളിപാടു അഥവാ ആവിഷ്കരണമെന്നാൽ അറിയാത്ത ഒരു സത്യത്തെ മനുഷ്യബുദ്ധിക്കു കാണിച്ചുകൊടുക്കുന്നതാകുന്നു. അതു ദൈവത്തെപ്പററിയുള്ള സത്യമാകണം. ആ സത്യം മുമ്പൊരിക്കലും മനുഷ്യനറിയാൻ സാധിക്കാത്തതോ അഥവാ അപൂർണ്ണമായി മാത്രം അറിയുന്നതോ ആയിരിക്കാം. ആവിഷ്കരണത്തെ രണ്ടായി തരംതിരിക്കാം. ഒന്നു് ദൈവം സൃഷ്ടിക്കപ്പെട്ട വസ്തുക്കൾവഴി തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ഇതിനു സ്വാഭാവികവെളിപാടു എന്നു പറയുന്നു. രണ്ടു, ദൈവം നേരിട്ടു തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ഇതു മനുഷ്യനും ദൈവവുമായുള്ള ഒരു സമ്പർക്കമാണു്. ഈ സമ്പർക്കം മനുഷ്യബുദ്ധിയിൽ പതിയത്തക്കവിധത്തിലുമായിരിക്കും. ഇതിനു പ്രകൃത്യതീതവെളിപാടു് എന്നും പറയുന്നു.

മനുഷ്യൻ ബുദ്ധിയും മനസ്സും ഉള്ള ഒരു ജീവിയാണു്. അവനു ശരീരവും ആത്മാവുമുണ്ടു്. അവനു സാമാന്യമായ, മൗലികമായ ഒരഭിലാഷവും ഉണ്ടു്. അതാണു് നിത്യസൗഭാഗ്യം. ഈ നിത്യസൗഭാഗ്യം പ്രകൃത്യതീതമാണു്. ഇതു അവന്റെ ബുദ്ധിക്കും മനസ്സിനും അതീതമാകുന്നു. പക്ഷെ അവകൾക്കു വിരുദ്ധമല്ല. മനുഷ്യന്റെ സ്വാഭാവികകഴിവുകൾക്കതീതമായ സൗഭാഗ്യങ്ങളുടെ അസ്തിത്വത്തെ അവൻ എങ്ങനെ അറിയും? അറിയപ്പെടാത്ത അവന്റെ ജീവിതലക്ഷ്യത്തെ അവൻ എങ്ങനെ സ്നേഹിക്കും.? ആ ജീവിതലക്ഷ്യം പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങൾ ആർ അവനു വെളിപ്പെടുത്തും? അപ്പോൾ ദൈവം നിത്യസൗഭാഗ്യങ്ങളുടെ അസ്തിത്വവും അവകൾ പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളും മനുഷ്യനു വെളിപ്പെടുത്തുകതന്നെ വേണ്ടിയിരിക്കുന്നു. അങ്ങനെ വെളിപാടുകൾ ധാർമ്മികമായി അത്യന്താപേക്ഷിതമായിരിക്കുന്നു.

മനുഷ്യസ്വഭാവം ദൈവദത്തമാണു്. വെളിപാടുകൾ മനുഷ്യസ്വഭാവത്തെ പ്രകൃത്യതീതമാക്കിത്തീർക്കുന്നു, അതിനെ പരിപൂർണ്ണസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്നില്ലായിരിക്കാം.

ഉദ്യോഗസ്ഥലങ്ങളിൽ അകത്തോലിക്കരായി ഏററുമുട്ടുന്ന ചില കത്തോലിക്കാഉദ്യോഗസ്ഥന്മാരെ ഞാൻ കണ്ടുമുട്ടാനിടയായി. അകത്തോലിക്കരുടെ പല ആക്ഷേപങ്ങളും ഈ കത്തോലിക്കാ ഉദ്യോഗസ്ഥന്മാർക്കു് തലക്കുത്തുവരുത്തുന്നുണ്ടു്. അങ്ങനെയുള്ളവർ എനിക്കു എഴുതുക; ഞാനൊന്നു നോക്കട്ടെ.

ബെററി ജെ. ഫ്റീസിന്റെ മാനസാന്തരകഥ അവർ ഇവിടെ ചേർത്തിട്ടില്ല; അതിൽ വലിയ അസാധാരണത്വമൊന്നുമുണ്ടായില്ലെന്നുസാരം. ബിഷപ്പു് ഷീനിന്റെ റേഡിയോപ്രസംഗവും എളിമയുടെ ഒരു ഗുളികയുംകൂടി ചേർന്നപ്പോൾ ആ പ്രോട്ടസ്റ്റൻറുവനിതയിലുണ്ടായ വ്യത്യാസം കാണുക. ബെററി ഒരു പുണ്യവതിയാകാനാണു് ഇന്നു നിശ്ചയിച്ചിരിക്കുന്നതു്. ഒരു പ്രോട്ടസ്റ്റൻറുവനിതയിൽ ഇങ്ങനെയൊരു ഭാവഭേദം ഇത്ര എളുപ്പത്തിൽ ഉണ്ടായെങ്കിൽ ചിന്തിക്കുന്ന ഒരുകത്തോലിക്കനും സ്വല്പം എളിമയുണ്ടെങ്കിൽ ഒരു പുണ്യവാനാകുവാൻ മോഹമുണ്ടാകാതിരിക്കുമോ?

(1954 ഏപ്രിൽ 11-ാം തീയതിയിലെ "അവർ സൺഡേ വിസിറ്റർ" എന്ന അമേരിക്കൻ പത്രത്തിൽനിന്നു എടുത്തതു്)

മാകുന്നു. മനുഷ്യസ്വഭാവത്തെ ഒരിക്കലും നശിപ്പിക്കുന്നില്ല. വെളിപാടുകളിൽ ദൈവം മനുഷ്യന്റെ ബുദ്ധിയും മനസ്സും നിയന്ത്രിക്കുന്നു. മനുഷ്യന്റെ വ്യക്തിപരമായ സ്വഭാവത്തിലും കഴിവുകളിലും ദൈവം യോജിച്ചു പ്രവർത്തിക്കുന്നു. ഒരിക്കലും അവന്റെ വ്യക്തിത്വത്തെ നശിപ്പിക്കുന്നില്ല.

എന്നാൽ ഒരു കാര്യം നാം ധരിക്കണം. വെളിപ്പെടുത്തിയസത്യങ്ങളെല്ലാം നമുക്കു പരിപൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കയില്ല. അവകൾ സത്യമാകുന്നു. പക്ഷെ അവകളെപ്പററി നമുക്കുള്ള ജ്ഞാനംഅപൂർണ്ണമാണു്. ഒരുദാഹരണംതന്നെയെടുക്കാം. പരിശുദ്ധ ത്രിത്വം.ഒരു ദൈവം; മൂന്നാളുകൾ. ഇതു വെളിപ്പെടുത്തപ്പെട്ട വിശ്വാസസത്യമാണു്. പക്ഷെ ഈ സത്യം എങ്ങനെ മനുഷ്യനു മനസ്സിലാക്കുവാൻസാധിക്കും? ഇതിൽ പൂർവ്വാപരവൈരുദ്ധ്യമില്ല. കാരണം സ്വഭാവവും വ്യക്തിത്വവും (Nature and Personality) വ്യത്യസ്തങ്ങളാകുന്നു.

മറഞ്ഞിരിക്കുന്ന ഒരു സത്യത്തെ ദൈവം വെളിച്ചത്തുകൊണ്ടുവരുമോയെന്നു നമുക്കു ഒന്നാലോചിക്കാം. ആവിഷ്ക്കരണത്തിനുള്ള സാദ്ധ്യതയ്ക്കു മൂന്നു ഘടകങ്ങളാണുള്ളതു്. ദൈവം, മനുഷ്യൻ, വെളിച്ചത്തുകൊണ്ടുവരുന്ന സത്യം. ദൈവികവെളിപാടുകൾ ദൈവത്തിന്റെ ബാഹ്യമായ പ്രവർത്തനമാണു്. അതു ദൈവത്തിൽനിന്നു വ്യത്യസ്തമാകുന്നു. ഇതിൽ യാതൊരു പൂർവ്വാപരവൈരുദ്ധ്യവുമില്ല. ഒരദ്ധ്യാപകൻ ഒരു വിദ്യാർത്ഥിയെ പഠിപ്പിക്കുന്നു. കുട്ടി അറിവുശേഖരിച്ചു് അവന്റെ ബുദ്ധിയെ വികസിപ്പിക്കുന്നു. അങ്ങനെ അവൻ ഉത്തമനായ, സംസ്കാരസമ്പന്നനായ ഒരു പൗരനായിത്തീരുന്നുവെങ്കിൽ വെളിപാടുകൾവഴി പ്രകൃത്യതീതസൗഭാഗ്യങ്ങളുടെ അസ്തിത്വത്തേയും അതു പ്രാപിക്കാനുള്ള മാർഗ്ഗങ്ങളേയും ദൈവം മനുഷ്യനു വെളിപ്പെടുത്തിക്കൂടായെന്നുണ്ടോ? മറഞ്ഞിരിക്കുന്ന എത്രയോ കാര്യങ്ങൾ ഇന്നു സയൻസ് വെളിച്ചത്തു കൊണ്ടുവന്നിരിക്കുന്നു. മനുഷ്യന്റെ ജീവിതലക്ഷ്യം പ്രകൃത്യതീതസൗഭാഗ്യമാണു്. ആ സൗഭാഗ്യം പ്രാപിക്കുന്നതിനു അത്യന്താപേക്ഷിതമായ, മറഞ്ഞിരിക്കുന്ന സത്യങ്ങൾ ദൈവത്തിനു വെളിച്ചത്തു കൊണ്ടുവരാൻ പാടില്ലെന്നോ?

മനുഷ്യജീവിതത്തിനു നിശ്ചിതമായ ഒരു ലക്ഷ്യമുണ്ടു്. വെളിപാടുകൾ ഈ ജീവിതലക്ഷ്യംപ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളാണു്. ആവിഷ്കൃതസത്യം അതിൽതന്നെ പരിശുദ്ധമാകുന്നു. കളങ്കമററതാണു്. അതു മനുഷ്യനു പരമാവധി നന്മചെയ്യുന്നതുകൊണ്ടു അതു ആഗ്രഹിക്കത്തക്കതാണു്. തെററിന്റെ നിഴൽവീഴാത്ത ആ സത്യം മനുഷ്യജീവിതത്തിന്റെ അന്തിമലക്ഷ്യത്തിലേക്കു നടന്നടുക്കാൻ സഹായിക്കുന്നു. അനന്തജ്ഞാനവും സത്യവുമായ ദൈവമാണു് മറഞ്ഞിരിക്കുന്ന സത്യം മനുഷ്യനു വെളിപ്പെടുത്തുന്നതു്. ദൈവം മനുഷ്യന്റെ ബുദ്ധിക്കു പ്രകാശവും ശക്തിയും നൽകുന്നതുമൂലം ആവിഷ്കൃതസത്യങ്ങൾ അതിനെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമാകുന്നു. അങ്ങനെ ആവിഷ്കൃതസത്യത്തിന്റെ സ്വഭാവത്തിലും വെളിപ്പെടുത്തുന്നരീതിയിലുംഅതിന്റെ ഫലത്തിലും അതു പൂർവ്വാപരവിരുദ്ധമല്ല. മനുഷ്യന്റെ സ്വാഭാവികകഴിവുകൾക്കതീതമാണെന്നു മാത്രം.

ആരോഗ്യപംക്തി

## ഇൻഫ്ളുവൻസാ രോഗത്തിന്റെ ലക്ഷണങ്ങൾ

ഔദ്യോഗികക്കുറിപ്പു്

പൊതുജനാരോഗ്യവകുപ്പിനു വേണ്ടി പബ്ളിക്കു് റിലേഷൻസ് വകുപ്പിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ലഘുലേഖയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

വിവിധരൂപത്തിലാണു് രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതു്. ഈ രോഗത്തെ അസന്ദിഗ്ദ്ധമായി തിരിച്ചറിയുന്നതിനും വിഷമമുണ്ടു്. തന്മൂലം ജലദോഷം, അജ്ഞാതമായ രീതിയിലുണ്ടാകുന്ന പനി മുതലായവയെ ഇൻഫ്ളുവൻസാ എന്നു തെററിദ്ധരിക്കുവാനും ഇടയാകുന്നു. രോഗാണുസംക്രമണമുണ്ടായി ഇരുപത്തിനാലു മുതൽ എഴുപത്തിരണ്ടു മണിക്കൂറുകൾക്കകം രോഗത്തിന്റെ ബാഹ്യലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നു. രോഗലക്ഷണങ്ങൾ പുറമേ കണ്ടുതുടങ്ങുന്നതു വളരെ പെട്ടെന്നായതുകൊണ്ടു് രോഗി തീരെ അവശതയിലെത്തുന്നതിനു എട്ടു മണിക്കൂറുകൾക്കുമുമ്പായി യാതൊരു അസുഖലക്ഷണങ്ങളും കണ്ടില്ലെന്നുംവരാം. ശരീരത്തിലെ ചൂടു വളരെ വേഗം വർദ്ധിക്കുക, കഠിനമായ തലവേദന, കുളിരു്, സ



## കൃതജ്ഞത

Mrs. & Mr. C. I. Jacob, Manathil, Chittattukara.

ന്ധികളിലും മററവയവങ്ങളിലുമുള്ള വേദന, തൊണ്ടവരൾച്ച, കണ്ണിൽ ചുവപ്പു്, ക്ഷീണം, ചുമ. ശ്വാസനേന്ദ്രിയങ്ങൾ ദഹനേന്ദ്രിയങ്ങൾ ഇവയ്ക്കു ഹാനികരമായിത്തീരാവുന്ന മററവസ്ഥകൾ, ഇവയാണു് "ഇൻഫ്ളുവൻസാ" രോഗത്തിന്റെ പ്രധാനലക്ഷണങ്ങൾ. ചിലപ്പോൾ ഛർദ്ദി, പൊക്കിളിനു മുകൾഭാഗത്തു കഠിനമായ വേദന ഇവയും ഉണ്ടായേക്കാം. ലഘുതരമായ ഇൻഫ്ളുവൻസാ, ഉദരസംബന്ധമായ ഇൻഫ്ളുവൻസാ, നിക്കേട്ടോടുകൂടിയ ഇൻഫ്ളുവൻസാ എന്നിങ്ങനെ ഇൻഫ്ളുവൻസാ മൂന്നുതരത്തിലുണ്ടു്. ചിലക്കു രോഗാരംഭംമുതൽ നാലഞ്ചു ദിവസത്തേക്കു 104-105 ഡിഗ്രി പനിയുണ്ടാവുകയും പെട്ടെന്നു് പനി നിശ്ശേഷം മാറി വീണ്ടും സ്വസ്ഥതയിലെത്തുകയും ചെയ്യാറുണ്ടു്. മററു ചിലക്കു രോഗം ആരംഭിച്ചു നാലു ദിവസം കഴിയുമ്പോഴേക്കു ചുമ വർദ്ധിച്ചു ശ്വാസകോശങ്ങളെ ബാധിക്കുകയും ചെയ്തേക്കാം. ചിലക്കു രോഗാരംഭം മുതൽക്കുതന്നെ അതികഠിനമായ അസ്വസ്ഥത ബാധിച്ചേക്കാം. ഇക്കൂട്ടക്കു 48 മണിക്കൂറിനുള്ളിൽ ഹൃദയദൗർബല്യമുണ്ടായി മൂന്നു നാലു ദിവസങ്ങൾക്കുള്ളിൽ മരണം സംഭവിച്ചേക്കാനും ഇടയുണ്ടു്. ഇത്തരത്തിലുള്ള ഇൻഫ്ളുവൻസയാണു് മഹാമാരിയായും സാർവ്വത്രികമായും രൂപാന്തരപ്പെട്ടുകാണുന്നതും ഇപ്പോൾ പല സ്ഥലങ്ങളിലും വർദ്ധിച്ചുവരുന്നതായി കേൾക്കുന്നതും.

### നിവാരണനടപടികൾ

1. രോഗിയോടും അയാൾ ഉപയോഗിക്കുന്ന സാധനങ്ങളോടും സമ്പർക്കമുണ്ടാകാതെ സൂക്ഷിക്കുകയാണു് ഇൻഫ്ളുവൻസാ രോഗത്തിന്റെ പ്രധാന നിവാരണമാർഗ്ഗം.

2. രോഗസംശയം തോന്നിയാൽ ഉടൻ രോഗിയെ മററുള്ളവരിൽനിന്നും അകററി പ്രത്യേകം താമസിപ്പിച്ചു് വേണ്ട ചികിത്സയും ശുശ്രൂഷയും ചെയ്യേണ്ടതാണു്. രോഗം ബാധിച്ചാൽ ഉടൻതന്നെ രോഗി പൂർണ്ണമായി വിശ്രമിക്കണം. പനിയും ചുമയും മററു ലക്ഷണങ്ങളും നിശ്ശേഷം മാറി രോഗിക്കു് പൂർണ്ണസുഖം ലഭിച്ചതിനു ശേഷമേ അയാൾ തന്റെ ജോലിയിൽ വീണ്ടും പ്രവേശിക്കാൻ പാടുള്ളു.

3. രോഗി ഉപയോഗിക്കുന്നതും, രോഗിയുടെ കഫവും മററു വിസർജ്ജ്യവസ്തുക്കളും പററിയിട്ടുള്ളതുമായ എല്ലാ സാധനങ്ങളും അണുനാശകദ്രവ്യങ്ങൾ ഉപയോഗിച്ചു് ശുദ്ധമാക്കണം.

4. അത്യദ്ധ്വാനം, ശീതബാധ, അമിതമായ മദ്യപാനം ഇവ പാടേ വർജ്ജിക്കണം.

5. സിനിമാശാലകൾ, ഉത്സവസ്ഥലങ്ങൾ, സമ്മേളനരംഗങ്ങൾ മുതലായ സ്ഥലങ്ങളിൽ പോകാതിരിക്കണം.

6. ഇൻഫ്ളുവൻസാ രോഗി കിടന്നുറങ്ങുന്ന മുറിയിൽ മററാളുകൾ കിടന്നുറങ്ങരുതു്.

7. രോഗശങ്കയുണ്ടായാൽ അടുത്തുള്ള ആരോഗ്യഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരെ ഉടൻതന്നെ വിവരം അറിയിക്കണം.

ഇൻഫ്ളുവൻസാരോഗം ഉണ്ടെന്നു തോന്നുന്ന സന്ദർഭങ്ങളിൽ അടുത്തുള്ള ഡോക്ടരെയോ, പൊതുജനാരോഗ്യഉദ്യോഗസ്ഥന്മാരെയോ സമീപിച്ചു വേണ്ട ഉപദേശങ്ങൾ സ്വീകരിക്കുന്നതു് ഉചിതമായിരിക്കും. അതിലേക്കുവേണ്ട നിർദ്ദേശങ്ങൾ ഹെൽത്തു് സർവ്വീസസ് ഡിപ്പാർട്ടുമെൻറിൽനിന്നും എല്ലാ മെഡിക്കൽ-പബ്ളിക്കു് ഹെൽത്തു് ഉദ്യോഗസ്ഥന്മാക്കും നൽകിയിട്ടുണ്ടു്.


KALAN

ഈ മുദ്രയില്ലാതെ "കാളൻ" എന്ന പേരിൽ ഏതെങ്കിലും സാധനങ്ങൾ കാണുന്ന പക്ഷം അവ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമായിരിക്കുമെന്നുള്ളതുകൊണ്ടു്, ഔഷധങ്ങളും മററും വാങ്ങിക്കുമ്പോൾ ലേബൽ മുതലായതുകളിന്മേൽ ഈ മുദ്ര കാണുന്നുണ്ടോ എന്നു പ്രത്യേകം പരിശോധിക്കണമെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

കാളൻ, നെല്ലായി (S. India)


(11-ാംപേജ് തുടർച്ച)

ണ്ടുകൾ ജോസഫിന്റെ എല്ലുന്തിയകപോലത്തിൽ ഗാഢമായി അമന്നു. ആ രംഗം കണ്ടുനിന്നവരൊക്കെ പൊട്ടിക്കരഞ്ഞുപോയി. വിശുദ്ധമായ സ്നേഹത്തിന്റെ ബലിവേദിയിൽ എരിഞ്ഞിരുന്ന ആ ദീപശിഖ ഊതിക്കെടുത്തുവാൻ ആർക്കും തോന്നിയില്ല.

നീണ്ട നിമിഷങ്ങൾക്കിടയിൽ റാണിയുടെ മാറിടം രണ്ടുമൂന്നു തവണ ഉയർന്നു താണു. ആ കണ്ണുകളിൽനിന്നു് ഉറഞ്ഞുകൂടിയ അശ്രുബിന്ദുക്കൾ ഉരുണ്ടുവന്നു. അവ ജോസഫിന്റെ മുഖത്തുവീണു ചിന്നിച്ചിതറി.

വിനാഴിക! വിനാഴിക!! കനം പിടിച്ച വിനാഴികകൾ ഒരു നാഴികയ്ക്കു സ്ഥലം മാറിക്കൊടുത്തു.

"റാണി! റാണി....." അടുത്തുനിന്ന ഒരു സ്ത്രീ കുലുക്കി വിളിച്ചു. അവൾ അനങ്ങിയില്ല.

"എന്റെ മോളിങ്ങോട്ടെണീച്ചെ. ഞാനൊന്നു പറേട്ടെ."

അവൾ മിണ്ടിയില്ല.

ഒരാൾ അവളുടെ മുഖം പിടിച്ചുയർത്തി. അവൾ കട്ടിൽപ്പടിയിലേക്കുതന്നെ തളർന്നുവീണു. ആ കണ്ണുകൾ അടഞ്ഞിരുന്നു.

X X X

ഡോക്ടർ വന്നു. രണ്ടു പേരെയും പരിശോധിച്ചു. "ജോസഫിനു അപകടമൊന്നുമില്ല. അര മണിക്കൂറിനകം ബോധം വീഴും" അദ്ദേഹം പറഞ്ഞു."പെൺകുട്ടി മരിച്ചുപോയി."

"റാണി! എന്റെ റാണി വന്നോ?" അങ്ങനെ അവ്യക്തമായി ഉച്ചരിച്ചുകൊണ്ടു ജോസഫ് സുബോധം പ്രാപിച്ചു. നിറഞ്ഞ കണ്ണുകളോടെ എല്ലാവരും അടുത്ത മുറിയിലേക്കു നോക്കി

അവിടെ വെള്ളവിരിപ്പിട്ട കട്ടിലിൽ എരിയുന്ന മെഴുകുതിരികൾക്കു മുമ്പിൽ റാണി ശയിക്കുന്നു, എരിഞ്ഞടങ്ങിയ ഒരു സ്നേഹദീപം പോലെ.

—o—

## വിനോദവേദി





ചാക്കോച്ചനോടു നേരുപറയാല്ലോ. ഞാനീ ചെരുപ്പിനും കുടയ്ക്കുമൊന്നും പൈസാമുടക്കാറില്ല. അതൊക്കെ കച്ചേരീന്നും പള്ളിവാതുക്കൽനിന്നുമൊക്കെ എനിക്കു കിട്ടിക്കോളും. ഇന്നുവരെ അതാ പതിവു്.

X X X





"രാത്രി തീരെ ഉറക്കമില്ലെങ്കിൽ എന്തോ ഭയങ്കര സുഖക്കേടാണു നിങ്ങൾക്കു്, സംശയമില്ല!"

"എനിക്കല്ല ഡോക്ടർ സുഖക്കേടു്! വീട്ടുകാരത്തിക്കാ. അവർ കണ്ണടക്കേണ്ട താമസം, ക്രോ-ക്രോ എന്നു തുടങ്ങുകയായി, അറക്കവാളിന്റെ ഒച്ചപോലെ കൂർക്കംവലി. പിന്നെ എങ്ങനെയാണു് എനിക്കുറക്കം വരുന്നതു്!"

(2-ാംപേജ് തുടർച്ച)

ന്നെ ഉപകാരം ചെയ്യുന്നില്ല, സഭയ്ക്കും ലോകത്തിനും ഉപദ്രവവുമാകുന്നു.

വിമർശകഗണത്തിൽപ്പെട്ട (Critical Catholics) കത്തോലിക്കർ മേല്പറഞ്ഞവരോടു സാധർമ്മ്യംവഹിക്കുന്നു. തന്നിലും സ്നേഹിതരിലും തൻെറ കുടുംബത്തിലും കാണുന്ന തെററുകൾ അയാളുടെ വിമർശനത്തിനു ഇടയാകുന്നില്ല. എന്നാൽ ഇടവകവികാരിയിലും കന്യാസ്ത്രീകളിലും ഇടവകജനങ്ങളിലും അയാൾ ക്രിസ്തീയ പരിപൂർണ്ണത ആവശ്യപ്പെടുന്നു. അയാൾക്കു ചുററും നില്ക്കുന്നവർ അകത്തോലിക്കരോ അക്രൈസ്തവരോ എന്ന ചിന്തകൂടാതെ സംസാരിക്കുന്നു. ഇപ്രകാരമുള്ള കത്തോലിക്കർ കത്തോലിക്കാസഭയിൽനിന്നും വളരെപ്പേരെ ഇറക്കിവിടുന്നതിനും മററുള്ളവർ സഭയിലേക്കു വരാതിരിക്കുന്നതിനും കാരണക്കാരനാകുന്നു.

എന്നാൽ എല്ലാററിലും വലിയ ദോഷം സഭയ്ക്കു ചെയ്യുന്ന ആൾ ചീത്തകത്തോലിക്കർ(Bad Catholics) എന്നതിൽ പെടുന്നു. നമ്മുടെ സത്യസഭയെ സംബന്ധിച്ചുള്ള ഒരു പ്രത്യേകതയാണ് മിക്ക അകത്തോലിക്കരും ഓരോ കത്തോലിക്കനിൽനിന്നും മാതൃകാജീവിതം ആവശ്യപ്പെടുന്നുവെന്നതു്. ഒരു കത്തോലിക്കനു ഇക്കാര്യത്തിൽ പരാജയം ഭവിക്കുന്നുവെങ്കിൽ, അയാൾ പരസ്യപാപിയാണെങ്കിൽ, അകത്തോലിക്കാലോകം രോമാഞ്ചംകൊള്ളുന്നു, അവർക്കു ഉത്സവമുണ്ടാകുന്നു.

പക്ഷെ മിക്ക കത്തോലിക്കരും മതതീക്ഷ്ണതയും ശുഷ്കാന്തിയുമുള്ളവരാണ്. മററുള്ളവർക്കു വലിയ ഉപദ്രവം വരുത്തുന്നതായി അവർക്കു വിചാരിക്കാനില്ല. എങ്കിലും നാം ഒന്നു കരുതണം. സ്വർഗ്ഗത്തിലേക്കു ഇഴഞ്ഞുകയറുക സാദ്ധ്യമല്ലായെന്നും പറന്നാണു പോകേണ്ടതെന്നും. നാം മാത്രം പറന്നുകയറിയാൽ പോരാ. ഓരോരുത്തൻെറയും അന്തസ്സും നിലയും അനുസരിച്ച് കുറേപ്പേരെക്കൂടി കൊണ്ടുപോകുവാൻ കടമയുണ്ട്. മാതാപിതാക്കന്മാർ നോക്കണം, തങ്ങളുടെകൂടെ പറന്നുപോകുവാൻ മക്കളെ ഒരുക്കിയിട്ടുണ്ടോയെന്നു്. അദ്ധ്യാപകൻ അറിയണം, അദ്ധ്യേതാക്കൾ തൻെറകൂടെ സ്വർഗ്ഗത്തിൽ പോകുവാൻ താൻ അവരെ യോഗ്യന്മാരാക്കിയിട്ടുണ്ടോ യെന്നു്. ഒരു ഇടവകവികാരി ചിന്തിക്കണം, തൻെറ അജക്കൂട്ടത്തിൽപ്പെട്ട ആടുകളെയെല്ലാം തന്നോടുകൂടി സ്വർഗ്ഗത്തിൽ ആത്മീയസൗഭാഗ്യം അനുഭവിക്കുന്നതിനു അർഹരാക്കിയിട്ടുണ്ടോയെന്നു്. സഭയുടെ കല്പനകൾക്കു വിധേയനായി ഇടവകയിലെ ആത്മീയാവശ്യങ്ങൾ മനസ്സിലാക്കി വേണ്ടതു ധർമ്മം ചെയ്തു ജീവിക്കുന്ന ഒരു കത്തോലിക്കൻ ഒരിക്കലും ദുർമ്മാതൃക കാണിക്കുക സാദ്ധ്യമല്ല. മുൻകൊല്ലങ്ങളെക്കാൾ നൂറുമടങ്ങു നല്ലതായി കത്തോലിക്കർ ജീവിക്കേണ്ട കാലമാണിതു്. എന്തുകൊണ്ടെന്നാൽ നിരീശ്വരത്വവും അതിൻെറ വളർത്തമ്മയായി നിലകൊള്ളുന്ന കേരളകമ്മ്യൂണിസ്റ്റുഗവമ്മെൻറും കത്തോലിക്കരുടെ ചെയ്തികളെ വീക്ഷിച്ചുകൊണ്ടാണിരിക്കുന്നതു്. അന്യമതസ്ഥർ, സമുദായക്കാർ എന്തെല്ലാം കുററംചെയ്താലും അവർ കണക്കാക്കുകയില്ല. അവർ തങ്ങളുടെ താളത്തിനൊത്തു തുള്ളിക്കൊള്ളുമെന്നു് കമ്മ്യൂണിസ്റ്റു ഗവർമ്മെൻറിനറിയാം. അതിനാൽ വ്യവഹാരത്തിനു കച്ചേരിയേയും മദ്യപാനത്തിനു കള്ളുഷാപ്പുകളേയും ദുർമ്മാർഗ്ഗജീവിതത്തിനു അതിനുചേർന്ന സ്ഥലങ്ങളേയും സമീപിക്കുന്ന കത്തോലിക്കർ അവയിൽനിന്നും ആയിരംമൈൽ അകന്നു നില്ക്കട്ടെ. വൈദികനും അൽമായരും തോളോടുതോൾചേർന്നു പ്രവർത്തിക്കട്ടെ. അങ്ങനെ സന്മാതൃകയാകുന്ന മാലാഖാ നിരീശ്വരത്വമാകുന്ന പിശാചിനെ അറബിക്കടലിൽ താഴ്ത്തട്ടെ. വിശുദ്ധ തോമ്മായുടെ കേരളനാട്ട് തോമ്മായുടെ മക്കളുടേയും മററു ഈശ്വരവിശ്വാസികളുടേയും നാടായി രൂപംപ്രാപിക്കട്ടെ.

# ചെറുകഥ

## ഒരു ഗാനം എരിഞ്ഞടങ്ങി

(ജയിംസ് കെ. സി. മണിമല)

(തുടർച്ച)

റാണിയുടെ വിവാഹം കഴിഞ്ഞു. അവൾ ഭർത്തൃഗൃഹത്തിലേക്കുപോയി. എന്നാലും ജോസഫ് ഞായാറാഴ്ചതോറും അവളെ ചെന്നു കൊണ്ടുവരും. ചൊവ്വാഴ്ചയോ ബുധനാഴ്ചയോ മാത്രമേ തിരികെ വിടുകയുമുള്ളൂ. ഏകദേശം ഒരു വർഷത്തേക്കു ഈ പതിവു തുടന്നുപോയി.

പക്ഷെ അവളുടെ ഭർത്താവിനു ഈ രീതി തീരെ ഇഷ്ടപ്പെട്ടില്ല. അങ്ങനെയുണ്ടോ ഒരു വീട്ടിൽ പോകുക. മററുള്ള ഭാര്യമാരാരും ഇങ്ങനെയല്ലല്ലോ. അവർക്കും വീട്ടും ബന്ധുക്കളുമില്ലേ?

റാണിയുടെ ഗാനോപകരണങ്ങളെല്ലാം അവൾ ഭർത്തൃഗൃഹത്തിലേക്കു കൊണ്ടുപോയിരുന്നു. ദിവസവും ഒട്ടേറെസമയം അവയുടെ മുമ്പിൽ അവൾ ചെലവാക്കും. മധുരമധുരമായ ഗാനവീചികൾ ആ കുടുംബത്തിൽ അലയടിക്കും. പക്ഷെ അവളുടെ അമ്മായിയമ്മയ്ക്കു വേണ്ടിയിരുന്നതു് ഒരു പാട്ടുകാരിപ്പെണ്ണിനെയല്ല; പ്രത്യുത കൃത്യശ്രദ്ധയോടെ കാര്യങ്ങളന്വേഷിക്കുന്ന ഒരു മരുമകളെയാണ്.

അവളുടെ ഭർത്താവ് ഒരു ബാങ്കു ജോലിക്കാരനാണ്. ചിട്ടികണക്കും പലിശനിരക്കും തിട്ടപ്പെടുത്തുന്നതിൽ അയാൾ സദാ വ്യഗ്രനാണ്. രാത്രിയിലെ നീണ്ട മണിക്കൂറുകൾ അയാൾക്കുവേണ്ടി റാണി കാത്തിരിക്കും. പക്ഷെ കുറെ ശകാരങ്ങളും നീണ്ടവാക്കുകളും മാത്രമേ അയാൾ ഭാര്യയ്ക്കുവേണ്ടി കൊണ്ടുവരാറുള്ളു. ആ മനുഷ്യനു വേണ്ടിയിരുന്നതു ഒരു സ്നേഹസമ്പന്നയായ ഭാര്യയെയല്ല. കഴുതയെപ്പോലെ പണിയുകയും കാളയെപ്പോലെ സമ്പാദിക്കുകയും ചെയ്യുന്ന ഒരു ധനദേവതയെയാണ്.

എല്ലാത്തവണയും റാണി വീട്ടിൽനിന്നുവരുമ്പോൾ എന്തു കൊണ്ടുവന്നുവെന്നാണ് അവളുടെ ശ്വശുരൻ അന്വേഷിക്കാറുള്ളതു്. ഒരു ഹാർമ്മോണിയമെന്നോ ഫിഡിൽ എന്നോ കേൾക്കുമ്പോൾ അയാൾക്കു ദേഷ്യംവരും. ഓട്ടുപാത്രങ്ങൾ, പെട്ടി, മേശ, അലമാരി, കന്നുകാലികൾ മുതലായവയാണ് അയാൾ പ്രതീക്ഷിച്ചിരുന്നതു്. റാണിയുടെ കരളലിയിക്കുന്ന ഗാനത്തിൽ അവിടത്തെ വീരൻപട്ടി പോലും ലയിച്ചുനില്ക്കുമ്പോൾ ആ ഗൃഹനായകൻ പിറുപിറുക്കാറുണ്ട്, "ശെ! ചെവികേട്ടിരിക്കാൻ വയ്യല്ലോ. ഈ കുന്തപ്പയറെറാക്കെ തല്ലിപ്പൊട്ടിച്ചടുപ്പിൽ വെക്കാൻ വയ്യേ."

ആ കുടുംബത്തിൽ സ്നേഹത്തിൻെറ എല്ലാ ഉറവക്കണ്ണികളും അടഞ്ഞുപോയതായി റാണിക്കു തോന്നി. പണത്തിൻെറ ചേറും ചെളിയുമാണവിടെയെല്ലാം അടിഞ്ഞുകൂടിയിരിക്കുന്നതു്. വിവാഹിതയാകുന്നതുവരേയും അതുല്യമായ സ്നേഹാർണ്ണവത്തിൽ അവൾ നീന്തുകയായിരുന്നു. അതിൻെറ ഒരു ബിന്ദുപോലുമില്ലാത്ത ഈ ഊഷരഭൂമിയിൽ അവൾ എങ്ങനെ ജീവിക്കുവാനാണ്. ആ യുവഹൃദയം സ്നേഹത്തിനുവേണ്ടി ദാഹിച്ചു. ജോസഫ് വരുമ്പോൾമാത്രമാണ് ആത്മാർത്ഥമായി ഒന്നു പുഞ്ചിരിക്കുവാനവൾക്കു തോന്നുക. മററവസരങ്ങളിലും ഒരു യന്ത്രത്തെപ്പോലെ അവൾ ചിരിച്ചിട്ടുണ്ടാവാം.

ആങ്ങളയുടെകൂടെ എന്നുമെന്നും ഈ സക്കീട്ടുചെയ്യുന്നതിനാലാണു പെണ്ണു ഇങ്ങനെ പിഴച്ചുപോകുന്നതെന്നു് അമ്മായിയമ്മ വിധിച്ചു. അതിനാൽ റാണിയുടെ വീട്ടിൽപോക്കു നിരോധിക്കപ്പെട്ടു. "ഇവിടെനിന്നു വല്ലോം ജോലി നോക്കണം. ഇന്നിയിപ്പം വീടിതാ. സക്കീട്ടുചെയ്തുനടന്നാൽ എല്ലാമന്വേഷിക്കാനെനിക്കു നേരമില്ല" അവരങ്ങു തീർത്തുപറഞ്ഞു. ഗൃഹനാഥൻ അതു ശരിവച്ചു. റാണിയുടെ ഭർത്താവ് ആ തീരുമാനം നടപ്പിലാക്കുകയുംചെയ്തു.

റാണിക്കു ശ്വാസംമുട്ടുന്നതുപോലെ തോന്നി. അവളുടെ പ്രിയപ്പെട്ട ചേട്ടനെ കാണാൻ പാടില്ലെന്നു്, വീട്ടിൽ പോകരുതെന്നു്. നിഷ്കളങ്കമായ സ്നേഹത്തിൻെറ ആ പുണ്യഭൂമിയിലേക്ക് ഒരു തീർത്ഥയാത്രയ്ക്കുപോലും അവളെ അനുവദിക്കയില്ലെന്നു്.

ഈ പുതിയ "നിയമം" ഒന്നു ഭേദഗതിചെയ്യാൻ ജോസഫ് ആവുന്നതു ശ്രമിച്ചുനോക്കി. അയാൾ എന്തു പ്രായശ്ചിത്തം ചെയ്യാനും തയ്യാറാണ്. റാണിയെ വീട്ടിൽ വിടുകയില്ലെന്നുപറഞ്ഞാൽ അതയാൾക്കു സഹിച്ചുകൂടാ. കാരണമെന്തുതന്നെയായാലും ആ തീരുമാനത്തെ അയാൾ സർവ്വശക്തിയുമുപയോഗിച്ചു എതിർത്തു.

"ഇനി താൻ ഇവിടെ കയറിയേക്കരുതു്" പ്രിയപ്പെട്ട സ്യാലൻെറ ഗർജ്ജനമായിരുന്നു അതു്.

ജോസഫിൻെറ രക്തം ഉറഞ്ഞുകൂടുന്നതായി തോന്നി. ആ ധിക്കാരിയുടെ ചെവിക്കല്ലു തകർക്കുവാൻ അയാളുടെ കൈ തരിച്ചു. പക്ഷെ പാടില്ല. ലോകം അയാളെയേ പഴിക്കുകയുള്ളു.

റാണിയുടെമേലുള്ള അവകാശം അയാൾ തീറെഴുതിക്കൊടുത്തുപോയി. അവൾ എവിടെ താമസിക്കണമെന്നും എന്തു ചെയ്യണമെന്നും തീർച്ചപ്പെടുത്താനുള്ള അവകാശം ഇനി ഭർത്താവിനാണ്. അവൻെറ താല്പര്യത്തിനു അവളും ബന്ധുക്കളും കീഴടങ്ങിയേ പററൂ.

എങ്കിലും അറുത്തകററുവാൻ വയ്യാത്ത സ്നേഹത്തിൻെറ മൗലികാവകാശം ജോസഫ് ആർക്കും തീറെഴുതിയിട്ടില്ല. അതിനെ ആദരിക്കുവാൻ മനുഷ്യർക്കേ കഴിയൂ. പണപ്പെട്ടികൾക്കതു സാദ്ധ്യമല്ല. സമ്പത്തിൻെറ ശാഖോപശാഖകളിൽ പാഞ്ഞുനടന്നു കണ്ണിൽക്കാണുന്നതൊക്കെ തപ്പിത്തിന്നുന്ന ജീവിയാണതു്.

പൂങ്കുയിലിൻെറ വിശ്വമോഹനമായ ഒരു ഗാനശകലത്തിനുവേണ്ടി കലാലോകം കാത്തിരിക്കാം. പക്ഷെ നിഷ്ഠുരനായ വ്യാധനു് അതു ഒരു നേരത്തെ കറിക്കുപോലും ഇറച്ചിയില്ലാത്ത ജീവിയാണ്. ലോകം ഭിന്നരുചിയല്ലേ? ഈ വൈരുദ്ധ്യങ്ങളുടെ സമ്മർദ്ദത്തെ അതിജീവിക്കുക ദുർഘടമാണ്.

ഒരു യന്ത്രത്തെപ്പോലെ ജോസഫ് നടന്നകന്നു. ഇടറുന്ന പാദങ്ങളും പതറുന്ന ചിന്തകളും. പകലിൻെറ പരിപൂർണ്ണതയിലും ഇരുട്ടിൻെറ കനത്ത പാളികൾ തൻെറമുമ്പിൽ വിരിഞ്ഞുവീഴുന്നതായി അയാൾക്കു തോന്നി.

IV

ജോസഫ് രോഗശയ്യയിലാണ്. ബന്ധുമിത്രാദികൾ പലരും അയാളെ വന്നുകണ്ടു. ന്യൂമോണിയായാണ്. അത്ര നിസ്സാരമല്ലെന്നാണ് ഡോക്ടരുടെ അഭിപ്രായം.

റാണി വന്നില്ല. അവളെ അറിയിക്കേണ്ടെന്നാണ് ജോസഫിൻെറ അഭിപ്രായം. കൂട്ടിലടയ്ക്കപ്പെട്ട ഒരു പക്ഷിയാണവൾ. ആരും തുറന്നുവിടുകയില്ല. അവൾ അവിടെയിരുന്നു വിങ്ങിപ്പൊട്ടും. ആ ഹൃദയം തകരും.

എങ്കിലും ബന്ധുക്കൾ അതു കൂട്ടാക്കിയില്ല. അവർ റാണിയെ വിവരമറിയിക്കാൻ ആളയച്ചു.

"അതൊക്കെ വെറും വിളച്ചിലാണേ. പെണ്ണിനെ കൊണ്ടുപോയി പൂത്താനിക്കാനുള്ള വിദ്യ" അമ്മായിയമ്മ കട്ടായമായി പറഞ്ഞു. മററുള്ളവർ അതു ശരിവച്ചു.

റാണി കരഞ്ഞതു നന്നായി. അവളുടെ ഹൃദയം തുള്ളിത്തുള്ളിയായി ഒഴുകുകയായിരുന്നു. ദിവസങ്ങൾ പിന്നേയും നീങ്ങി.

Chakolas
SILK HOUSE
TRICHUR-ERNAKULAM
കല്യാണ സാരികൾ
ആധുനാത്യത്തിന്നും അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.

വീട്ടിൽനിന്നു വീണ്ടും ആൾ വന്നു. ജോസഫിനു രോഗം വളരെ കൂടുതലാണെന്നറിയിച്ചു. അന്നും റാണിയെ വിട്ടില്ല. "അങ്ങോട്ടുപോയാൽ പിന്നേം ശങ്കരൻ തെങ്ങേലാകും; പെണ്ണു മടിച്ചിയാകും. പാട്ടുംപാടി തുള്ളിക്കളിച്ചു നടന്നോളും." അതിൽ അവിടെയാർക്കും അഭിപ്രായാന്തരമില്ല.

അന്നുരാത്രി റാണിക്കുറക്കംവന്നില്ല. അവളുടെ പ്രിയപ്പെട്ട സഹോദരൻ വേദനയുടെ തീച്ചൂളയിലാണ്. മരണത്തിൻെറ വായിലാണ്. ഒരുനോക്കു കാണുവാൻ അവൾക്കവസരമില്ലെന്നോ? ആ വരണ്ട ചുണ്ടൊന്നു നനയ്ക്കുവാൻ, വിളറിയ കവിൾത്തടത്തിൽ ചുംബിക്കുവാൻ, വിറങ്ങലിച്ച കൈത്തണ്ടകൾ തലോടുവാൻ......

ഉറക്കത്തിൻെറ പിടിയും വലിയും നടന്നു. അവൾ കിനാവുകണ്ടു ജോസഫ് മരിച്ചുപോയെന്നു്, ആ ശവമടക്കിനുപോലും അവളെ വിട്ടില്ലെന്നു്. അതൊരു പരമാർത്ഥമായിരിക്കുമോ?

റാണി കതകുതുറന്നു മുററത്തേക്കു നോക്കി. രാത്രിയുടെ അന്ത്യയാമം. വൃക്ഷശിഖരങ്ങൾ ഒന്നും ചലിക്കുന്നില്ല. കുളിർകാററുപോലും ഉറഞ്ഞുപോയി. മരവിച്ച നിശ്ശബ്ദത. നക്ഷത്രങ്ങൾ മാത്രം കത്തിച്ച മെഴുകുതിരികൾപോലെ തിളങ്ങുന്നുണ്ട്; ഇന്നലെയുടെ ശവകുടീരത്തിൽ അവ കരയുകയാവാം. പ്രകൃതിയിലെ ഭയങ്കരമായ ശ്മശാനരംഗം!

റാണി തീരുമാനിച്ചു, എന്തുവന്നാലും വീട്ടിലേക്കു പോകുകതന്നെ. പ്രപഞ്ചത്തിലെ സകലപ്രതിബന്ധങ്ങളും ഹിമാലയംപോലെ അവളുടെ മുമ്പിൽ ഉയർന്നുയർന്നുകൊള്ളട്ടെ. എല്ലാം തട്ടിത്തകർക്കുവാൻ തൻെറ അന്തരാത്മാവിനു കരുത്തുണ്ടെന്നു് അവൾക്കുതോന്നി.

അവൾ ശബ്ദമുണ്ടാക്കാതെ പെട്ടിതുറന്നു ഡ്രസ്സു മാറി. ആഭരണങ്ങൾ യാതൊന്നുമെടുത്തില്ല. ഒരു പൂച്ചയുടെ നിശ്ശബ്ദതയോടെ റാണി പുറത്തേക്കിറങ്ങി.

പൂർവ്വദിക്കിലെ വെളിച്ചത്തിൻെറ വാതിലിൽക്കൂടെ പുലരി നടന്നടുക്കുകയായിരുന്നു. പക്ഷികളായ പക്ഷികളെല്ലാം ചിലച്ചുതുടങ്ങി. അവർ ഭാഗ്യം പിറന്ന കൂട്ടരാണ്. ആ ചിറകൊന്നു വിരിച്ചാൽ എവിടെയും ചെന്നെത്താം.

റാണി തിരിഞ്ഞുനോക്കാതെ നടന്നു. അവൾ ബസ്സ്സ്റ്റാൻഡിലെത്തിയപ്പോൾ വെളിച്ചം നാലുപാടും വീശിയിരുന്നു.

x x x

ആ രാത്രിയിൽ പലവുരു ജോസഫ് റാണിയെ അന്വേഷിച്ചു. അവളെ കൊണ്ടുവരുവാൻ പിന്നെയും ആൾ പോയി.

നെടുവീർപ്പുകൾ! നീണ്ടനെടുവീർപ്പുകൾ ജോസഫിനെ ബോധഹീനനാക്കി. നിശ്ചേഷ്ടത! മരവിച്ച നിശ്ചേഷ്ടത!! അയാൾ മരണത്തിൻെറ മടിയിൽ ഉറങ്ങുകയാണോ?

ഡോക്ടർ വന്നു പരിശോധിച്ചു. അദ്ദേഹം ആശാവഹമായി ഒന്നും കണ്ടില്ല. അയൽപക്കത്തെ ഒരു സ്നേഹിതനെവിളിച്ച് അദ്ദേഹം രഹസ്യമായി പറഞ്ഞു. "നാളെ പത്തുമണിക്കകം ആരും അങ്ങോട്ടു വരണ്ടാ. വല്ലതും ചോദിച്ചെങ്കിൽ കൊടുത്തേക്കുക."

സാരമില്ലെന്നു പറഞ്ഞിട്ടു ഡോക്ടർ പോയി. അടക്കിയ തേങ്ങിക്കരച്ചിലുകൾ ആ കട്ടിലിനു ചുററും ഉയർന്നുകൊണ്ടിരുന്നു.

നേരം പുലർന്നു. എങ്കിലും പ്രഭാതത്തിൻെറ നിശ്ശബ്ദതയാണാ ഭവനത്തിൽ.

"അതാ റാണി വരുന്നു!" എല്ലാകണ്ണുകളും ഒരേ ലക്ഷ്യത്തിലേക്കു നീങ്ങി. എരിയുന്ന ഒരു മെഴുകുതിരിപോലെ റാണി വരികയാണ്. രാത്രിയിൽ അവളെ കൊണ്ടുവരുവാൻവേണ്ടി പോയിരിക്കുന്നയാൾ ഇനിയും വന്നിട്ടില്ല.

ആളുകൾ വട്ടംകൂടിനിന്ന ആ കട്ടിലിൻെറ സമീപത്തേക്ക് അവൾനീങ്ങി. ഒരു മഹാറാണിക്കെന്നതുപോലെ എല്ലാവരും അവൾക്കു വഴിമാറിക്കൊടുത്തു.

"എൻെറ മോളേ! രാവെളുപ്പോളം നിന്നെ വിളിച്ചു കരയുകാരുന്നു." തലയ്ക്കൽ നിന്ന ഒരു വല്യമ്മ പതംപറഞ്ഞു.

"ഒന്നുമിണ്ടാതിരിക്കരുതോ, അവളിങ്ങുവന്നല്ലോ" വിവേകിയായ ഒരു മദ്ധ്യവയസ്കൻ അവരെ ശാസിച്ചു.

റാണി അതൊന്നും കേട്ട ഭാവമേയില്ല. ഒരു തപസ്വിനിയുടെ ഗാംഭീര്യത്തോടെയാണു അവൾ രോഗശയ്യയെ സമീപിച്ചതു്. അവൾ അലച്ചുനിലവിളിച്ചില്ല. പതംപറഞ്ഞു കരഞ്ഞില്ല. ആ നീലോല്പലനയനങ്ങളിൽ ഒരു തുള്ളികണ്ണുനീരുപോലുമില്ല; വരണ്ടുവററിയ കാട്ടരുവിപോലെയിരുന്നു.

"എന്തൊരു കടുപ്പക്കാരത്തി" ചില പെണ്ണുങ്ങൾ പരസ്പരം ചെവിയിൽ മന്ത്രിച്ചു. "ഞാനാരുന്നെങ്കിൽ കരഞ്ഞു കരഞ്ഞു തളന്നേനെ."

അവൾ നിലത്തുമുട്ടുകുത്തിക്കൊണ്ട് ആ കിടക്കയിലേക്ക് കുനിഞ്ഞു. ഒരു പിടി അസ്ഥിപഞ്ജരമായി അവിടെക്കണ്ട സഹോദരൻെറ കഴുത്തിൽ അവൾ കെട്ടിപ്പിടിച്ചു. ആ ചുടുതുമിനുത്ത ചു

(ശേഷം 10-ാംപേജിൽ)

Wednesday
JUNE 19
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2298
Vol. 30
No. 43

# ബാലരംഗം



വി. ബ്രിജീത്താ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,

ബാലികയായ ബ്രിജീത്താ ആ ക്രൂരനായ യജമാനന്റെ കീഴിൽതന്നെ ജീവിക്കാതെ തരമില്ലല്ലോ. പല വിധത്തിലുള്ള സങ്കടങ്ങൾ സഹിച്ചു അവൾ അവിടെ ജീവിതത്തിലെ ദിവസങ്ങൾ തള്ളിനീക്കിക്കൊണ്ടിരുന്നു. അക്കാലത്തു ജീവകാരുണ്യമനോഭാവം വെറുക്കപ്പെട്ട ഒരു മാനസികദൗർബ്ബല്യതയായിട്ടാണ് സാധാരണ കരുതിപോന്നിരുന്നതു്. സഹിക്കുന്നവൻ സഹിക്കണം. അതവന്റെ വിധിയാണ്. അവനെ സമാശ്വസിപ്പിക്കുവാൻ ആർക്കും കടമയില്ല. ഇതായിരുന്നു പുരാതനലോകത്തിന്റെ സിദ്ധാന്തം. ക്രിസ്തുമതത്തിന്റെ ആവിർഭാവത്തോടുകൂടിയാണ് ഈ സ്ഥിതി യൂറോപ്പിൽ വ്യത്യാസപ്പെട്ടതു്. അവശരേയും നിരാലംബരേയും സഹായിക്കുന്നതിനും സമാശ്വസിപ്പിക്കുന്നതിനുമുള്ള ക്രിസ്തുവിന്റെ സന്ദേശം അവർക്കു ഒരു പുതിയ വേദാന്തമായി തോന്നിയിരുന്നു. പക്ഷെ അവിടുന്നു അക്കാര്യത്തിൽ യാതൊരയവും അനുവദിച്ചില്ല. "ഈ ചെറിയവരിൽ ഒരുത്തനുവേണ്ടി ചെയ്തതു് എനിക്കുതന്നെ ചെയ്തതായി ഞാൻപരിഗണിക്കു"മെന്നും "എന്റെ നാമത്തിൽ കൊടുക്കുന്ന ഒരു കോപ്പ പച്ചവെള്ളത്തിനുപോലും തക്ക പ്രതിസമ്മാനം ലഭിക്കാതിരിക്കുകയില്ല" എന്നും അവിടുന്നു വാഗ്ദാനം ചെയ്തു. ഈ ആദർശമാണു ക്രിസ്തീയസമൂഹത്തിൽ ഒരു ചൈതന്യവിശേഷമായി നിലനിന്നിരുന്നതു്. അതു കണ്ടിട്ടാണ് അക്രൈസ്തവർ അത്ഭുതപ്പെട്ടു പറഞ്ഞിരുന്നതു്: "നോക്കുക, അവർ എങ്ങിനെ പരസ്പരം സ്നേഹിക്കുന്നു" എന്നു്.

പരസ്നേഹത്തിന്റെ ഈ പ്രമാണം ശൈശവത്തിലേതന്നെ ബ്രിജീത്താ നല്ലവണ്ണം പഠിച്ചു. കഴിവുള്ള എല്ലാ സഹായങ്ങളും ശുശ്രൂഷകളും സാധുക്കൾക്കും അവശക്കുംവേണ്ടി അവൾ ചെയ്തിരുന്നു. അയൽവക്കത്തു ഒരു രോഗിയുണ്ടെങ്കിൽ അവൾ അയാൾക്കു പാലു കൊണ്ടുപോയി കൊടുക്കും. പലപ്പോഴും ഇക്കാരണത്താൽ കൂട്ടുജോലിക്കാരുടെ ധിക്കാരപരമായ ഭത്സനങ്ങൾക്കും ഉപദ്രവങ്ങൾക്കും അവൾ വിധേയയായിട്ടുണ്ടു്. എങ്കിലും അവൾ പുറകോട്ടു പോയില്ല. ആരെങ്കിലും ദരിദ്രർ സഹായത്തിനായി വന്നാൽ എന്തെങ്കിലും കൊടുക്കാതെ അവരെ മടക്കിഅയക്കുകയില്ല അവൾ. പണമായിട്ടോ ഭക്ഷണമായിട്ടോ ഒന്നും കൊടുക്കാനില്ലെങ്കിൽ കൈയിൽ കിട്ടിയതു് അവൾ എടുത്തു കൊടുത്തുപോകും. ഇതിലും പല കുഴപ്പങ്ങളും അവൾക്കുണ്ടാകാതിരുന്നില്ല. അതിൽ അവൾക്കു പരാതിയില്ല. അത്ര ആർദ്രവും സ്നേഹപൂരിതവുമായിരുന്നു അവളുടെ പിഞ്ചു ഹൃദയം. എത്ര നല്ല ഹൃദയം! ഈദൃശമായ ഒരു മനസ്ഥിതി നമ്മിലും കൈവളർത്തുവാൻ ശ്രമിക്കേണ്ടതല്ലേ? ചീത്തക്കുട്ടികൾ ഭിക്ഷയാചിച്ചുവരുന്ന പാവപ്പെട്ടവരെ കളിയാക്കുന്നതിനും അവരെ നിന്ദിക്കുന്നതിനും തയ്യാറാകുന്നതു നാം ചിലപ്പോൾ കാണാറുണ്ടു്. അവരുടെ ദയനീയസ്ഥിതി മനസ്സിലാക്കിയാൽ ഇതെത്രവലിയ തെററാണെന്നു ഗ്രഹിക്കുവാൻ നമുക്കു കഴിയും. ഇന്നവർ യാചകരായിരിക്കുന്നു. നാം സമൃദ്ധിയിൽ സുഖിക്കുന്നു. അവരുടെ സ്ഥാനത്തു നാമായിരിക്കാൻ പാടില്ലാത്തതാണോ എന്നും നമ്മുടെ സ്ഥാനത്തു് അവർ ആയിരിക്കാൻ പാടില്ലായിരുന്നോ എന്നും ചിന്തിക്കുകയാണെങ്കിൽ നമുക്കു ഭയം തോന്നിയേക്കാം. ഭയപ്പെടാനല്ല ആ ചിന്ത നമ്മെ പ്രേരിപ്പിക്കേണ്ടതു്; സാധുക്കളോടു ഹൃദയപൂർവ്വകമായ അനുകമ്പ തോന്നുവാനായിരിക്കണം. അവരെ കാര്യമായി സഹായിക്കാൻ നമുക്കു തല്ക്കാലം കഴിവില്ലെങ്കിലും നമ്മുടെ സഹതാപവും ചില നല്ല വാക്കുകളും അവർക്കു വളരെ ആനന്ദം നൽകാതിരിക്കയില്ല. അവർക്കു വീട്ടിൽനിന്നും നൽകുന്ന "ഭിക്ഷ" അപ്പച്ചനോടോ അമ്മച്ചിയോടോ നിങ്ങൾതന്നെ വാങ്ങി പാടുള്ളവേഗത്തിൽ അവർക്കു കൊടുത്തുവിടുകയാണെങ്കിൽ അവരുടെ ഹൃദയത്തിൽ എന്തൊരാനന്ദമായിരിക്കും ഉണ്ടാവുക. ചില ഭവനങ്ങളിൽ ഈ പാവപ്പെട്ടവർ വന്നു വളരെനേരം കാത്തുനിന്നു യാതൊരു സമാധാനവും ലഭിക്കാതെ മടങ്ങിപ്പോകാറുണ്ടു്. കാരണവന്മാരും എന്തെങ്കിലും ചെയ്യുന്നതിനു അധികാരമുള്ളവരും ഒരുപക്ഷെ അവരുടെ സാന്നിദ്ധ്യം അറിയാതിരുന്നിട്ടാവാം; അഥവാ, അവർ ഏതെങ്കിലും ബദ്ധപ്പാടിലായിരുന്നിട്ടും വരാം. അതേസമയം അവിടെ കുട്ടികൾ കളിയിലോ പഠനത്തിലോ ഏർപ്പെട്ടിരിക്കുന്നുണ്ടാവും. അതു ഞങ്ങളുടെ കാര്യമല്ല എന്ന മനോഭാവത്തോടെ അവർ അവരുടെ പ്രവൃത്തി തുടരുകയായിരിക്കും. ഇതു കുററകരമായി പറയപ്പെട്ടില്ലെങ്കിലും അനുകമ്പയില്ലാത്ത ഒരു പെരുമാററമല്ലെന്നു ആർക്കെങ്കിലും പറയാൻ സാധിക്കുമോ?

വല്യേട്ടൻ.



ബ്രിജീത്താ നിരാലംബരായ സാധുക്കൾക്കു പാലു കൊണ്ടുപോയി കൊടുക്കുന്നു. അവളുടെ സാധുസംരക്ഷണം.



സാധുക്കൾക്കു കൊടുക്കാൻ ഒന്നും കാണാതിരുന്നതുകൊണ്ടു കോഴിയെ പിടിച്ചുകൊടുക്കുന്നു.

## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No.
176 എൻ. ജെ. സെബാസ്റ്റ്യൻ, നെല്ലൻകുഴിയിൽ കരിങ്കുന്നം
177 കെ. എഫ്. തോമ്മസ് കീഴക്കേപന്നൂർ, പുളിങ്കുന്നു്
178 ത്രേസ്യാമ്മ കൊച്ചുമററം, തൃക്കൊടിത്താനം
179 എൻ. ജെ. മെഴ്സി നടുക്കുടി, വാഴപ്പിള്ളി, മൂവാററുപുഴ
180 ജോസഫ് ജോൺ മാടമന മുട്ടം, ചേർത്തല

## 120-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—വിനയം

## പ്രശ്നം നമ്പ്ര് 121

(കെ. എഫ്. തോമസ്
കീഴക്കേപന്നൂർ
Reg. No. 177)

ഞാൻ എല്ലാവർക്കും അവശ്യം വേണ്ട ഒരു ഗുണമാണ്. പ്രത്യേകിച്ചു് വിദ്യാർത്ഥികൾക്കു ഞാനൊരു ഭൂഷണവും വിജയമാർഗ്ഗവുമാണ്. എന്റെ പേരിനു അഞ്ചക്ഷരമുണ്ടു്. ഒന്നും, നാലും, അഞ്ചും അക്ഷരങ്ങൾ ചേർന്നാൽ അതു നിരുപദ്രവിയായ ഒരു ഇഴജന്തുവിന്റെ പേരാകും. രണ്ടും അഞ്ചും അക്ഷരങ്ങൾ ചേർന്നാൽ അതൊരു സാധാരണ ദുർഗ്ഗുണമാകും. ഒന്നാമത്തെ അക്ഷരം അവിടെയിലുണ്ടു്, രണ്ടാമത്തേതു് നുരയിലുണ്ടു്, മൂന്നാമത്തേതു് സന്തോഷത്തിലുണ്ടു്, നാലാമത്തേതു് വരയിലുണ്ടു്, 5-ാമത്തേതു് വീണയിലുമുണ്ടു്. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## "നീറുന്ന ചിന്തകൾ"

(റോസമ്മ കൊച്ചുമററം,
തൃക്കൊടിത്താനം Reg. No. 170)

ഒരു മതിഹരസായാഹ്നം. അരുണന്റെ പൊൻമരീചികയുടെ ചുംബനത്താൽ പച്ചിലകൾപോലും ചെന്നിറംപൂണ്ടു. പൊൻവയൽമീതെ തുമ്പികളാർത്തുല്ലസിക്കുന്നു. വെട്ടിത്തിളങ്ങുന്ന പാറക്കെട്ടുകൾക്കിടയിൽക്കൂടി കൊച്ചരുവികൾ പതറിപ്പതഞ്ഞൊഴുകുന്നു. ഉത്തപ്പുരലുകൾ അവയിൽ കൂത്താടുന്നു. സായാഹ്നമാരുതൻ എല്ലാററിനേയും തട്ടിയുണർത്തിക്കൊണ്ടങ്ങോട്ടോ ഓടി. കുരുവികളുടെ മോഹനഗാനവും അന്തരീക്ഷത്തിൽ അലയടിക്കുന്നുണ്ടു്. ഒരു പാറക്കെട്ടിന്റെ മുകൾത്തലത്തിൽ ഒരു ബാലൻ ചിന്താമഗ്നനായിരിക്കുന്നു. അവന്റെ മുഖത്തു് വിഷാദം മായാതെ നിൽപ്പുണ്ടു്. നയനത്തിൽനിന്നും കണ്ണുനീർ മുത്തുമണികൾപോലെ പൊഴിഞ്ഞു് പാറക്കെട്ടിൽവീണു ചിന്നിച്ചിതറുന്നു. നീണ്ടുനീണ്ടുപോകുന്നതും, നീറിപ്പുകയുന്നതുമായ അവന്റെ ചിന്തകളെന്തായിരിക്കുമോ? ആർക്കറിയാം.

നീറുന്ന വികാരങ്ങൾ ആ പിഞ്ചുഹൃദയത്തെ കരണ്ടുകൊണ്ടിരിക്കുകയാണ്. അവന്റെ നേത്രങ്ങൾ ആകാശത്തേക്കുയന്നു. വിസ്തൃതാംബരക്കോണിൽ നിശ്ചലമായിനിന്ന ചെമ്മാനപ്പാളികൾ കണ്ടപ്പോൾ അവനെ താലോലിക്കുകയും ചുംബിക്കുകയും അവനുവേണ്ടി വേദനിക്കുകയും ചെയ്ത രണ്ടോമനമുഖങ്ങൾ അവയ്ക്കപ്പുറത്തുനിന്നു് അവനെനോക്കി പുഞ്ചിരിക്കുന്ന പ്രതീതിയാണുളവായതു്. "അമ്മ...അപ്പാ..." അവൻ മാറിമാറി വിളിച്ചു. പ്രതീക്ഷകളുടെ പൂഞ്ചിറകുവിടർത്തിപ്പറന്ന ആ വാക്കുകൾ ആകാശവിതാനത്തിൽ തട്ടി ചിറകൊടിഞ്ഞവസാനിച്ചുകാണും; അല്ലെങ്കിലവന്റെ അമ്മച്ചിയുമപ്പച്ചനും എന്തേ മറുപടിപറഞ്ഞില്ല? അവരുടെ ജീവിതവാടിയിലെ വാടാമലരായ ആ ജോണിയെ അവരുപേക്ഷിച്ചുവോ? തീർച്ചയായുമില്ല.

ചുററും ശ്മശാനമൂകത. വേദനയുടെ കൂററൻപാറക്കെട്ടിന്റെ മുന്നിലേക്കു അവന്റെ ചിന്താതോണി തുഴയില്ലാതെ നീങ്ങുകയാണ്. മുട്ടിയുടയുമോ? എന്തോ. ഹാ! ഓർക്കുവാൻകൂടി വയ്യാത്ത ചിന്തകൾ! എരിയുന്ന സ്വപ്നം! തകരുന്ന ജീവിതം! എങ്ങനെ ചിന്തിക്കും? ഒരു കമ്മ്യൂണിസ്റ്റ് ക്രവ്യാദന്റെ ഭയങ്കര കഠാരിമുനയിൽ അവന്റെ പിതാവിന്റെ ജീവിതം അവസാനിച്ചു. കരഞ്ഞുകരഞ്ഞു് അവന്റെ അമ്മയുടേതും. എന്തു ഭയങ്കരം! കരയിക്കുന്ന സംഭവം. ഓ, എങ്ങനെ ചിന്തിക്കും? അവൻ പൊട്ടിക്കരഞ്ഞുപോയി.

പക്ഷികൾ സാന്ത്വനവാക്കുകളെന്നോണം എന്തൊക്കെയോ വിളിച്ചറിയിച്ചു കടന്നുപോയി. ജോണി പുസ്തകങ്ങളും അടുക്കിപ്പിടിച്ചുകൊണ്ടെഴുന്നേററു. മൂകതമുററിയതും മനുഷ്യഹൃദയങ്ങളെ ചിന്താസാഗരത്തിലേക്കു നയിക്കുന്നതുമായ ആ പ്രശാന്തപ്രദേശത്തോടു യാത്രപറഞ്ഞു് അവൻ മന്ദംമന്ദം നീങ്ങി.

വളഞ്ഞുപുളഞ്ഞ ഊടുവഴികളെ പിന്നിലാക്കി ജോണിയുടെ കുഞ്ഞിക്കാലുകൾ ഒരു വിശാലമായ റോഡിൽക്കൂടി പ്രയാണംചെയ്തു. അങ്ങകലെ വിസ്മരിക്കാനാവാത്ത ആ ചിഹ്നം, പച്ചിലകളണിഞ്ഞ വൃക്ഷക്കൊമ്പുകൾക്കിടയിൽ ദേവാലയമുഖവാരത്തെ കുരിശു് ഉയർന്നുനില്ക്കുന്നതവൻ കണ്ടു; ലോകത്തോടെന്തോ വിളിച്ചറിയിച്ചുകൊണ്ടു്. പാപികളുടെ രക്ഷയ്ക്കുവേണ്ടി മരിച്ച ക്രിസ്തുനാഥൻ ആ ഘോരഘാതകനേയും ഉദ്ധരിക്കാതിരിക്കയില്ല. അവൻ ആശ്വസിച്ചു. അവന്റെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുമോ? എന്തോ.

"അയാളൊന്നു മാനസാന്തരപ്പെട്ടിരുന്നെങ്കിൽ.... ഞങ്ങളിരുവരും ക്രിസ്തുനാഥന്റെ മോഹനത്തോണിയിലൊന്നുചേർന്നെങ്കിൽ..." അവന്റെ ഏകാഭിലാഷമതാണ്.

ജോണിയുടെ നടപ്പിനു വേഗതകൂടി. അവനെ ഓമനിച്ചുവളർത്തുന്ന വികാരിയച്ചൻ, അവൻ താമസിച്ചതുകൊണ്ടു് സങ്കടത്തോടുകൂടി കാത്തിരിക്കുകയായിരിക്കും. അവൻ താമസിച്ചാൽ അച്ചൻ സങ്കടപ്പെടുമെന്നവനറിയാം. അവനതിവേഗം നടന്നു. അവനോടൊപ്പം കാർമേഘങ്ങളും ചന്ദ്രനെ മറയ്ക്കുവാൻ ദ്രുതഗതിയിലോടുകയാണ്; കണ്ണുപൊത്തിക്കളിക്കാനോടുന്ന കുട്ടികളെപ്പോലെ.

വൻതമസ്സു് പ്രകൃതിയിലങ്ങുമിങ്ങും മുററിനിന്നു. മിന്നാമിനുങ്ങു് മങ്ങിയ പ്രകാശവുമായി അങ്ങുമിങ്ങും ഓടിനടന്നു. ജോണി അച്ചനെ സമീപിച്ചു. അച്ചനവനെ കാത്തിരിക്കുകയായിരുന്നു. ജോണി താമസിച്ചതിന്റെ കാര്യം സങ്കടത്തോടുകൂടി അച്ചനെ അറിയിച്ചു. രണ്ടുപേരുടേയും കണ്ണുകൾ നിറഞ്ഞു. അവരിരുവരും ആനന്ദാഭിമുഖരായി ചില നിമിഷങ്ങളങ്ങനെ നിന്നുപോയി. "നിങ്ങൾ ദൈവത്തെക്കുറിച്ചു ചിന്തിക്കൂ" എന്നു വിളിച്ചറിയിച്ചുകൊണ്ടു് "ണാം...ണാം..." എന്ന മണിനാദം ചക്രവാളത്തിലേക്കു ചിറമുറിഞ്ഞൊഴുകി. ജോണിയും അച്ചനും പള്ളിയിൽ പ്രവേശിച്ചു. ബലിപീഠത്തിന്റെ മുന്നിൽ മുട്ടുകുത്തി, പ്രാർത്ഥനാനിരതരായി.

x x x

അർദ്ധരാത്രിസമയം. എങ്കിലും മങ്ങിയ ചന്ദ്രപ്രകാശമുണ്ടു്. ഭയങ്കരമായ ഏകാന്തത. ജോണി അസ്വസ്ഥനായി ചിന്താസാഗരത്തിൽക്കൂടി നീന്തിത്തുടിക്കുകയാണ്. നീറുന്ന ചിന്തകൾ! അവൻ കിടക്കയിൽനിന്നെണീററു് മുട്ടുകുത്തി പ്രാർത്ഥിച്ചു. ഒരു കുളിർകാ

(ശേഷം 4-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-I